# താമരമൊട്ടുകൾ

വാല്യം 27 | ഒക്ടോബർ 2025 | ലക്കം 10 | Price ₹20



ലാളിത്യത്തിന്റെ മുഖം

യാത്രയായി...

താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## October 2025

| | | |
|---|---|---|
| 01 | 06.30 | Thamarassery |
| 02 | 10.00 | Engapuzha |
| | 17.30 | Kozhikode |
| 03 | | Prayer Day |
| 04 | 06.00 | Thamarassery |
| | 08.00 | Koorachundu |
| 05 | | Koorachundu |
| 06 - 11 | | Engaged |
| 12 | | Vettathur |
| 13 | 06.30 | Thamarassery |
| | 16.00 | Kasaragod |
| 14 | 09.00 | Thalassery |
| 15 | 10.00 | Thamarassery |
| | 18.00 | Chathangottunada |
| 16 | 06.30 | Kodanchery |
| | 10.00 - 16.00 | Office Day |
| | 18.00 | Panthallur |
| 17 | | Prayer Day |
| | 18.00 | Koodathai |
| 18 - 19 | | Mumbai |
| 20 | 10.30 | Thamarassery |
| | 17.00 | Payyanad |
| 21 | 10.30 | Thiruvambady |
| | 18.00 | Vadakara |
| 22 | | Office Day |
| | 18.00 | Nooramthode |
| 24 | 10.00 | Trivandrum |
| 25 | 10.00 | Pullurampara |
| 26 | | Kadalundi |
| 27 - 30 | | Abroad |

വാല്യം 27 താമരമൊട്ടുകൾ ഒക്ടോബർ 2025 ലക്കം 10

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



"കർത്താവേ,
എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഉപകരണമാക്കണമെ"

വി. ഫ്രാൻസിസ് അസ്സീസി

നാമഹേതുക

# തിരുനാളാശംസകൾ




ഒക്ടോബർ 1 ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്**
താമരശ്ശേരി രൂപതാ കുടുംബത്തിന്റെ
**പ്രാർത്ഥനാശംസകൾ!**


ബൽത്തങ്ങാടി രൂപതയുടെ നിയുക്ത മെത്രാൻ
മോൺ. ജെയിംസ് പട്ടേരിലിന്
താമരശ്ശേരി രൂപതയുടെ
അഭിനന്ദനങ്ങളും പ്രാർത്ഥനകളും...


നാമഹേതുക തിരുനാൾ
ആശംസകൾ
മോൺ. അബ്രഹാം വയലിൽ
ഒക്ടോബർ 09

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 686 |
| 2. | പ്രോഗ്രാം ഒക്ടോബർ 2025 | 688 |
| 3. | സർക്കുലർ, സമുദായ ശക്തീകരണ വർഷം-2026 | 689 |
| 4. | ഇടയലേഖനം | 694 |
| 5. | സർക്കുലർ, ആഗോള പ്രേഷിതദിനം | 697 |
| 6. | സിനഡനന്തര സർക്കുലർ | 704 |
| 7. | സർക്കുലർ 23/2025, റൂബി ജൂബിലി | 710 |
| 8. | സർക്കുലർ 24/2025 | 712 |
| 9. | ഹൃദയപൂർവം 5/2025 | 714 |
| 10. | കച്ചേരിക്കാര്യം | 717 |
| 11. | സ്മരണാഞ്ജലി | 718 |
| 12. | പാവനസ്മരണയ്ക്ക് | 719 |
| 13. | വിശ്വാസപരിശീലനം | 720 |
| 14. | മദ്ബഹ ശുശ്രൂഷാസംഘം | 724 |
| 15. | സെമിനാരി വാർത്തകൾ | 725 |
| 16 | ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം | 726 |
| 17. | കെ.സി.വൈ.എം-എസ്.എം.വൈ.എം | 728 |
| 18. | എയ്ഡർ എഡ്യൂകെയർ | 730 |
| 19. | ജോൺ പോൾ കക ഇൻസ്റ്റിറ്റ്യൂട്ട് | 731 |
| 20. | സ്റ്റാർട്ട് | 732 |
| 21. | വിദ്യാഭ്യാസരംഗം | 733 |
| 22. | മരിയൻ പ്രോലൈഫ് മൂവ്മെന്റ് | 735 |
| 23. | യൂദിത്ത് ഫോറം | 736 |
| 24. | മാതൃവേദി | 736 |
| 25. | കരുണാഭവൻ | 737 |
| 26. | ജീസസ് ഫ്രട്ടേണിറ്റി | 737 |
| 27. | കത്തോലിക്ക കോൺഗ്രസ് | 737 |
| 28. | കരിസ്മാറ്റിക് മൂവ്മെന്റ് | 740 |
| 29. | ബഥാനിയ ധ്യാനകേന്ദ്രം | 742 |
| 30. | വികസനവേദി | 745 |
| 31. | ലീഡർഷിപ്പ് ഡെവലപ്പ്മെന്റ് സൊസൈറ്റി | 747 |
| 32. | യേശുനിധി | 750 |
| 33. | അജപാലനക്കുറിപ്പുകൾ | 751 |

# Birthday Greetings

**Rev. Fathers**

| | | |
|---|---|---|
| Antheenadu Joseph | **October** | 04 |
| Puthiyaparambil Sebastian | | 04 |
| Thadathil Mathew | | 04 |
| Mangarayil Scaria | | 05 |
| Chakkittamuriyil Thomas (Jr) | | 12 |
| Karintholil George | | 14 |
| Kottarathil Joseph | | 16 |
| Vamattathil James | | 20 |
| Cherickal James | | 21 |
| Manjakazhakunnel Joseph | | 21 |
| Aranjaniolickal Joseph (Jr) | | 23 |
| Panachickal Mathew | | 24 |
| Kuzhikattumyalil Joseph | | 25 |
| Thundathil Scaria | | 25 |
| Valloppilly Simon | | 26 |
| Kalapurackal Joseph | | 29 |
| Chembuthoockil Mathew | | 30 |

**Mar Remigiose Inchananiyil**

# Feast Day Greetings

| | | |
|---|---|---|
| **Bp. Mar Remigiose Inchananiyil** | **October** | **1** |
| **Rev. Fathers** | | |
| Kaviyil Francis | | 4 |
| Kochumundanmalayil Francis | | 4 |
| Naduvathettu Francis | | 4 |
| Puthiyedath Francis | | 4 |
| Vellamackal Francis | | 4 |
| Anikudiyil Abraham | | 9 |
| Kavilpurayidathil Abraham | | 9 |
| Kochilath Abraham | | 9 |
| Mazhuvanchery Abraham | | 9 |
| Pulinchuvattil Abraham | | 9 |
| Srambickal Abraham | | 9 |
| Valloppilly Abraham | | 9 |
| Vayalil Abraham | | 9 |
| Kavil Rony Paul | | 18 |

Mar Remigiose Inchananiyil

# പ്രോഗ്രാം ഒക്ടോബർ 2025

| | | |
|---|---|---|
| 01 | ബുധൻ | **വി. കൊച്ചുത്രേസ്യ, വി. റെമീജിയോസ്**<br>*രൂപതാധ്യക്ഷന്റെ നാമഹേതുക തിരുനാൾ* |
| 02 | വ്യാഴം | കാവൽമാലാഖ |
| 04 | ശനി | വി. ഫ്രാൻസിസ് അസ്സീസി |
| | | **ചരമദിനം : ഫാ. ജെയിംസ് മുണ്ടക്കൽ (2014)** |
| 07 | ചൊവ്വ | **ചരമദിനം : ഫാ. മാണി കണ്ടനാട്ട് (2018)** |
| 14 | ചൊവ്വ | ആവിലായിലെ വി. ത്രേസ്യ |
| 16 | വ്യാഴം | വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | വെള്ളി | അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ് |
| 18 | ശനി | വി. ലൂക്കാ സുവിശേഷകൻ |
| 20 | തിങ്കൾ | **മിഷൻ ഞായർ** |
| 20 | തിങ്കൾ | **ചരമദിനം : ഫാ. ഫ്രാൻസീസ് കള്ളികാട്ട്** |
| 21 | ചൊവ്വ | വി. ജോൺ പോൾ രണ്ടാമൻ |
| 25 | ശനി | **ചരമദിനം : ഫാ. മാത്യു തകിടിയേൽ** |
| 28 | ചൊവ്വ | ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ |
| 29 | ബുധൻ | **ചരമദിനം : ഫാ. പോൾ പുത്തൻപുര** |

*Prot. No. 0711/2025*

# സമുദായ ശക്തീകരണവർഷം-2026

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാ വരോടുംകൂടെ ഉണ്ടായിരിക്കട്ടെ!*

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖ സഭയും ലോകവും തമ്മിലുള്ള ബന്ധം ഇങ്ങനെയാണ് അവ തരിപ്പിക്കുന്നത്. സഭയും ലോകവും രണ്ടു വ്യത്യസ്ത ധ്രുവങ്ങളിൽ നില്ക്കു ന്ന യാഥാർഥ്യങ്ങളല്ല.ലോകത്തിന്റെ മൂല്യക്രമമല്ല പിന്തുടരുന്നതെങ്കിലും സഭ ലോകത്തിലാണ് നിലനില്ക്കുന്നത്. ലോകത്തെ ദൈവരാജ്യത്തിനായി തയ്യാറാക്കുകയാണ് സഭയുടെ ദൗത്യം. ആത്മീയശുശ്രൂഷകൾ പരികർമം ചെയ്യുന്നതിലൂടെ മാത്രം ഈ ദൗത്യം പൂർത്തിയാകുന്നില്ല. മനുഷ്യനന്മ കേന്ദ്രീ കരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും സഭയുടെ ദൗത്യനിർവഹണത്തിന്റെ ഭാഗ മാണ്. ദൈവികപദ്ധതിയനുസരിച്ചു മനുഷ്യസമൂഹത്തെ സത്യത്തിലും നീതി യിലും സ്നേഹത്തിലും ഉറപ്പിക്കാനുള്ള കടമയും അതിൽ ഉൾപ്പെടുന്നുണ്ട്. ദൈവജനത്തിന്റെ ഭൗതിക ആവശ്യങ്ങളിലും അനുദിന ജീവിതമേഖലക ളിൽ അവർ നേരിടുന്ന വെല്ലുവിളികളിലും സഭയുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. ഈ ഉത്തരവാദിത്വനിർവഹണത്തിന്റെ ഭാഗമായി, സീറോ മലബാർ സഭാംഗ ങ്ങളുടെ സാമൂഹിക, സാംസകാരിക, സാമ്പത്തിക പരിതസ്ഥിതിയെക്കു റിച്ചു യാഥാർഥ്യബോധത്തോടെ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാന ത്തിലാണ് 2025 ജനുവരിയിൽ ചേർന്ന സഭയുടെ മെത്രാൻ സിനഡ് 2026 സമുദായ ശക്തീകരണവർഷമായി പ്രഖ്യാപിച്ചത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നടത്തിയ നിയതമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷമാണു സീറോമലബാർസഭയിൽ ഇപ്രകാരമൊരു വർ ഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. സർക്കാർതലത്തിലും സഭാതലത്തിലും സമീപകാലങ്ങളിൽ നടത്തപ്പെട്ട സർവേകളും പഠനറിപ്പോർട്ടുകളും സഭയുടെ

പബ്ലിക് അഫയേഴ്സ് കമ്മീഷൻ വിശദമായി പഠിച്ചു. ക്രൈസ്തവർ സമകാലിക സമൂഹത്തിൽ ശ്രദ്ധപതിപ്പിക്കേണ്ട വിവിധ മേഖലകളെയും ഒരു സമൂഹമെന്നനിലയിൽ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും കുറിച്ചുള്ള പഠനങ്ങൾ സിനഡുസമ്മേളനങ്ങളിലും 2024 ആഗസ്റ്റ് മാസത്തിൽ പാലായിൽ നടത്തിയ അഞ്ചാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും അവതരിപ്പിച്ചു. നമ്മുടെ ജനസംഖ്യയുടെ വളർച്ച, കാർഷികമേഖലയിലെ വെല്ലുവിളികൾ, സാമ്പത്തിക, വ്യാപാര, തൊഴിൽ മേഖലകളിലും സർക്കാരുദ്യോഗതലങ്ങളിലുമുള്ള നമ്മുടെ പ്രാതിനിധ്യം, വിദ്യാഭ്യാസ, രാഷ്ട്രീയ, സാമൂഹിക, മാധ്യമരംഗങ്ങളിലുള്ള നമ്മുടെ സാന്നിധ്യം, സർക്കാർ പദ്ധതികളിലും ആനുകൂല്യങ്ങളിലും നമുക്കു ന്യായമായി ലഭിക്കേണ്ട വിഹിതം തുടങ്ങിയ വിഷയങ്ങൾ ചർച്ചചെയ്തതിന്റെ വെളിച്ചത്തിൽ ഉയർന്നുവന്ന നിർദേശപ്രകാരമാണ് സമുദായ ശക്തീകരണവർഷം ആചരിക്കുന്നത്.

സമുദായം എന്ന പദം എന്തിനാണ് ഉപയോഗിക്കുന്നത്, സഭയെന്നുതന്നെ പറഞ്ഞാൽ മതിയാകുമല്ലോ എന്നു ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നാൽ, ക്രിസ്തീയ സമൂഹത്തിന്റെ സാമൂഹികതലങ്ങളെ പ്രത്യേകമായി എടുത്തുകാണിക്കുന്നതിനും ഭൗതികമേഖലക ളിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ വ്യക്തതയോടെ അവതരിപ്പിക്കുന്നതിനും സമുദായം എന്ന വാക്കാണ് കൂടുതൽ ഫലപ്രദം. ഒരു സഭയെന്നതിനൊപ്പം ഒരു സമുദായമായിക്കൂടി നമ്മെ മനസിലാക്കുമ്പോഴാണ് പൊതുസമൂഹത്തിൽ ഈ കൂട്ടായ്മയുടെ ആഭ്യന്തര കെട്ടുറപ്പും ഐക്യവും കൂടുതൽ ദൃഢമാകുന്നതും പോരായ്മകൾ കണ്ടെത്തി പരിഹരിക്കാനും പുതിയ മുന്നേറ്റങ്ങൾക്കു തുടക്കം കുറിക്കാനും നമുക്കു സാധിക്കുന്നതും. ചുരുക്കിപ്പറഞ്ഞാൽ സഭ എന്ന പദം ഉപയോഗിക്കുമ്പോൾ നമ്മുടെ സ്വാഭാവികചിന്തയിലേക്കുവരാത്ത സാമൂഹ്യജീവിതസാഹചര്യങ്ങൾ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് സമുദായം എന്ന വാക്കു ബോധപൂർവം ഉപയോഗിക്കുന്നത്. ഒരു ഹൃദയവും ഒരാത്മാവുമായിരുന്ന ആദിമക്രൈസ്തവസമൂഹത്തെയും (അപ്പ. 4:32) വിശ്വാസത്താൽ ഒരേ കുടുംബത്തിലെ അംഗങ്ങളായവർക്കു നന്മചെയ്യാനുള്ള (ഗലാ 6:10) പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തെയും ധ്യാനിക്കുമ്പോൾ, പരസ്പരം സ്നേഹിച്ചും പിന്തുണച്ചും ആത്മീയമായും ഭൗതീകമായും സഹായിച്ചും ഉദാത്തമായ ക്രിസ്തീയസാഹോദര്യത്തിൽ വളരുന്ന ഒരു സമുദായമായി നമ്മൾ മാറണമെന്ന ബോധ്യം കൈ വരുന്നു.

സമുദായ ശക്തീകരണവർഷാചരണം ഫലപ്രദമായി സംഘടിപ്പിക്കാനുള്ള ചുമതല സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷനെയാണ് സിനഡ് ഏല്പ്പിച്ചിരിക്കുന്നത്. നമ്മുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് ഈ ദൗത്യത്തിൽ കമ്മീഷന്റെ പ്രധാന സഹകാരിയാണ്. നമ്മുടെ സഭയിലെ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, പാസ്റ്ററൽ, ഫൊറോനാ, പാരിഷ് കൗൺസിലുകൾ, മാതൃവേദി, എസ്.എംവൈ.എം., മിഷൻലീഗ്, ഡി.സി.എം.എസ് തുടങ്ങിയ സഭാതല അത്മായസംഘടനകൾ, ഇവയ്ക്കു പുറമെയുള്ള രൂപതാതല സംഘടനകൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, സ്കൂൾ, കോളേജ് അധ്യാപകർ, ഉദ്യോഗസ്ഥർ, റിട്ട. ഉദ്യോഗസ്ഥർ, അഭിഭാഷകർ, ആരോഗ്യപ്രവർത്തകർ, കർഷകർ, വ്യാപാരിവ്യവസായികൾ എന്നിങ്ങനെ എല്ലാ തലത്തിലുമുള്ളവരുടെയും പൂർണമായ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടിയാണ് ഈ വർഷാചരണം നടത്താൻ ആഗ്രഹിക്കുന്നത്. സഭയിലെ അല്മായരും സമർപ്പിതരും പട്ടക്കാരും മേൽപ്പട്ടക്കാരുമെല്ലാം ഈ സമുദായത്തിന്റെ ഭാഗംതന്നെയാണല്ലോ.

ഈ വർഷാചരണത്തിന്റെ കർമപദ്ധതി പ്രാരംഭഘട്ടം, പ്രായോഗികഘട്ടം, അനുബന്ധഘട്ടം എന്നിങ്ങനെ മൂന്നുഘട്ടങ്ങളായാണ് വിഭാവനംചെയ്തിരിക്കുന്നത്. പ്രാരംഭഘട്ടം ഇന്ന് ഈ സർക്കുലർ വായനയോടുകൂടി ആരംഭിക്കുകയാണ്. 2025 ഡിസംബർ മാസാവസാനംവരെയാണ് പ്രാരംഭഘട്ടത്തിനായി നീക്കിവച്ചിരിക്കുന്ന സമയം. ഈ ഘട്ടത്തിൽ സമുദായവിഷയങ്ങളെക്കുറിച്ചുള്ള ബോധവത്കരണമാണ് നടത്തേണ്ടത്. അത് വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർഥികൾ, അല്മായർ എന്നിങ്ങനെ സഭയിലെ എല്ലാ തലങ്ങളിലുമുള്ളവർക്കായി നടത്തപ്പെടണം. രൂപതകൾ, ഇടവകകൾ, സെമിനാരികൾ, സമർപ്പിതസമൂഹങ്ങൾ, കോർപ്പറേറ്റ് മാനേജ്മെന്റുകൾ, അൺഎയ്ഡഡ് സ്കൂളുകൾ, കോളേജുകൾ, ഇതര വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ തങ്ങളുടേതായ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ ക്രമീകരിക്കണം. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കെ.സി.എസ്.എൽ, സി.എസ്.എം. തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ ഇതു നടപ്പിലാക്കാൻ സാധിക്കും.

സമുദായബോധവത്കരണത്തിനു സഹായകമാകത്തക്കവിധത്തിൽ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മനോഹരമായ ഒരു കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സമുദായ ശക്തീകരണ കർമപദ്ധതിയുടെ വിശദാംശങ്ങൾ ഇതിലുണ്ട്. രൂപതകളിൽ റിസോഴ്സ് ടീം രൂപീകരിച്ച് കൈപ്പുസ്തകത്തിന്റെ അടിസ്ഥാ

നത്തിൽ ബോധവത്കരണപ്രവർത്തനങ്ങൾ നടത്തണം. ദീപിക, ഷെക്കെയ്നാ, ശാലോം, ഗുഡ്നെസ് തുടങ്ങി സഭയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മുഖ്യധാരാമാധ്യമങ്ങളും ഓൺലൈൻ മാധ്യമങ്ങളും ഈ ബോധവത്കരണ പ്രക്രിയയിൽ സജീവപങ്കാളികളാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സമുദായം നേരിടുന്ന വെല്ലുവിളികളെ തിരിച്ചറിയുന്നതും അവയ്ക്കുള്ള പരിഹാരം കണ്ടെത്തുന്നതുമാണ് ഈ വർഷം ആചരിക്കുന്നതിലൂടെ നമ്മൾ ലക്ഷ്യമിടുന്നത്.

രണ്ടാംഘട്ടം പ്രായോഗികഘട്ടമാണ്. ഇത് 2026 ജനുവരി 6, ദനഹാത്തിരുന്നാളിൽ ഉദ്ഘാടനം ചെയ്യപ്പെടും. കൈപ്പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള കർമപദ്ധതികൾ പരമാവധി എല്ലാത്തലങ്ങളിലും നടപ്പിലാക്കിയെടുക്കുകയാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. അവയിൽ ചില കാര്യങ്ങൾ നമുക്ക് 2026ൽ ത്തന്നെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സാധിക്കും. അതേസമയം ചില കാര്യങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടവയും സാവധാനം ലക്ഷ്യത്തിലെത്തുന്നവയുമാണ്. സമുദായശക്തീകരണപ്രവർത്തനങ്ങൾ ഈ ഒരു വർഷംകൊണ്ട് അവസാനിപ്പിക്കേണ്ടവയല്ല, നിരന്തരം തുടരേണ്ടവയാണ്. അതിനാൽ, തുടർവർഷങ്ങളെ അനുബന്ധഘട്ടമായാണ് കണക്കാക്കുന്നത്. 2026ലെ വർഷാചരണം സമുദായശക്തീകരണത്തിന്റെ പ്രാരംഭനടപടിയും പ്രായോഗികപരിശീലനവും മാത്രമാണ്.

ഈ വർഷാചരണത്തിന്റെ ഫലപ്രദമായ നടത്തിപ്പിന് എല്ലാ രൂപതകളിലും ക്രമീകരണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഒരു വികാരി ജനറാളിന് വർഷാചരണത്തിന്റെ പ്രത്യേക ചുമതലയുണ്ടാകണം.അദ്ദേഹത്തിന്റെ കീഴിൽ ഒരു വൈദികൻ വർഷാചരണ പ്രവർത്തനങ്ങളുടെ ഡയറക്ടറായും ഒരു അല്മായൻ കൺവീനറായും പ്രവർത്തിക്കണം. പ്രസ്തുത വികാരി ജനറാൾ ചെയർമാനായി രൂപതാതല സമുദായ ശക്തീകരണകമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റിയിൽ വൈദികർ, സമർപ്പിതർ, സംഘടനകൾ, മതാധ്യാപകർ തുടങ്ങി രൂപതയുടെ എല്ലാത്തലങ്ങളിലുമുള്ളവരുടെ പ്രതിനിധികൾ ഉണ്ടാകണം. ഫൊറോനാ, ഇടവകതലങ്ങളിലും ഈ കമ്മിറ്റിക്കു കീഴ്ഘടകങ്ങൾ ഉണ്ടാകണം. ഈ സുപ്രധാന കമ്മിറ്റിയാണ് വർഷാചരണ പ്രവർത്തനങ്ങൾക്കു അതാതു രൂപതകളിൽ നേതൃത്വം നല്കേണ്ടത്. ഈ കമ്മിറ്റിയുടെ ചുമതലയിൽ റിസോഴ്സ് ടീം രൂപീകരിക്കുകയും ബോധവത്കരണം ഊർജിതമായി നടത്തുകയും ചെയ്യണം.

സമുദായ ശക്തീകരണ വർഷാചരണത്തിന്റെ വിവിധ പ്രവർത്തനങ്ങളിൽ അവരവരുടെ തലങ്ങളിൽ പ്രത്യേകമായി താത്പര്യമെ ടുത്തു പ്രവർത്തിക്കണമെന്ന് നമ്മുടെ സഭയിലെ എല്ലാവരോടും ഞാൻ അഭ്യർഥിക്കുന്നു. പ്രവാസജീവിതത്തിൽനിന്നു മടങ്ങി യെത്തിയ ഇസ്രായേൽ ജനത്തോടു നെഹെമിയാ നടത്തിയ ആഹ്വാനം നമുക്ക് ഓർക്കാം: 'വരുവിൻ, നമുക്കു ജറുസലേമിന്റെ മതിൽ പണിയാം' (2:17). നെഹെമിയായുടെ ആഹ്വാനം സ്വീകരിച്ച ഇസ്രായേലിലെ ഓരോരുത്തരും താന്താങ്ങളുടെ ഭാഗം പണിതു നഗരമതിലിന്റെ പുനരുദ്ധാരണം പൂർത്തിയാക്കി. ഇതുപോലെ സമുദായത്തിലെ ഓരോ അംഗവും ഓരോ വിഭാഗവും താന്താങ്ങളുടെ കർമശേഷി പൂർണമായും ഉപയോഗിച്ചുകൊണ്ട്, കുടുംബകൂട്ടായ്മകളിലും ഇടവകകളിലും ഫൊറോനകളിലും രൂപതകളിലും സമുദായത്തെ ശക്തിപ്പെടുത്താനുള്ള പദ്ധതികൾ വിഭാവനം ചെയ്തു നടപ്പിലാക്കുമ്പോൾ നമ്മുടെ സമുദായം മുഴുവൻ ശക്തിപ്പെടും; സമുദായ ശക്തീകരണവർഷാചരണം നീണ്ടുനില്ക്കുന്ന ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും.

നമ്മുടെ എല്ലാ സംരംഭങ്ങളിലും നമ്മുടെ കർത്താവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടായിരിക്കട്ടെ! നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവും മാർത്തോമാ ശ്ലീഹായും നമ്മുടെ സഭയിലെ വിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഏറെ പ്രത്യേകമായി കേരളത്തിന്റെ നവോത്ഥാന നായകനായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനും ഭാരതത്തിലെ അല്മായരുടെ പ്രത്യേക മധ്യസ്ഥനായി പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പ പ്രഖ്യാപിച്ച വിശുദ്ധ ദേവസഹായം പിള്ളയും നമുക്കുവേണ്ടി പ്രാർഥിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് സെപ്റ്റംബർ മാസം 25-ാം തീയതി നല്കപ്പെട്ടത്.

**✠ മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

*ഈ സർക്കുലർ 2025 ഒക്ടോബർ 12-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.*

No: 4136/K-5/KCBC/OL/DS

# 2025 മഹാജൂബിലി സമാപന സമ്മേളനത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന ഇടയലേഖനം

## ഡിസംബർ 13, 2025

ക്രിസ്തുവിൽ പ്രിയമുള്ള വൈദികരേ, സന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമ 5:5): വിശുദ്ധ പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനത്തിലെ ഈ വാക്കുകൾ, ക്രൈസ്തവ ജീവിതത്തിലെ കൃപയുടെ സാന്നിധ്യത്തെ ഓർമ്മിപ്പിക്കുന്നു. പ്രത്യാശയുടെ ഈ സന്ദേശമാണ് 2025-ലെ സാധാരണ ജൂബിലിയുടെ ആപ്തവാക്യമായി ഫ്രാൻസിസ് പാപ്പാ നമുക്കു നൽകിയതും.

*Spes non confundit* ("പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല") എന്ന പാപ്പായുടെ ജൂബിലി സ്ഥാപകലേഖനത്തിലൂടെ, ഈ ജൂബിലി വർഷം ഓരോ വ്യക്തിക്കും കർത്താവായ യേശുക്രിസ്തുവിനെ വ്യക്തിപരമായി കണ്ടുമുട്ടാനുള്ള അവസരമാകണമെന്ന് ഫ്രാൻസിസ് പാപ്പാ ആഗ്രഹിച്ചു."നമ്മുടെ പ്രത്യാശ" (1 തിമോ 1:1) ആയ ക്രിസ്തുവിനെ എല്ലാക്കാലത്തും, എല്ലായിടത്തും, എല്ലാവരോടും പ്രഘോഷിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വങ്ങൾക്കിടയിൽ പ്രതീക്ഷയും ആനന്ദവും വെറും മിഥ്യയാണെന്നുള്ള കാഴ്ചപ്പാടുകൾ വളരുകയും നിസ്സംഗതയും ആകുലതയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ പ്രത്യാശ വീണ്ടെടുക്കാനുള്ള അവസരമാണ് ജൂബിലി നല്കുന്നത്. യേശുക്രിസ്തുവിലുള്ള വിശ്വാസമാണ് നമുക്കു പ്രത്യാശ പകരുന്നത്. നമ്മുടെ കാലഘട്ടത്തിന്റെ വെല്ലുവിളികളോട് പ്രത്യാശയോടെ പ്രതികരിക്കാൻ വിശ്വാസം നമുക്ക് ഊർജം പകരുന്നു. ജീവിതത്തിന്റെ മാന്യതയും ജീവന്റെ മാഹാത്മ്യവും ഭീതികരമായ രീതിയിൽ അവഗണിക്കപ്പെടുന്ന യുദ്ധങ്ങൾ, വംശീയകലാപങ്ങൾ, അധിനിവേശശ്രമങ്ങൾ, ദാരിദ്ര്യം, ചൂഷണം തുടങ്ങിയ യാഥാർഥ്യങ്ങളോടു മുഖം തിരിഞ്ഞു നില്ക്കാൻ സഭയ്ക്കാവില്ല. അതുകൊണ്ടു തന്നെ, ഈ ജൂബിലി വർഷത്തിന്റെ അവസാനദിനങ്ങളിൽ ഭാഗ്യസ്മരണാനാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഒരിക്കൽക്കൂടി വിചിന്തന വിധേയമാക്കാൻ ഞങ്ങൾ നിങ്ങളോട് ആവശ്യപ്പെടുന്നു.

യുദ്ധദുരിതങ്ങളിൽ മുങ്ങിയിരിക്കുന്ന ഈ ലോകത്ത് സമാധാന സ്ഥാപനത്തിനായുള്ള നമ്മുടെ ആഗ്രഹം പ്രത്യാശയുടെ ആദ്യ അടയാളമായിരിക്കണം. സമാധാനം സ്ഥാപിക്കുന്നവർ ദൈവപുത്ര രെന്ന് വിളിക്കപ്പെടുമെന്ന് യേശുവിന്റെ വാക്കുകൾ നമ്മെ ഓർമ്മിപ്പി ക്കുന്നു (മത്താ 5:9). സമാധാനസ്ഥാപനത്തിനായി ലോകനേതാക്കൾ മേശയ്ക്കരികിൽ സംവാദത്തിനു തയ്യാറാകണം; നമ്മുടെ കാഴ്ചപ്പാടുകളും ആഭിമുഖ്യങ്ങളും അതിനായി ക്രമപ്പെടുത്തണം; അതിനായി തീക്ഷ്ണമായി പ്രാർഥിക്കുകയും വേണം.

പ്രത്യാശയോടെ ഭാവിയെ ഉറ്റുനോക്കുന്നത് ജീവനോടുള്ള ആദരവിനെയും അത് പങ്കുവെക്കാനുള്ള സന്നദ്ധതയെയും സൂചിപ്പിക്കുന്നു. അമ്മയുടെ ഉദരത്തിൽ തുടങ്ങി സാധാരണ അന്ത്യംവരെയുള്ള ജീവന്റെ മാഹാത്മ്യം അംഗീകരിക്കപ്പെടണം. യുവതലമുറയുടെ സ്വപ്നങ്ങളെ പിന്തുണയ്ക്കുന്ന ഒരു സാമൂഹിക ക്രമത്തിന് ക്രിസ്തീയ സമൂഹം എന്നും മുന്നിൽ നിൽക്കണം. തടവുകാർ ഉൾപ്പെടെയുള്ളവർക്ക് പ്രത്യാശ പകരുന്നതിന് നമുക്ക് കടമയുണ്ട്. ഉദാരതയുടെയല്ല, മറിച്ച് നീതിയുടെ കാര്യമെന്ന നിലയിൽതന്നെ ദാരിദ്ര്യം അവസാനിപ്പിക്കാനുള്ള ശ്രമങ്ങളിലേക്ക് സമൂഹത്തെയും ലോകരാഷ്ട്രങ്ങളെയും നയിക്കാൻ പ്രത്യാശയുടെ തീർഥാടകർ എന്ന നിലയിൽ ക്രൈസ്തവ സാന്നിധ്യത്തിന് കഴിയണം. ആയുധങ്ങൾക്കായി ചെലവഴിക്കുന്ന പണം ദാരിദ്ര്യം അവസാനിപ്പിക്കാനും ദരിദ്രരാജ്യങ്ങളുടെ വികസനം പ്രോത്സാഹിപ്പി ക്കാനും ഉപയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്ക് കഴിയണം. ദരിദ്രർ, രോഗികൾ, വൃദ്ധർ, ഭിന്നശേഷിക്കാർ, കുടിയേറ്റക്കാർ, അഭയാർഥികൾ എന്നിങ്ങനെ പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാവരുടെയും മുന്നിൽ പ്രത്യാശയുടെ അടയാളങ്ങളാകാൻ ജൂബിലി നമ്മെ ക്ഷണിക്കുന്നു.

പ്രത്യാശയും ക്ഷമയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ ജൂബിലി അവസരം, എല്ലാ സഭകൾക്കും കൂട്ടായ്മകൾക്കും ഐക്യത്തിലേക്കുള്ള യാത്രയിൽ മുന്നോട്ട് പോകാനുള്ള ഒരു ആഹ്വാനം കൂടിയാണ്. “നമ്മുടെ ആത്മാവിന്റെ ഉറപ്പുള്ളതും സുസ്ഥിരവുമായ ഒരു നങ്കൂര”മായി (ഹെബ്രാ 6:19) പ്രത്യാശയെ മുറുകെപിടിക്കാൻ നാം തയ്യാറാകണം.

പരിശുദ്ധ പിതാവ് ലെയോ 14-ാമൻ പാപ്പ 2025 ആഗസ്റ്റ് 3ന് റോമിൽ നടന്ന യുവ ജന ജൂബിലിക്ക് നല്കിയ വചനസന്ദേശത്തിൽ ഈ ആശയങ്ങളെ വ്യക്തമായി സംഗ്രഹിക്കുന്നുണ്ട്. “നമ്മുടെ പ്രത്യാശ” (1 തിമോ 1:1) ആയ ക്രിസ്തുവിനോട് ഐക്യപ്പെടുമ്പോൾ നാം ഓരോരുത്തരും അനുകമ്പയിലും ഉപവിയിലും ദയ യിലും എളിമയിലും ക്ഷമയിലും സമാധാനത്തിലും വളരേണ്ടതായിട്ടുണ്ട്.

കാരണം, പ്രത്യാശ പ്രകടമാക്കുന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് പ്രത്യാശ നമ്മെ നിരാശപ്പെടുത്താത്തത്.

**ജൂബിലി സമാപനസമ്മേളനം**

"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5:5) എന്ന സന്ദേശം ഒരിക്കൽക്കൂടി പങ്കുവെക്കുന്നതിനായി ജൂബിലി വർഷാചരണ ത്തിന്റെ സമാപനസമ്മേളനം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഭിമുഖ്യത്തിൽ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. ഈ സമ്മേളനം 2025 ഡിസംബർ 13, ശനിയാഴ്ച, കേരളസഭയിലെ എല്ലാ മെത്രാന്മാരുടെയും സാന്നിധ്യത്തിൽ ചാലക്കുടി ഡിവൈൻ ധ്യാന കേന്ദ്രത്തിൽവച്ച് നടക്കും. എല്ലാ രൂപതകളിൽനിന്നും സന്യാസ സമൂഹങ്ങളിൽനിന്നും സഭാസംഘടനകളിൽനിന്നുമുള്ള നിശ്ചയിക്കപ്പെട്ട പ്രതിനിധികൾ ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

രാവിലെ പത്തുമണിക്ക് ആരംഭിക്കുന്ന പൊതുസമ്മേളനത്തെ തുടർന്ന് വൈദികർ, സന്യസ്തർ, അത്മായർ, യുവജനങ്ങൾ, വൈദിക വിദ്യാർഥികൾ എന്നിങ്ങനെ വിവിധവിഭാഗങ്ങളായി തിരിഞ്ഞുള്ള പഠനവും ചർച്ചയും ഉണ്ടാകും. സമൂഹദിവ്യബലിയും തുടർന്നുള്ള സമാപന സമ്മേളനവും ഉൾപ്പെടെയുള്ള ജൂബിലി സമ്മേളനത്തിന്റെ കാര്യപരിപാടികൾ വൈകിട്ട് നാലുമണിയോടുകൂടി സമാപിക്കുന്നതാണ്.

സന്യാസസമൂഹങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഇടവക കളിൽനിന്നും മറ്റുമുള്ള പ്രതിനിധികളെ രൂപതാടിസ്ഥാനത്തിൽ മുൻകൂട്ടി നിശ്ചയിച്ച്, രൂപതാ കാര്യാലയങ്ങളിൽനിന്നും 2025 ഒക്ടോബർ 31 നുള്ളിൽ പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി) ഡയറക്ടറെ അറിയിക്കേണ്ടതാണ്.

ജൂബിലി സമ്മേളനത്തിന്റെ വിജയത്തിനായി ഏവരുടെയും സഹകരണവും പ്രാർഥനയും അഭ്യർഥിക്കുന്നു. പ്രത്യാശയുടെ സുവർണ താരകമായ പരിശുദ്ധ കന്യകാമറിയത്തിന്റെ മാധ്യസ്ഥവും നമുക്ക് അപേക്ഷിക്കാം. ഈ ജൂബിലിയാഘോഷം എല്ലാവരുടെയും ജീവിതത്തിൽ പ്രത്യാശയുടെ പുതുവഴി തുറക്കട്ടെ. സർവശക്തനായ ദൈവത്തിന്റെ സംരക്ഷണം ഏവർക്കും ലഭിക്കട്ടെ!

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

No: 4135/K-5/KCBC/OL/DS

# 2025-ലെ ആഗോള പ്രേഷിത ദിനത്തോടനുബന്ധിച്ച് (ഒക്ടോബർ 19, 2025) ഫ്രാൻസിസ് പാപ്പാ നല്കിയിരുന്ന സന്ദേശം

*"സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ"*

പ്രിയ സഹോദരീസഹോദരന്മാരേ,

ജൂബിലി വർഷമായ 2025-ലെ ആഗോള പ്രേഷിത ദിനത്തിനായി ഞാൻ തെരഞ്ഞെടുത്തിരിക്കുന്ന ആപ്തവാക്യം "സകല ജനങ്ങൾക്കുമിടയിൽ പ്രത്യാശയുടെ പ്രേഷിതർ"(*Spes Non Confundit* = "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല", എന്ന പ്രബോധനത്തിന്റെ J.1 കാണുക).

ഇത് വ്യക്തിപരമായി ഓരോ ക്രൈസ്തവനെയും, ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ കൂട്ടായ്മയായ സഭ മുഴുവനെയും, ക്രിസ്തുവിന്റെ പാത പിൻതുടർന്ന് പ്രത്യാശയുടെ സന്ദേശവാഹകരും നിർമാതാക്കളുമാകാനുള്ള നമ്മുടെ അടിസ്ഥാന വിളിയെ അനുസ്മരിപ്പിക്കുന്നതാണ്.

ഉഥിതനായ ക്രിസ്തുവിൽ നമുക്കു പുതുജന്മം നല്കിയ വിശ്വസ്തനായ ദൈവത്തോടൊപ്പം ഏവർക്കുമിത് "സജീവ പ്രത്യാശയിലേക്കുള്ള"(1 പത്രോ 1: 3-4 കാണുക) കൃപയുടെ സമയമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

ഇവിടെ, നമ്മുടെ ക്രൈസ്തവ പ്രേഷിതസ്വത്വത്തിന്റെ പ്രസക്ത മായ ചില വശങ്ങളെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുവഴി, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാനും സഭയിൽ ഒരു നവസുവിശേഷവത്കരണത്തിനായുള്ള പരിശുദ്ധ തീക്ഷ്ണതയാൽ കത്തിജ്വലിക്കാനും നമുക്ക് ഇടവരട്ടെ! ഇരുണ്ട നിഴലുകൾ തങ്ങിനില്ക്കുന്ന ഒരു ലോകത്ത് പ്രത്യാശയെ പുനർജനിപ്പിക്കാൻ അയക്കപ്പെട്ടവളാണല്ലോ സഭ (*Fratelli Tutti* = "എല്ലാവരും സഹോ ദരർ", J.9-55 കാണുക).

## 1. നമുടെ പ്രത്യാശയായ ക്രിസ്തുവിനെ പിന്തുടർന്ന്

രണ്ടായിരാമാണ്ടിലെ വിശുദ്ധ വർഷത്തിനുശേഷം, മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യത്തെ സാധാരണ ജൂബിലി ആഘോഷിച്ചുകൊണ്ട് ചരിത്രത്തിന്റെ കേന്ദ്രബിന്ദുവായി "ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെ ആയിരിക്കുന്ന" (ഹെബ്രാ 13:8) ക്രിസ്തുവിൽ നാം നമ്മുടെ ദൃഷ്ടി പതിപ്പിക്കുക. നസ്രത്തിലെ സിനഗോഗിൽവച്ച് യേശു പ്രഖ്യാപിച്ചത് ചരിത്രത്തിലെ തന്റെ സാന്നിധ്യത്തിന്റെ "ഇന്ന്" എന്ന തിരുവെഴുത്ത് നിറവേറിയിരിക്കുന്നു എന്നാണ്. അപ്രകാരം, സക

ലജനത്തോടും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കാനും കർത്താവിന്റെ കൃപയുടെ വത്സരത്തിന് നാന്ദികുറിക്കാനും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ പിതാവിനാൽ അയക്കപ്പെട്ടവനാണ് താനെന്ന് യേശു സ്വയം വെളിപ്പെടുത്തി (ലൂക്കാ 4:16-21 കാണുക).

ലോകാന്ത്യംവരെ നിലനില്ക്കുന്ന ആജ്ഞേയമായ "ഇന്ന്" എന്ന കാലഘട്ടത്തിൽ, ക്രിസ്തു എല്ലാവർക്കും പ്രത്യേകിച്ച്, ദൈവം മാത്രം ഏക ആശ്രയമായിട്ടുള്ളവർക്ക്, രക്ഷയുടെ പൂർണതയാകുന്നു.

യേശു തന്റെ പരസ്യജീവിതകാലത്ത്, "തിന്മയിൽ നിന്നും ദുഷ്ടനിൽനിന്നും"എല്ലാവരെയും സുഖപ്പെടുത്തിക്കൊണ്ടും നന്മ പ്രവർത്തിച്ചുകൊണ്ടും ചുറ്റി സഞ്ചരിച്ചു" (അപ്പ 10:38 കാണുക). ദരിദ്രർക്കും ജനത്തിനു മുഴുവനും ഇടയിൽ ദൈവത്തിലുള്ള പ്രത്യാശയെ അവൻ പുനഃപ്രതിഷ്ഠിച്ചു. പാപമൊഴികെയുള്ള എല്ലാ മാനുഷിക ബലഹീനതകളും അവൻ അനുഭവിച്ചു. പ്രത്യാശ നഷ്ടപ്പെട്ടേക്കാവുന്ന നിർണായ നിമിഷങ്ങളായ ഗത്സമനിയിലും കുരിശിലും അവൻ തളർന്നില്ല. മനുഷ്യകുലരക്ഷയ്ക്കായി പിതാവായ ദൈവമൊരുക്കിയ പദ്ധതിയോട് അനുസരണയോടെ വിശ്വാസമർപ്പിച്ചുകൊണ്ട്, പൂർണമായ പ്രത്യാശയുള്ള സമാധാനപദ്ധതിയുടെ ഭാവിക്കായി, യേശു, പിതാവിൽ എല്ലാം ഭരമേല്പിച്ചു (ജറെ 29:11 കാണുക). ഇപ്രകാരം, കടുത്ത പരീക്ഷണങ്ങൾക്കിടയിൽപ്പോലും പ്രത്യാശയുടെ ദിവ്യപ്രേഷിതനായി; അങ്ങനെ ദൈവം ഭരമേല്പിച്ച ദൗത്യം കാലാകാലങ്ങളോളം നിറവേറ്റുന്നവരുടെ ഉത്തമ മാതൃകയായി യേശുമാറി.

എല്ലാ മനുഷ്യർക്കിടയിലേക്ക് തന്റെ ശിഷ്യരെ അയച്ചുകൊണ്ടും ഒരു രഹസ്യസാന്നിധ്യമായി അവരോടൊപ്പം സഞ്ചരിച്ചുകൊണ്ടും, യേശു മനുഷ്യരാശിക്കായുള്ള പ്രത്യാശയുടെ ശുശ്രൂഷ തുടർന്നുകൊണ്ടിരിക്കുന്നു. ദരിദ്രർ, പീഡിതർ, നിരാശർ, അടിച്ചമർത്തപ്പെട്ടവർ എന്നിവരുടെയെല്ലാം പക്ഷം ചേർന്നുകൊണ്ട് "അവരുടെ മുറിവുകളിൽ ആശ്വാസത്തിന്റെ തൈലവും പ്രത്യാശയുടെ വീഞ്ഞും" ("യേശു നല്ല സമറിയാക്കാരൻ", *ആമുഖഗീതി*) അവൻ ഒഴുക്കുന്നു. ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ സമൂഹമായ സഭയാകട്ടെ, തന്റെ കർത്താവും ഗുരുവുമായ അവനെ അനുസരിച്ചുകൊണ്ട്, അതേ ശുശ്രൂഷയുടെ അരൂപിയിൽ അവളുടെ ജീവിതം സകലജനതകൾക്കുമായി അർപ്പിച്ചുകൊണ്ട് ആ ദൗത്യം തുടരുന്നു. അനുദിനം നേരിടുന്ന പീഡനങ്ങൾക്കും വേദനകൾക്കും പ്രശ്നങ്ങൾക്കും നടുവിലും, കൂടാതെ, സഭാംഗങ്ങളുടെതന്നെ ദൗർബല്യങ്ങൾ മൂലമുള്ള അപൂർണതകൾക്കും പരാജയങ്ങൾക്കും മധ്യേയിലും അന്തിമവിമോചനത്തിനായി കാത്തിരിക്കുന്ന മനുഷ്യരാശിയുടെ മുറവിളിയും സൃഷ്ടജാലങ്ങളുടെ രോദനവും ഹൃദയത്തിൽ പേറികൊണ്ടും, ക്രിസ്തുസ്നേഹത്താൽ പ്രേരിതയായി സഭ അവനോടൊപ്പം അവനിൽ തന്റെ പ്രേഷിതയാത്ര തുടരുന്നു. തന്റെ പാത പിന്തുടരാനായി കർത്താവ് എപ്പോഴും എല്ലാക്കാലത്തേക്കുമായി വിളിച്ചിരിക്കുന്ന

സഭ, "നിശ്ചലമായ സഭയല്ല, തന്റെ നാഥനോടൊപ്പം ലോകത്തിന്റെ തെരുവീഥികളിലൂടെ യാത്ര ചെയ്യുന്ന ഒരു പ്രേഷിതസഭയാണ്" (*2024 ഒക്ടോബർ 27-ന് മെത്രാന്മാരുടെ സിനഡിന്റെ ജനറൽ അസംബ്ലിയുടെ സമാപന ദിവ്യപൂജയിലെ പ്രസംഗത്തിൽ നിന്ന്*).

കർത്താവായ യേശുവിന്റെ പാതപിന്തുടർന്ന്, ദൈവം നമ്മെ ജീവിക്കാൻ അനുവദിച്ചിട്ടുള്ള ഓരോ സ്ഥലത്തും സാഹചര്യത്തിലും അവനോടുകൂടെ അവനിൽ ഏവർക്കും പ്രത്യാശയുടെ അടയാളങ്ങളും സന്ദേശവാഹകരുമാകാൻ നമ്മളും പ്രചോദിതരാകട്ടെ! ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരെന്ന നിലയിൽ, ഭൂമിയുടെ എല്ലാ ഇടങ്ങളിലും അവന്റെ പ്രത്യാശയുടെ പ്രകാശം പ്രതിഫലിപ്പിക്കട്ടെ.

### 2. ക്രൈസ്തവർ: എല്ലാ ജനതകൾക്കുമിടയിൽ പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളും

കർത്താവായ ക്രിസ്തുവിനെ പിന്തുടരുന്ന ക്രൈസ്തവർ, തങ്ങൾ കണ്ടുമുട്ടുന്നവരുടെ യഥാർഥ ജീവിത സാഹചര്യങ്ങളിൽ പങ്കുചേർന്നുകൊണ്ട് സുവിശേഷം കൈമാറാനും പ്രത്യാശയുടെ സംവാഹകരും നിർമാതാക്കളുമാകാനും വിളിക്കപ്പെട്ടിരിക്കുന്നു. തീർച്ചയായും, "ഇന്നത്തെ മനുഷ്യരുടെ പ്രത്യേകിച്ച്, ദരിദ്രരുടെയും കഷ്ടതയനുഭവിക്കുന്നവരുടെയും ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും ക്രിസ്തുവിന്റെ ശിഷ്യരുടെ ആനന്ദവും പ്രതീക്ഷയും ക്ലേശവും തീവ്രവേദനയും തന്നെയാണ്. മാനുഷികമായി കാണപ്പെടുന്നവയിൽ ഒന്നും തന്നെ അവരുടെ ഹൃദയത്തിൽ പ്രതിധ്വനി ഉയർത്താത്തതായില്ല" (*സഭ ആധുനികലോകത്തിൽ*, 1).

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രസിദ്ധമായ ഈ പ്രസ്താവന എല്ലാക്കാലത്തെയും ക്രൈസ്തവ സമൂഹങ്ങളുടെ മനോഭാവത്തെയും ജീവിതശൈലിയെയും എടുത്തുകാട്ടുകയും സഭാംഗങ്ങളെ നിരന്തരം പ്രചോദിപ്പിച്ചുകൊണ്ട് ലോകത്തിലെ ഇതര സഹോദരങ്ങളോടൊപ്പം യാത്ര ചെയ്യാൻ സഹായിക്കുകയും ചെയ്യുന്നു. ഇവിടെ ഞാൻ ജനതകൾക്കിടയിൽ (*ad gentes*) പ്രേഷിതപ്രവർത്തനം നടത്തുന്ന മിഷനറിമാരായ, നിങ്ങളെ പ്രത്യേകമായി അനുസ്മരിക്കുന്നു. കർത്താവിന്റെ വിളി സ്വീകരിച്ചുകൊണ്ട് നിങ്ങൾ ക്രിസ്തുവിലുള്ള ദൈവസ്നേഹം പങ്കുവയ്ക്കാൻ മറ്റു ജനതകൾക്കിടയിലേക്കും ഇറങ്ങിപുറപെട്ടിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ഹൃദയപൂർവം നന്ദി പറയുന്നു. എല്ലാ ജനതകളോടും സുവിശേഷം പ്രഘോഷിക്കാൻ തന്റെ ശിഷ്യന്മാരെ അയച്ച ഉഥിതനായ കർത്താവിന്റെ ആഹ്വാനത്തിനുള്ള (മത്താ 28: 18-20 കാണുക) മറുപടിയാണ് നിങ്ങളുടെ ജീവിതം. അപ്രകാരം, നിങ്ങൾ പരിശുദ്ധാത്മശക്തിയാലും അനുദിന പരിശ്രമത്താലും സകല ജനതകൾക്കുമിടയിൽ ക്രിസ്തുവിന്റെ പ്രേഷിതരും മഹത്തായ പ്രത്യാ

ശയുടെ സാക്ഷികളുമാകാനുള്ള ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരുടെയും വിളിയുടെ അടയാളങ്ങളായി നിലകൊള്ളുന്നു.

ഈ പ്രത്യാശയുടെ ചക്രവാളം ലോകത്തിലെ ക്ഷണികമായവയെല്ലാം അതിജീവിച്ച് നാം ഇപ്പോൾ തന്നെ പങ്കുചേരുന്ന ദൈവികസത്യങ്ങളിലേക്കുള്ള വഴിതുറക്കുന്നു. വിശുദ്ധ പോൾ ആറാമൻ പാപ്പ നിരീക്ഷിച്ചതുപോലെ, ദൈവകരുണയുടെ വരദാനമായി സഭ സകലർക്കുമായി പങ്കുവയ്ക്കുന്ന ക്രിസ്തുവിലുള്ള രക്ഷ, "മനുഷ്യന്റെ ശാരീരികമോ, ആത്മീയമോ ആയ ഐഹിക ജീവിതത്തെ മാത്രം സ്പർശിക്കുന്ന ഒന്നല്ല; കേവലം ഭൗതികങ്ങളായ അഭിലാഷങ്ങളെയും പ്രതീക്ഷകളെയും ജീവിത കൃത്യങ്ങളെയും പ്രതിസന്ധികളെയും മാത്രം ആസ്പദമാക്കി നിലകൊള്ളുന്നതുമല്ല. മറിച്ച്, ഏറ്റവും ദിവ്യമായ പരമസത്തയോടു മനുഷ്യവ്യക്തിയെ ഐക്യപ്പെടുത്തുന്നതിനാലാണ് അതിന്റെ പൂർത്തീകരണം സ്ഥിതിചെയ്യുന്നത്; ആ പരമസത്ത ദൈവമാണ്. അതിസ്വാഭാവികവും യുഗാന്ത്യപരവുമായ പ്രസ്തുത രക്ഷയുടെ പ്രാരംഭം ഈ ലോകജീവിതത്തിൽത്തന്നെ ഉണ്ടാവുകയും അനന്തതയിൽ സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും (*Evangelii Nuntiandi* = "സുവിശേഷ പ്രഘോഷണം", 27).

മഹത്തായ ഈ പ്രത്യാശയാൽ പ്രചോദിതരായി ക്രൈസ്തവ സമൂഹങ്ങൾക്ക് ഒരു നവമാനവികതയുടെ സന്ദേശവാഹകരായിത്തീരാൻ കഴിയും. എന്തെന്നാൽ "അതിവികസിത" മേഖലകളിൽപ്പോലും മനുഷ്യരെ പ്രതിസന്ധിയിലാക്കുന്ന ഗുരുതരപ്രശ്നങ്ങൾ - അർഥശൂന്യത, ഏകാന്തത, മുതിർന്നവരുടെ ആവശ്യങ്ങളോടുള്ള അവഗ ണന, സഹായഹസ്തം ആവശ്യമുള്ള അയൽക്കാരനെ അവഗണി ക്കുന്ന മനോഭാവം തുടങ്ങിയവ - വ്യാപകമായി കണ്ടുവരുന്നു. സാങ്കേതികമായി ഏറെ വളർന്ന രാജ്യങ്ങളിൽ "സാമീപ്യം" (proximity) എന്നത് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നമ്മളെല്ലാവരും പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു, എന്നാൽ നാം ബന്ധപ്പെട്ടു ജീവിക്കുന്നില്ല. കാര്യക്ഷമതയോടു നമുക്കുള്ള അമിതാസക്തിയും ഭൗതികവസ്തുക്കളോടും അഭിലാഷങ്ങളോടുമുള്ള ബന്ധവും നമ്മെ സ്വാർഥരും സഹജീവികളെ പരിഗണിക്കാത്തവരുമാക്കുന്നു. എന്നാൽ, ഒരു സമൂഹത്തിൽ അനുഭവതലത്തിലെത്തുന്ന സുവിശേഷത്തിന് നമ്മെ സമഗ്രവും ഓജസ്സുള്ളതും വീണ്ടെടുക്കപ്പെട്ടതുമായ ഒരു മാനവികതയിലേക്ക് തിരികെ കൊണ്ടുവരാൻ കഴിയും.

അതിനാൽ, ജൂബിലി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രബോധനത്തിൽ (J. 7,15) പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രത്യേകമായി, ദരിദ്രരെയും ദുർബലരെയും രോഗികളെയും മുതിർന്നവരെയും, ഭൗതികതയുടെയും ഉപഭോക്തൃസംസ്കാരത്തിന്റെയും പിടിയിലമർന്ന സമൂഹം അവഗണിച്ചു മാറ്റിനിർത്തിയിരിക്കുന്നവരെയും പ്രത്യേകം പരിഗണിക്കുന്ന കാര്യത്തിൽ, നാമെല്ലാവരും പ്രവൃത്തിതലത്തിൽ കൊണ്ടുവരണമെന്ന് ഞാൻ വീണ്ടും ആഹ്വാനം ചെയ്യുന്നു. ഇവയെല്ലാം ദൈവത്തിന്റെ

“ശൈലി”യിൽ നാം നിവർത്തിയാക്കണം. അതായത്, സാമിപ്യത്തോടും, അനുകമ്പയോടും, ആർദ്രതയോടും നമ്മുടെ സഹോദരങ്ങൾ ജീവിക്കുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് അവരുമായി വ്യക്തിപരമായ ബന്ധം പുലർത്തിക്കൊണ്ട് നാമത് നിർവഹിക്കണം (*Evangelii Gaudium* = “സുവിശേഷത്തിന്റെ സന്തോഷം”, 127-128 കാണുക). പലപ്പോഴും പ്രത്യാശയോടെ ജീവിക്കേണ്ടതെങ്ങനെയെന്ന് അവരാണ് നമ്മെ പഠിപ്പിക്കുന്നത്. അവരുമായുള്ള വ്യക്തിബന്ധത്തിലൂടെ കർത്താവിന്റെ അനുകമ്പാർദ്രഹൃദയത്തിന്റെ സ്നേഹം പകർന്നുകൊടുക്കാൻ നമുക്കു കഴിയും. “സുവിശേഷ പ്രഘോഷണത്തിന്റെ ആരംഭത്തിന്റെ കാതൽ ക്രിസ്തുവിന്റെ ഹൃദയമാണ്” (*Dilexit Nos* “അവൻ നമ്മെ സ്നേഹിച്ചു”, 32) എന്ന ഇതിലൂടെ നമുക്കു ബോധ്യമാകും. ഈ ഉറവിടത്തിൽ നിന്ന് ശേഖരിച്ചുകൊണ്ട്, ദൈവത്തിൽനിന്ന് നാം സ്വീകരിച്ച പ്രത്യാശ (1 പത്രോ 1:21 കാണുക) ലാളിത്യത്തോടെ പകർന്നുകൊടുക്കാൻ നമുക്കു സാധിക്കും; മാത്രമല്ല ദൈവം നമ്മെ ആശ്വസിപ്പിച്ച അതേ ആശ്വാസം വഴി മറ്റുള്ളവരെ ആശ്വസിപ്പിക്കാനും നമുക്കു കഴിയും (2 കോറി 1:3-4 കാണുക). നമ്മെയെല്ലാം തന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുന്ന ദൈവം, യേശുവിന്റെ മാനുഷികവും ദൈവികവുമായ ഹൃദയത്തിലൂടെ സ്ത്രീപുരുഷന്മാരുടെ ഓരോരുത്തരുടെയും ഹൃദയത്തോടു സംസാരിക്കാൻ ആഗ്രഹിക്കുന്നു. “ലോകം മുഴുവൻ ആശ്ലേഷിക്കുന്ന ക്രിസ്തുവിന്റെ ഹൃദയത്തിന്റെയും പിതാവിന്റെ സ്നേഹത്തിന്റെയും അടയാളങ്ങളായിത്തീരാനുള്ള ദൗത്യം തുടരാനായി നമ്മൾ അയക്കപ്പെട്ടിരിക്കുന്നു” (*പൊന്തിഫിക്കൻ മിഷൻ സൊസൈറ്റിയുടെ ജനറൽ അസംബ്ലിയിൽ പങ്കെടുത്തവരോട് നടത്തിയ പ്രസംഗത്തിൽനിന്ന്,* ജൂൺ 3, 2023).

### 3. പ്രത്യാശയുടെ ദൗത്യം നവീകരിക്കൽ

ഇന്ന് പ്രത്യാശയുടെ ദൗത്യത്തിന്റെ അടിയന്തിര സ്വഭാവത്തെ നോക്കിക്കാണുന്ന ക്രിസ്തുശിഷ്യർ, പ്രധാനമായും വിളിക്കപ്പെട്ടിരിക്കുന്നത് പ്രത്യാശയുടെ “ശില്പികൾ” ആകാനും മിക്കപ്പോഴും അലസരും അസംതൃപ്തരുമായ മനുഷ്യസമൂഹാംഗങ്ങളെ പുനരുദ്ധരിക്കാനുമാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി, ഉത്ഥാനത്തിന്റെ ആത്മീയത അനുഭവവേദ്യമാക്കുന്ന ഓരോ ദിവ്യപൂജാചരണത്തിലും ഏറെ പ്രത്യേക്മായി, ആരാധനാവത്സരത്തിന്റെ കേന്ദ്രവും പൂർണതയുമായ ഈസ്റ്റർ ത്രിദിനജാഗരണത്തിലും (Easter Triduum) നമ്മൾ നവീകൃതരാകേണ്ടതുണ്ട്. നമ്മളെല്ലാവരും ക്രിസ്തുവിന്റെ രക്ഷാകരമായ മരണത്തിലേക്കും ഉത്ഥാനത്തിലേക്കും, ചരിത്രത്തിന്റെ നിത്യ വസന്തം അടയാളപ്പെടുത്തുന്ന കർത്താവിന്റെ പെസഹാരഹസ്യത്തിലേക്കു സ്നാനം സ്വീകരിച്ചവരാണ്. അതുവഴി നമ്മൾ “ഒരു വസന്തകാലജനമാകുന്നു”;എല്ലാവരോടും പങ്കുവയ്ക്കേണ്ട പ്രത്യാശയാൽ നിറഞ്ഞവരാണ് നാം. കാരണം മനുഷ്യാസ്തിത്വത്തിന്മേൽ ഉച്ചരിക്കപ്പെടുന്ന “മരണത്തിന്റെയും വെറുപ്പിന്റെയും വാക്ക് അവസാനവാക്കല്ല എന്നു നാം ക്രിസ്തു

വിൽ വിശ്വസിക്കുകയും അറിയുകയും ചെയ്യുന്നു" (*2017 ആഗസ്റ്റ് 23-ലെ പ്രബോധനം* [Catechesis] കാണുക). ആരാധനക്രമ ആഘോഷങ്ങളിലൂടെയും കൂദാശകളിലൂടെയും സന്നിഹിതമാകുന്ന പെസഹാ രഹസ്യങ്ങളിൽനിന്ന്, ലോകമെമ്പാടും ആവേശത്തോടും നിശ്ചയദാർഢ്യത്തോടും സഹിഷ്ണുതയോടുംകൂടെ സുവിശേഷപ്രഘോഷണപ്രവൃത്തി ചെയ്യാൻ പരിശുദ്ധാത്മശക്തി നിരന്തരം നാം സ്വീകരിക്കുന്നു. "ഉത്ഥിതനും മഹത്ത്വീകൃതനുമായ ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ ഉറവിടം. അവൻ നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യനിർവഹണത്തിനാവശ്യമായ സഹായം നമുക്കൊരിക്കലും അവൻ കുറയ്ക്കുകയില്ല" (*Evangelii Gaudium* = "സുവിശേഷത്തിന്റെ സന്തോഷം", 275). ദൈവത്തിന്റെ ദാനവും ക്രൈസ്തവരുടെ സാധനയുമായ ആ വിശുദ്ധ പ്രത്യാശ, ക്രിസ്തുവിൽ നാം ജീവിക്കുകയും അതിന് സാക്ഷ്യം നല്കുകയും ചെയ്യുന്നു (*Hope is A Light in The Night*, Vatican City, 2024, 7).

പ്രാർഥിക്കുന്ന സ്ത്രീപുരുഷന്മാർ പ്രത്യാശയുടെ പ്രേഷിതരാണ്. "പ്രത്യാശിക്കുന്നയാൾ പ്രാർഥിക്കുന്നയാളാണ്" എന്ന് ധന്യനായ കർദിനാൾ ഫ്രാൻസിസ് സേവ്യർ വാൻ തുവാൻ പറയുകയുണ്ടായി. ദീർഘകാലം ജയിലിൽ കഴിഞ്ഞപ്പോൾ വിശ്വസ്തമായ പ്രാർഥനയാലും ദിവ്യപൂജയുടെ ശക്തിയാലുമാണ് അദ്ദേഹം പ്രത്യാശാപൂർവം ഉറച്ചുനിന്നത് ( *The Road of Hope*, Boston, 2001, 963 കാണുക). നമ്മുടെ പ്രഥമ പ്രേഷിതപ്രവർത്തനം പ്രാർഥനയാണെന്നും അതേസമയം തന്നെ "പ്രത്യാശയുടെ ആദ്യശക്തി" പ്രാർഥനയാണെന്നും നാം മറന്നുകൂടാ (*2020 മേയ് 20-ലെ പ്രബോധനം* [Catechesis]).

അതിനാൽ നമുക്ക് പ്രാർഥിച്ചുകൊണ്ട് പ്രത്യാശയുടെ നവീകരണ ദൗത്യം ആരംഭിക്കാം. അത് ദൈവവചനത്തിൽ അധിഷ്ഠിതമായ, ഏറെ പ്രത്യേകിച്ച്, പരിശുദ്ധാത്മാവ് രചയിതാവായുള്ള സങ്കീർത്തനങ്ങൾ എന്ന പ്രാർഥനാശ്രുതിമേളം വഴി നമുക്ക് ആരംഭിക്കാം (*2024 ജൂൺ 19-ലെ പ്രബോധനം* [Catechesis]). കഷ്ടതകൾ നിറഞ്ഞ കാലത്തിലും നമ്മൾ പ്രത്യാശ വെടിയാതിരിക്കാനും നമുക്കു ചുറ്റുമുള്ള പ്രത്യാശയുടെ അടയാളങ്ങളെ എപ്പോഴും തിരിച്ചറിയാനും ദൈവം എല്ലാജനതകളിലും മഹത്വപ്പെടണം എന്ന നിരന്തരമായ പ്രേഷിതതാല്പര്യത്തിൽ മുന്നോട്ടു യാത്രചെയ്യാനും സങ്കീർത്തനങ്ങൾ നമ്മെ പരിശീലിപ്പിക്കുന്നു (സങ്കീ 41:12; 67:4 കാണുക). ദൈവം നമ്മിൽ തെളിച്ച പ്രത്യാശയുടെ ദീപം പ്രാർഥനയിലൂടെ സജീവമാക്കി നിറുത്തുന്നു. അങ്ങനെ അത് അഗ്നിയായി പടരുകയും അതുവഴി നമുക്ക് ചുറ്റുമുള്ള എല്ലാവരെയും പ്രകാശിപ്പിക്കുകയും ചൂടുപിടിപ്പിക്കുകയും ചെയ്യും; മാത്രമല്ല, അത് പ്രാർഥന നമ്മിൽ പ്രചോദിപ്പിക്കുന്ന പുണ്യപ്രവൃത്തികളും സത്കർമങ്ങളും ചെയ്യുന്നതുവഴിയും ആയിരിക്കും.

അവസാനമായി, സുവിശേഷപ്രഘോഷണം എപ്പോഴും എക്കാലത്തിലും, ക്രിസ്തീയ പ്രത്യാശ പോലെതന്നെ, സാമൂഹികമായ ഒരു പ്രക്രിയയാണ് (Benedict

XVI, *Spe Salvi* = "പ്രത്യാശയിൽ രക്ഷ", 41). ഈ പ്രക്രിയ സുവിശേഷത്തിന്റെ പ്രാരംഭ പ്രഘോഷണത്തിലോ, ജ്ഞാനസ്നാനത്തിലോ മാത്രം അവസാനിക്കുന്നില്ല. മറിച്ച്, ജ്ഞാനസ്നാനം സ്വീകരിച്ച ഒരോരുത്തരെയും സുവിശേഷത്തിന്റെ പാതയിലൂടെ അനുഗമനം ചെയ്തുകൊണ്ട് ക്രൈസ്തവ സമൂഹങ്ങൾ പണിതുയർത്തുന്നതിലൂടെ തുടരുന്നു. ആധുനിക സമൂഹത്തിൽ, സഭയിൽ അംഗമായിരിക്കുക എന്നത് ഒറ്റയടിക്ക് നേടിയെടു ക്കുന്ന ഒന്നല്ല; അതിനാലാണ് ക്രിസ്തുവിലുള്ള വിശ്വാസം കൈമാറുന്നതും അത് പക്വമായി രൂപപ്പെടുത്തുന്നതുമായ പ്രേഷിതദൗത്യം "സഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും മാതൃക ആയിരിക്കുന്നത്" (*Evangelii Gaudium* = "സുവിശേഷത്തിന്റെ സന്തോഷം",15). പ്രസ്തുത പ്രവർത്തനം പ്രാർഥനയുടെ കൂട്ടായ്മയും പ്രവൃത്തിയും ആവശ്യപ്പെടുന്നു. ഇവിടെ ഞാൻ വീണ്ടും ഒരിക്കൽകൂടെ, സഭയുടെ പ്രേഷിതാത്മക സിനഡാത്മകതയുടെ പ്രാധാന്യം ഊന്നിപറയുന്നു; അതോടൊപ്പം ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ പ്രേഷിത ഉത്തരവാദിത്വം പ്രോത്സാഹിപ്പിക്കുന്നതിലും പ്രാദേശികസഭകളെ സഹായിക്കുന്നതിലും ഉള്ള പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ ചെയ്യുന്ന സേവനവും ഞാൻ എടുത്തുപറയുന്നു. നിങ്ങളുടെ ജീവിത സാക്ഷ്യവും പ്രാർഥനയും ത്യാഗപ്രവൃത്തികളും ഉദാരമനസ്കതയും വഴി സഭയുടെ പൊതുവായ സുവിശേഷവത്കരണ ദൗത്യത്തിൽ നിങ്ങളെല്ലാവരും, കുട്ടികളും യുവാക്കളും മുതിർന്നവരും വാർദ്ധക്യത്തിലെത്തിയവരും, പങ്കുചേരാൻ ഞാൻ അഭ്യർഥിക്കുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്കു നന്ദിപറയുന്നു!

പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ മാതാവായ മറിയത്തിലേക്കു നമുക്കു തിരിയാം. ഈ ജൂബിലിവർഷാചരണത്തിലും വരാനിരിക്കുന്ന വർഷങ്ങളിലുമുള്ള നമ്മുടെ പ്രാർഥനകൾ നാം അവളെ ഭരമേല്പിക്കുന്നു. "എല്ലാ മനുഷ്യരെയും അഭിസംബോധന ചെയ്യുന്ന വിധത്തിലുള്ള ദൈവസ്നേഹത്തിന്റെ സന്ദേശമായ ക്രൈസ്ത പ്രത്യാശ എല്ലാ സ്ത്രീപുരുഷന്മാരെയും പ്രകാശിപ്പിക്കട്ടെ. പ്രത്യാശയുടെ ഈ സന്ദേശത്തിന് സഭ ലോകമെമ്പാടും വിശ്വസ്തതയോടെ സാക്ഷ്യം വഹിക്കാൻ ഇടവരട്ടെ !" (*Spes Non Confundit* = "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല", 6).

**ഫ്രാൻസിസ് പാപ്പാ**

വിശുദ്ധ പൗലോസ് അപ്പോസ്തോലന്റെ മാനസാന്തര തിരുനാളിൽ, 2025 ജനുവരി 25-ാം തീയതി, വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നല്കപ്പെട്ടത്.

Prot. No. 0652/2025

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിമൂന്നാമത് സിനഡിന്റെ രണ്ടാം സമ്മേളനം 2025 ആഗസ്റ്റ് 18 മുതൽ 29 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടക്കുകയുായി. സീറോ മലബാർസഭയെ ഏറെ സ്നേഹിക്കുകയും സഭയുടെ വളർച്ചയ്ക്കായി പുതിയ സാധ്യതകൾ തുറന്നു തരികയും ചെയ്ത പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗവും പൗരസ്ത്യസഭകളുടെ ദൗത്യത്തെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുകൾ ഉള്ള ലെയോ പതിനാലാമൻ മാർപാപ്പയുടെ സ്ഥാനാരോഹണവും ആദരവോടെ അനുസ്മരിച്ചുകൊണ്ടാണു സിനഡു സമ്മേളനം ആരംഭിച്ചത്. പ്രതിസന്ധികളും വെല്ലുവിളികളും ഏറെയാണെങ്കിലും നമ്മുടെ കർത്താവു നമ്മെ ഭരമേല്പ്പിച്ച ദൗത്യനിർവഹണത്തിനായി അക്ഷീണം പരിശ്രമിക്കാൻ സഭ കടപ്പെട്ടിരിക്കുവെന്ന തിരിച്ചറിവോടെയാണു പിതാക്കന്മാർ പ്രാർഥനയിലും പരിചിന്തനങ്ങളിലും മുഴുകിയത്.

### മതസ്വാതന്ത്ര്യം ഭാരതസംസ്കാരത്തിന്റെ അനിവാര്യഘടകം

'നാനാത്വത്തിൽ ഏകത്വം' എന്ന തത്വത്തിൽ അധിഷ്ഠിതമായി ജാതി മതവർഗ വർണവ്യത്യാസമില്ലാതെ എല്ലാവർക്കും സ്വാതന്ത്ര്യം അനുവദിച്ച സംസ്കാരമാണു ഭാരതത്തിന്റേത്. നമ്മുടെ രാജ്യത്തിന്റെ അഖണ്ഡതയ്ക്കു ഭംഗംവരുത്താത്ത രീതിയിൽ ഓരോ വ്യക്തിക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും അതു ജീവിക്കാനും പ്രചരിപ്പിക്കാനും ഭാരതത്തിന്റെ ഭരണഘടന സ്വാതന്ത്ര്യം നൽകുന്നു. നൂറ്റാുകളായി മിഷനറി പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവരുടെ ഉന്നമനത്തിനായി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികമേഖലകളിൽ ക്രൈസ്തവർ നല്കിയ സംഭാവനകൾ പാടെ തമസ്കരിച്ച് അതിനെ കേവലം മതവിഷയം മാത്രമാക്കി ചുരുക്കുന്ന വർഗീയ അജകൾ തികച്ചും ദൗർഭാഗ്യകരമാണ്. രാഷ്ട്രനിർമാണത്തിൽ

ക്രൈസ്തവരുടെ പങ്കിനെ വിസ്മരിച്ചുകൊണ്ടു നമുക്കെതിരേ വിവേചനങ്ങളും വിദ്വേഷപ്രചരണങ്ങളും നടക്കുന്നതും നമ്മുടെ വൈദികർക്കും സമർപ്പിതർക്കും അല്മായപ്രേഷിതർക്കും സഞ്ചാരസ്വാതന്ത്ര്യംപോലും പലയിടങ്ങളിലും നിഷേധിക്കപ്പെടു ന്നതും മൗലികാവകാശങ്ങളുടെ ലംഘനമാണ്. മിശിഹായുടെ സ്നേഹത്തെപ്രതി തങ്ങളുടെ ജീവിതങ്ങൾ സഭയ്ക്കും സമൂഹത്തിനുമായി സമർപ്പിക്കുന്ന എല്ലാ പ്രേഷിതരെയും സീറോമലബാർസഭ അഭിമാനത്തോടെ ഓർക്കുന്നു. 'മിശിഹായുടെ സ്നേഹത്തിൽനിന്ന് ആരു നമ്മെ വേർപെടുത്തും; ക്ലേശമോ ദുരിതമോ പീഡനമോ നഗ്നതയോ ആപത്തോ പട്ടിണിയോ വാളോ?... നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലെല്ലാം നാം പൂർണ വിജയം വരിക്കുന്നു'(റോമാ 8:35-37)എന്ന തിരുവചനം നമ്മെ ശക്തി പ്പെടുത്തട്ടെ!

## ഐക്യം നിലനിർത്തുക നമ്മുടെ കർത്തവ്യമാണ്

'മിശിഹായിൽ നാമെല്ലാം ഒന്നാണ്' (*In Illo Uno Unum*) എന്നതാണ ല്ലോ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയുടെ ആപ്തവാക്യം. ഒരേ സഭയിൽ നാമെല്ലാം ഒന്നായിരിക്കുന്നതാണ് ഏറ്റവും വലിയ സുവിശേഷപ്രഘോഷണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപതകൾ സ്ഥാപിക്കാനും അജപാലനസൗകര്യങ്ങൾ ഏർപ്പെടുത്താനും സാധിച്ചപ്പോഴും പരിശുദ്ധ കുർബാനയുടെ അർപ്പണത്തെ സംബന്ധിച്ചു നിലനിന്നിരുന്ന വ്യത്യസ്തതകൾ നമ്മുടെ ഐക്യബോധത്തെ ദോഷകരമായി ബാധിച്ചിരുന്നു. ഇതിനു പരിഹാരമായിട്ടായിരുന്നു സിനഡു തീരുമാനിച്ചതും ശ്ലൈഹിക സിംഹാസനം അംഗീകരിച്ചതുമായ ഏകീകൃത കുർബാനയർപ്പണ രീതി നടപ്പിലാക്കാൻ സഭ ആഗ്രഹിച്ചത്. അതിൻ പ്രകാരം ഏകീകൃത കുർബാനയർപ്പണരീതി പൂർണമായി നടപ്പിലാക്കിയ രൂപതകളെയും ഇടവകകളെയും സഭ നന്ദിയോടെ അനുസ്മരിക്കുന്നു. പരിശുദ്ധ പിതാവ് അന്തിമതീരുമാനം അറിയിച്ചുകഴിഞ്ഞ ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതി സീറോമലബാർസഭയിൽ ഉടനീളം മാറ്റമില്ലാതെ തുടരേണ്ടതാണ്. 2025 ജൂൺ 26-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു മാത്രമായി നല്കപ്പെട്ട സർക്കുലർ ഈ തീരുമാനത്തിന്റെ തുടർച്ചയാണ്. പ്രസ്തുത സർക്കുലർപ്രകാരം ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഏകീകൃതരീതിയിൽ ഒരു വിശുദ്ധ കുർബാനവീതം ചൊല്ലിത്തുട ങ്ങിയ അതിരൂപതയിലെ വൈദികരെ സിനഡു നന്ദിയോടെ ഓർമിക്കുന്നു. ഏകീകൃത കുർബാനയർപ്പണരീതി ഘട്ടംഘട്ടമായി നടപ്പിലാക്കി ഐക്യത്തിലേക്കു വളർത്താനുള്ള ഉത്തരവാദിത്വം മേജർ ആർച്ചുബിഷപ്പിനെയും അതിരൂപതയ്ക്കുവേണ്ടിയുള്ള വികാരിയെയും സിനഡു ചുമതലപ്പെടുത്തി.

ആരാധനക്രമത്തിലെ അനൈക്യം നമ്മെ എല്ലാവരെയും ഏറെ വേദനിപ്പിക്കുന്നു. ആരെയും മുറിപ്പെടുത്തിക്കൊണ്ടു യഥാർഥ ഐക്യം സാധ്യമാക്കാനാവാത്തതിനാൽ പരസ്പരം മുറിപ്പെടുത്തുന്നവരാകാതെ സുഖപ്പെടുത്തുകയും ബലപ്പെടുത്തുകയും ചെയ്യുന്നവരാകാൻ നമുക്കു പരിശ്രമിക്കാം. ഏകീകൃത ആരാധനക്രമത്തെ സംബന്ധിച്ചു നിലനില്ക്കുന്ന ഭിന്നതകൾ പരിഹരിക്കാനുള്ള ആദ്യവഴി, പരിശുദ്ധ റൂഹായെ ശ്രവിച്ചു സഭയ്ക്കു വിധേയപ്പെടുകയും വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അനുരഞ്ജനം സാധ്യമാക്കു കയുമാണ്. വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് ഓർമിക്കാം: 'അവൻ നമ്മുടെ സമാധാനമാണ്; അവൻ ഇരുകൂട്ടരെയും ഒരുമിപ്പിക്കുകയും ശത്രുതയുടെ മതിലുകൾ തകർക്കുകയും ചെയ്തു' (എഫേസൂസ് 2:14). അതിനാൽ, വ്യക്തികളും സമൂഹങ്ങളും തമ്മിലുള്ള അകല്ച്ചകൾ ഇല്ലാതാക്കി എല്ലാവരെയും അനുരഞ്ജന ത്തിലേക്കു നയിക്കാൻ സഭ മുഴുവനും പ്രതിജ്ഞാബദ്ധമാണ്. പരിശുദ്ധ പിതാവു ഫ്രാൻസിസ് പാപ്പ നമ്മുടെ സഭയ്ക്കു നല്കിയ സന്ദേശത്തിൽ പറഞ്ഞു: 'ഐക്യം നിലനിറുത്തുന്നത് ഒരു നല്ല ഉപദേശം മാത്രമല്ല കർത്തവ്യവുമാണ്. ഐക്യം നിലനിറുത്താനുള്ള കർത്തവ്യം ഓരോ വിശ്വാസിക്കും ഉണ്ടെന്നതു നമുക്കു തിരിച്ചറിയാം.

## പരിശുദ്ധ കുർബാനയോടുള്ള സ്നേഹത്തിൽ വളരാം

ക്രൈസ്തവജീവിതത്തിന്റെ ഉറവിടവും മകുടവുമാണു പരിശുദ്ധ കുർബാന. നമ്മുടെ കർത്താവു പാപികളും അയോഗ്യരുമായ നമ്മിലേക്കു കടന്നുവരുന്ന അമൂല്യനിമിഷങ്ങളാണ് വിശുദ്ധ കുർബാനയിൽ നാം അനുഭവിക്കുന്നത്. അത്യാദരവോടും ഭക്തിയോടും കൂടെവേണം പരിശുദ്ധ കുർബാനയെ സമീപിക്കാൻ. നമ്മുടെ സഭയിൽ പരിശുദ്ധ കുർബാനയെ അവഹേളിക്കുന്ന ചില സംഭവങ്ങൾ ഉണ്ടായതു നമ്മെ ഏറെ വേദനിപ്പിക്കുകയും അനേകർക്ക് ഉതപ്പിനു കാരണമാകുകയും ചെയ്തിട്ടുണ്ട്. ഇതിനു മാനുഷികമായ പരിഹാരങ്ങൾ അപര്യാപ്തമാണെങ്കിലും പരിശുദ്ധ കുർബാന യോടുള്ള ഭക്തിയിൽ വളരാനും പരിശുദ്ധ കുർബാനയ്ക്കു നേരേ ഉണ്ടായ അവഹേളനത്തിനു പരിഹാരം ചെയ്യാനുമായി 2025 സെപ്റ്റംബർ 12 വെള്ളിയാഴ്ച സീറോമലബാർ സഭ മുഴുവനിലും ഒരു മണിക്കൂർ വിശുദ്ധ കുർബാനയുടെ ആരാധന നടത്താൻ ഞാൻ എല്ലാവരെയും ആഹ്വാനംചെയ്യുന്നു.

## സഭയുടെ സിനഡാത്മകത

സഭാജീവിതത്തെ പുതിയ കാലത്തിനനുസരിച്ചു നിർവചിച്ച സുപ്രധാനമായൊരു കാൽവയ്പ്പായിരുന്നു 2023, 2024 വർഷങ്ങളിൽ റോമിൽ നടന്ന സിനഡാലിറ്റിയെക്കുറിച്ചുള്ള സിനഡുസമ്മേളന ങ്ങൾ. സഭയിൽ നാമെല്ലാം സഹയാത്രികരാണെന്നുള്ള തിരിച്ചറിവോടെ, ക്രിയാത്മകമായ

ശ്രവണത്തിന്റെയും ആശയവിനിമയ ത്തിന്റെയും വേദികളാക്കി സഭാഘടകങ്ങളെ മാറ്റാനുള്ള മാർഗങ്ങളെ ക്കുറിച്ചു സിനഡു പഠിക്കുകയും വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തി, സാധിക്കുന്നവരെയെല്ലാം ശ്രവിച്ചു അനുയോജ്യമായ കർമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ രൂപതകളെ ചുമതലപ്പെടുത്തുകയും ചെയ്തു.

### സമുദായ ശക്തീകരണവർഷം 2026

ഒരു സമുദായം എന്നനിലയിൽ സാമൂഹികയിടങ്ങളിൽ നാം മുന്നേറിയിരുന്ന പല മേഖലകളിലും ഇപ്പോൾ പിന്നാക്കം പോയിരിക്കുന്നുവെന്ന തിരിച്ചറിവായിരുന്നു പാലായിൽ നടത്തപ്പെട്ട മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി പ്രകടിപ്പിച്ചത്. എണ്ണത്തിൽ നാം കുറഞ്ഞതും യുവതലമുറ വിദേശരാജ്യങ്ങളിലേക്കു പറിച്ചു നടപ്പെടുന്നതും നമ്മുടെ അതിജീവനത്തിനു വലിയ വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഇവയ്ക്കു പരിഹാരം കാണു ന്നതിനും നമ്മുടെ ഇടയിൽ ശക്തമായ സമുദായബോധം ഉളവാക്കുന്നതിനുമായി സീറോമലബാർസഭ 2026 സമുദായ ശക്തീകരണവർഷമായി ആചരിക്കുകയാണ്. എല്ലാ രൂപതകളുടെയും നേതൃത്വത്തിൽ ബോധവല്ക്കരണപരിപാടികൾ ആരംഭിക്കാനും നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനുപകരിക്കുന്ന ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാ ക്കാനും ഈ വർഷം എല്ലാവരെയും ആഹ്വാനം ചെയ്യുന്നു.

### പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ

സീറോമലബാർസഭയുടെ വളർച്ചയിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ടു കേരളത്തിനു പുറത്തു നാലു പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകൾ രൂപീകരിക്കാനും, ഷംഷാ ബാദ് രൂപതയുടെ വിസ്തൃതമായ പ്രദേശങ്ങളെ അജപാലനസൗകര്യം പരിഗണിച്ചു കൊണ്ടു മറ്റു രൂപതകളുമായി കൂട്ടിച്ചേർത്തു അവയുടെ അതിർത്തികളെ പുനർനിർണയിക്കാനും പരിശുദ്ധ സിംഹാസന ത്തിന്റെ അനുവാദത്തോടെ നമുക്കു സാധിച്ചു. ഭാരതം മുഴുവനിലും അജപാലനാധികാരമുണ്ടായിരുന്ന മാർത്തോമാ നസ്രാണികളുടെ പുരാതനമായ സഭാഘടനയിലേക്കുള്ള സുപ്രധാനമായ ചുവടു വയ്പ്പാണിത്. പുതിയ മെത്രാപ്പോലീത്തൻ പ്രവിശ്യകളായി ഉയർത്തപ്പെട്ട ഫരീദാബാദ്, ഉജ്ജയിൻ, കല്യാൺ, ഷംഷാബാദ്, എന്നീ അതിരൂപതകൾക്കും അവയുടെ അധ്യക്ഷന്മാരായ മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ സെബാസ്റ്റ്യൻ വടക്കേൽ, മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ എന്നിവർക്കും പ്രാർഥനാശംസകൾ നേരുന്നു.

## സഭയ്ക്കു പ്രത്യാശയായി പുതിയ മെത്രാന്മാർ

കഴിഞ്ഞ എട്ടു വർഷങ്ങളായി സീറോമലബാർസഭയുടെ കൂരിയാ മെത്രാനായി സ്തുത്യർഹമായി സേവനംചെയ്തുവന്ന അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവു കല്യാൺ രൂപതയുടെ മൂന്നാമത്തെ മേലധ്യക്ഷനായും പ്രഥമ മെത്രാപ്പോലീത്തായായും നിയമിക്കപ്പെട്ടിരിക്കുകയാണ്. ആഴമായ ആത്മീയതയും സാഹോദര്യ ഭാവവും അജപാലനതീക്ഷ്ണതയും കൈമുതലായുള്ള അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിനു പുതിയ ദൗത്യത്തിൽ ദൈവാനുഗ്രഹങ്ങൾ നേരുന്നു. കഴിഞ്ഞ ഇരുപത്തൊമ്പതു വർഷങ്ങളായി കല്യാൺ രൂപതയെ നയിക്കുകയും സീറോമലബാർ സഭയുടെ ആരാധനാക്രമ ഗ്രന്ഥങ്ങളുടെ രൂപീകരണത്തിൽ നിർണായക സംഭാവനകൾ നല്കുകയും ചെയ്ത മാർ തോമസ് ഇലവനാൽ പിതാവിനു നന്ദിയർപ്പിക്കുന്നു. ബെൽത്തങ്ങടി രൂപതയുടെ രണ്ടാമത്തെ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. ജെയിംസ് പട്ടേരിൽ അച്ചനു പ്രാർഥനാശംസകൾ നേരുന്നു. ക്ലരീഷ്യൻ സന്യാസസമൂഹാംഗമായ അദേഹത്തിന്റെ പ്രേഷിതതീക്ഷ്ണതയും പ്രാഗൽഭ്യവും ബൽത്തങ്ങടി രൂപതയെ കൂടുതൽ ഉയരങ്ങളിലേക്കു നയിക്കട്ടെ എന്നു പ്രാർഥിക്കുന്നു. കഴിഞ്ഞ 26 വർഷങ്ങളായി ബെൽത്തങ്ങടി രൂപതയെ അതിന്റെ ബാലാരിഷ്ടതകളിൽനിന്നും വളർത്തി വലുതാക്കിയ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിനെ കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. അദിലാബാദ് രൂപതയുടെ പുതിയ അധ്യക്ഷനായി നിയമിതനായ പെരിയ ബഹു. ജോസഫ് തച്ചാപറമ്പത്തു അച്ചനു ഹൃദ്യമായ പ്രാർഥനാശംസകൾ നേരുന്നു. CMI സന്യാസസമൂഹാംഗമായ അദേഹത്തിന്റെ വിശ്വാസ തീക്ഷ്ണതയും അനുഭവപരിചയവും അദിലാബാദ് രൂപതയ്ക്കു മികച്ച നേതൃത്വം നല്കാൻ കരുത്താകും. കഴിഞ്ഞ 10 വർഷങ്ങളായി തികഞ്ഞ പ്രേഷിതചൈതന്യത്തോടെ അദിലാബാദ് രൂപതയെ നയിക്കുകയും ഇപ്പോൾ ഷംഷാബാദ് രൂപതാധ്യക്ഷനായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്ന മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവിനു ഹൃദയപൂർവം നന്ദിപറയുന്നു.

## പ്രിയപ്പെട്ടവരേ,

സീറോമലബാർസഭ ഒരു തികഞ്ഞ പൗരസ്ത്യസഭയാണെന്നും പുരാതനമായ അതിന്റെ പൈതൃകങ്ങൾ സംരക്ഷിച്ചുകൊണ്ടാണു സാർവത്രികസഭയിൽ അതിന്റെ ദൗത്യം നിറവേറ്റേണ്ടതെന്നുമുള്ള ബോധ്യത്തിൽ നാം വളരേണ്ടതുണ്ട്. പൗരസ്ത്യസഭകളുടെ ജൂബിലി ആഘോഷാവസരത്തിൽ പരിശുദ്ധ പിതാവ് ലെയോ മാർപാപ്പ ഇപ്രകാരം പറഞ്ഞു: 'പൗരസ്ത്യസഭകൾക്കു സാർവത്രികസഭയ്ക്കു നല്കാൻകഴിയുന്ന സംഭാവനകൾ വളരെ വലുതാണ്.

നിങ്ങളുടെ ആരാധനക്രമത്തിൽ സജീവമായി നിലനില്ക്കുന്ന ദിവ്യരഹസ്യാത്മ കതയുടെ ഭാവങ്ങൾ വീണ്ടടുക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. മനുഷ്യനെ, അവന്റെ പൂർണതയിൽ ഉൾക്കൊള്ളുന്ന, രക്ഷയുടെ സൗന്ദര്യത്തെ പ്രകീർത്തിക്കുന്ന, ദൈവത്തിന്റെ മഹത്വം മാനുഷിക ബലഹീനതയെ എങ്ങനെ ആശ്ലേഷിക്കുന്നുവെന്നതിൽ അത്ഭുതബോധം ഉണർത്തുന്ന, പൗരസ്ത്യ ആരാധനക്രമ പാരമ്പര്യ ങ്ങളെ വീണ്ടടുക്കുകയും നിലനിറുത്തുകയും ചെയ്യണം. പ്രായോഗി കതയുടെയോ സൗകര്യത്തിന്റെയോ പേരിൽ അവയെ നഷ്ടപ്പെടു ത്തരുത്. നമ്മുടെ സഭയുടെ പൗരസ്ത്യതനിമയും ആരാധനക്രമത്തിന്റെ വൈശിഷ്ട്യവും പഠിക്കാൻ നാം തയ്യാറാകുമ്പോൾ ഐക്യശ്രമങ്ങൾ ഫലവത്താകും എന്നതു തീർച്ചയാണ്. വെല്ലുവിളി കളുടെ നടുവിൽ കരുത്തോടെ പ്രകാശിച്ച ചരിത്രമാണു നമ്മുടെ സഭയുടേത്. ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷ സന്ദേശം അറിയിക്കാൻ വിളിക്കപ്പെട്ട നമുക്കു വിശ്രമമില്ലാതെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവവചനത്തിലും കൂദാശകളിലും നിന്നു ശക്തി സംഭരിച്ചുകൊണ്ടു കൂട്ടായ്മയിൽ വളർന്നു സഭയുടെ ദൗത്യത്തെ ശക്തിപ്പെടുത്താൻ നമുക്കു സാധിക്കട്ടെ!

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാ വിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ട വരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്ത നങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയ ത്തിൽ നിന്നു 2025-ാം ആണ്ട് ആഗസ്റ്റു മാസം 29-ാം തീയതി നല്കപ്പെട്ടത്.

**✠ മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

*ഈ സർക്കുലർ 2025 സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച സീറോമലബാർസഭ യിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരി കളിലും വിശുദ്ധ കുർബാനമധ്യേ വാ യിക്കാൻ നൽകിയത്.*

*സർക്കുലർ 23/2025*

# റൂബി ജൂബിലി ഒക്ടോബർ മാസം ചെറുപുഷ്പ മിഷൻ ലീഗ്

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ദൈവപരിപാലനയുടെ 40 വർഷക്കാലം അനേകർക്ക് ആത്മീയ വെളിച്ചം പകർന്നു നൽകി താമരശ്ശേരി രൂപത റൂബി ജൂബിലി നിറവിലായിരിക്കുകയാണ്. അടിയുറച്ച വിശ്വാസവും കരുത്തുറ്റ ആത്മീയതയും തളരാത്ത പോരാട്ടവീര്യവും കൈമുതലായുണ്ടാ യിരുന്ന ഒരു ജനതയുടെ വിശ്വാസസാക്ഷ്യമാണ് പിന്നിട്ട 40 വർഷങ്ങൾ. ദൈവാശ്രയത്തോടെയുള്ള സീറോ മലബാർ സഭയുടെ വിശ്വാസ യാത്രയിൽ താമരശ്ശേരി രൂപത സ്തുത്യർഹമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്നു. രൂപതയുടെ ആത്മീയ മുന്നേറ്റത്തിൽ വലിയ ചാലകശക്തിയായി പ്രവർത്തിക്കുന്ന സംഘടനയാണ് ചെറുപുഷ്പ മിഷൻ ലീഗ്. ക്രിസ്തുവിന്റെ ശരീരമായ സഭയ്ക്കുവേണ്ടി കുഞ്ഞുമിഷനറിമാരെ നെയ്തെടുക്കുന്ന മിഷൻ ലീഗിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഈ പ്രവർത്തനങ്ങൾക്ക് നിങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹകരണത്തിനും ഞാൻ നന്ദി അറിയിക്കുന്നു.

'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന പതിമൂന്നാം ലെയോ മാർപാപ്പയുടെ വാക്കുകൾ ആപ്തവാക്യമായി സ്വീകരിച്ച്, ഭാരതത്തിലെ പ്രേഷിത പ്രവർത്തനങ്ങൾക്ക് കരുത്തും വേഗതയും പകരുവാൻ വിശുദ്ധ അൽഫോൻസാമ്മയിൽ നിന്നും പ്രചോദനവും ആശയവും സ്വീകരിച്ച് 1947 ൽ ഭരണങ്ങാനത്ത് വളരെ ലളിതമായി ആരംഭിച്ചതാണ് മിഷൻ ലീഗ്. പ്രേക്ഷിത പ്രവർത്തനം, വ്യക്തിത്വ വികസനം, ദൈവവിളി പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങളെ മുൻനിർത്തി ചെറുപുഷ്പ മിഷൻ ലീഗ് ബാലിക ബാലന്മാർക്കും യുവതിയുവാക്കൾക്കും പരിശീലനവും കാഴ്ചപ്പാടുകളും നൽകിക്കൊണ്ടി രിക്കുന്നു.

കുടിയേറ്റ ജനതയുടെ മക്കളുടെ വിശ്വാസ പരിശീലന വഴികളിൽ മിഷൻ ലീഗ് സവിശേഷമായ പങ്കുവഹിച്ചിട്ടുണ്ട്. പള്ളിയും പള്ളിക്കൂടങ്ങളും സ്ഥാപിക്കുമ്പോൾ തന്നെ തങ്ങളുടെ കുഞ്ഞു ങ്ങൾക്കും യുവാക്കൾക്കും പ്രവർത്തിക്കാൻ മിഷൻ ലീഗിനെയും അവർ കൂടെ കൂട്ടി എന്നത് ഒരു വസ്തുതയാണ്. മലബാറിൽ ആദ്യമായി മിഷൻ ലീഗ് ശാഖകൾ തുടങ്ങിയത് 1951 ജൂൺ ഒന്നിന് കണ്ണോത്തും നവംബറിൽ തിരുവമ്പാടിയിലുമാണെന്നുള്ളത്

താമരശ്ശേരി രൂപത അംഗങ്ങൾ എന്ന നിലയിൽ നമുക്ക് അഭിമാനത്തിന് വക നൽകുന്നു. 1986ൽ താമരശ്ശേരി രൂപത സ്ഥാപിതമാകുമ്പോൾ 6 മേഖലകളിലായി മിഷൻ ലീഗിന്റെ പ്രവർത്തനം തുടങ്ങി. ഇന്ന് 11 മേഖലകളിലായി 123 ശാഖകളും പന്ത്രണ്ടായിരത്തിലധികം സജീവ അംഗങ്ങളും സംഘടനയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഇടവകകളിലും മിഷൻ ലീഗ് സജീവമായി പ്രവർത്തിച്ച് ധാരാളം പ്രേക്ഷിതരെ വളർത്തി സഭയ്ക്ക് നൽകാൻ നേതൃത്വം വഹിച്ചുവെന്നത് ഞാൻ കൃതജ്ഞതയോടെ അനു സ്മരിക്കുന്നു.

താമരശ്ശേരി രൂപത റൂബി ജൂബിലിക്ക് ഒരുങ്ങുമ്പോൾ മിഷൻ ലീഗിനും അഭിമാനിക്കാൻ ഏറെയുണ്ട്. രൂപതയുടെ റൂബി ജൂബിലി ആഘോഷങ്ങളോട് ചേർന്ന് സംഘടനയുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ മാസമായ ഒക്ടോബറിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ചെറുപുഷ്പ മിഷൻ ലീഗ് ആണ്. ഇതുമായി ബന്ധപ്പെട്ടുള്ള മിഷൻ ലീഗ് പ്രവർത്തനങ്ങൾ അണിയറയിൽ സജ്ജമായി കഴിഞ്ഞു. ‘സ്നേഹാദരവ്’, ‘ഓർമ്മച്ചെപ്പ്’, ‘മിഷൻ ചെയിൻ റോസറി’, ‘കാഴ്ചവെപ്പ്’, ‘മെഗാ ഗൂഗിൾ മീറ്റ്’ എന്നീ പരിപാടികൾ ഇതിന്റെ ഭാഗമാണ്.

‘പ്രേക്ഷിത പ്രവർത്തനമാണ് ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയം’ എന്ന് 2021 ലെ വേൾഡ് മിഷൻ ഡേയിൽ ഫ്രാൻസിസ് മാർപാപ്പ പറയുകയുണ്ടായി. സഭയോടൊത്തു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന, കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് യേശുവിന്റെ സുവിശേഷ ദൗത്യം പൂർത്തിയാക്കുന്ന അംഗങ്ങളെ വാർത്തെടുക്കാൻ മിഷൻ ലീഗിന് സാധിക്കുന്നുണ്ട് എന്നത് ഏറെ പ്രത്യാശ നൽകുന്നു. ‘സ്നേഹിക്കുക എന്നതാണ് എന്റെ ദൈവവിളി’ എന്ന് പറഞ്ഞ വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ, ‘സഹനമില്ലാത്ത ഒരു ദിവസം, നഷ്ടമായ ഒരു ദിവസമാണ്’ എന്നു പറഞ്ഞ അൽഫോൻസാമ്മ യെപ്പോലെ ക്രിസ്തുസ്നേഹത്താൽ ജ്വലിക്കുന്നവരാകാൻ ഈ ജപമാല മാസത്തിലെ പ്രവർത്തനങ്ങൾ വഴി എല്ലാ മിഷൻ ലീഗ് അംഗങ്ങൾക്കും സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. ദൈവത്തിന്റെ കൃപ നിങ്ങളോടൊപ്പം ഉണ്ടായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

+Remigius

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2025 സെപ്റ്റംബർ 21-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും വായിക്കാൻ നൽകിയത്.*

*സർക്കുലർ 24/2025*

# മാർ ജേക്കബ് തൂങ്കുഴി പിതാവിന് ആദരാഞ്ജലികൾ




മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

1995–97 കാലഘട്ടത്തിൽ നമ്മുടെ രൂപതയെ നയിച്ച, മേൽപ്പട്ട ശുശ്രൂഷയിലൂടെ ഇടയനടുത്ത സേവനം താമരശ്ശേരി രൂപതയിലെ ദൈവജനത്തിന് നൽകിയ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് 2025 സെപ്റ്റംബർ 17ന് നിത്യപിതാവിന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ടുവല്ലോ. അഭിവന്ദ്യ പിതാവിലൂടെ നമ്മുടെ രൂപതയ്ക്കും സമൂഹത്തിനും ലഭിച്ച നിരവധിയായ അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദിയർപ്പിക്കുകയും വത്സല പിതാവിന്റെ ആത്മാവിന് നിത്യശാന്തി നേരുകയും ചെയ്യാം.

സ്നേഹവും വിനയവും നിറഞ്ഞ പിതാവ് പ്രാർഥനയിലൂടെയും ആത്മസമർപ്പണത്തിലൂടെയും സൗമ്യമായ ഇടപെടലിലൂടെയും താമരശ്ശേരി രൂപതയിലെ അജഗണത്തിന്റെ ഹൃദയത്തിൽ ഇടം നേടിയ ആത്മീയാ ചാര്യനായിരുന്നു. രൂപതയെ ആത്മീയമായി വളർത്താനും സമൂഹത്തിന് മുന്നിൽ സഭയുടെ കരുണയുടെ മുഖമായി മാറാനും പിതാവിന് സാധിച്ചു. 'ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നത് വരെ ഞാൻ നിങ്ങൾക്ക് വേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു' (ഗലാ. 4,19) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ആപ്തവാക്യമായി സ്വീകരിച്ച അഭിവന്ദ്യ പിതാവിന്റെ ജീവിതവും വാക്കുകളും ഇന്നും നമ്മുടെ വിശ്വാസ സമൂഹത്തെ പ്രചോദിപ്പിക്കുകയും ആത്മീയ ഉണർവ് നൽകുകയും ചെയ്യുന്നു.

പിതാവിന്റെ ഭൗതികദേഹം അടക്കപ്പെടുന്നത് നമ്മുടെ രൂപതയിലെ കോഴിക്കോട്, കോട്ടുളിയിലുള്ള ക്രിസ്തുദാസി സന്യാസിനി സമൂഹത്തിന്റെ ജനറലേറ്റ് കപ്പേളയിലാണ് എന്നത് ദൈവത്തിന്റെ പരിപാലനയും പിതാവിന്റെ മാധ്യസ്ഥ്യം തേടി പ്രാർഥിക്കാനുള്ള അവസരവുമായി നമുക്ക് കരുതാം.

സെപ്റ്റംബർ 22, തിങ്കളാഴ്ച രാവിലെ 9.30ന് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ, ആരംഭിക്കുന്ന മൃതസംസ്കാര ശുശ്രൂഷയുടെ വിവിധ ഘട്ടത്തിലും വിശുദ്ധ കുർബാനയിലും നമ്മുടെ രൂപതയിൽ നിന്ന് സാധിക്കുന്ന എല്ലാവരും പങ്കെടുക്കണ മെന്ന് ഞാൻ അഭ്യർഥിക്കുന്നു. ലൂർദ്ദ് കത്തീഡ്രലിലെ ശുശ്രൂഷകൾക്ക് ശേഷം, ദേവഗിരി സെന്റ് ജോസഫ്സ് പള്ളിയിൽ അന്ന്

വൈകുന്നേരം 4.00 ന് ഭൗതികദേഹം പൊതുദർശനത്തിനായി എത്തിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും ദേവഗിരി പള്ളിയിലെ പൊതുദർശനത്തിൽ പങ്കെടുക്കണമെന്നും അഭിവന്ദ്യ പിതാവിനു വേണ്ടി പ്രാർഥിക്കണ മെന്നും അഭ്യർഥിക്കുന്നു. വികാരിയച്ചന്മാർ ഇതിനായി എല്ലാ സജ്ജീകരണങ്ങളും ഇടവകതലത്തിൽ ഒരുക്കുമല്ലോ.

പൊതുദർശനത്തിന് ശേഷം അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ ഭൗതികദേഹം ക്രിസ്തുദാസി ജനറലേറ്റിലേക്ക് നിത്യവിശ്രമത്തി നായി കൊണ്ടുപോകുന്നതാണ്. സ്ഥലപരിമിതിമൂലം വളരെ കുറച്ച് പേർക്ക് മാത്രമേ അവിടെ നടക്കുന്ന മൃതസംസ്കാര ശുശ്രൂഷയുടെ സമാപന പ്രാർഥനകളിൽ പങ്കുചേരാൻ സാധിക്കുകയുള്ളു എന്ന് അറിയിക്കുകയാണ്.

അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് സ്നേഹാഞ്ജലികളും പ്രാർഥനാഞ്ജലികളും അർപ്പിക്കുന്നതിന്റെ ഭാഗമായി നല്കുന്ന ഈ നിർദ്ദേശങ്ങൾ നിങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. അഭിവന്ദ്യ പിതാവിന്റെ ആത്മശാന്തിക്കായി ഇടവകകളിലും സ്ഥാപനങ്ങളിലും മൃതസംസ്കാരദിനമായ തിങ്കളാഴ്ച വി. കുർബാനയും ഒപ്പീസും ചൊല്ലേണ്ടതാണ്.


2. പ്രിയപ്പെട്ട പിതാവിനോടുള്ള ആദരസൂചകമായി താമരശ്ശേരി രൂപതയിലെ എല്ലാ സ്കൂളുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും തിങ്കളാഴ്ച (സെപ്റ്റംബർ 22) അവധിയായിരിക്കും.

3. അഭിവന്ദ്യ പിതാവിനോടുള്ള ആദരസൂചകമായി പുഷ്പചക്ര ങ്ങൾ സമർപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നില്ല.

4. മൃതസംസ്കാര ശുശ്രൂഷകളിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് തൽസമയ സംപ്രേഷണത്തിന്റെ ഓൺ ലൈൻ ലിങ്ക് ഇടവക ഗ്രൂപ്പുകളിൽ ലഭ്യമായിരിക്കും.

ആത്മീയതയുടെ നിറനിലാവും അജപാലന നേതൃത്വത്തിന് വിശുദ്ധിയുടെ നൈർമല്യവും നല്കിയ അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ് നമ്മുടെ ഓർമ്മകളിൽ എന്നും ദീപ്ത സ്മരണയായിരിക്കട്ടെ. മാനന്തവാടി രൂപതയുടെ പ്രഥമ മെത്രാനും നമ്മുടെ രൂപതയുടെ ദ്വിതീയ മെത്രാനും തൃശ്ശൂർ അതിരൂപതയുടെ മെത്രാപ്പോലീത്തയുമായിരുന്ന, ഏവർക്കും പ്രിയങ്കരനായ ജേക്കബ് തൂങ്കുഴി പിതാവിന് മാതൃരൂപതയായ താമരശ്ശേരിയുടെ പ്രണാമവും പ്രാർഥനയും നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,



**✠റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ സർക്കുലർ 2025 സെപ്റ്റംബർ 21-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ പള്ളികളിലും വായിക്കാൻ നൽകിയത്.*

**ഹൃദയപൂർവം 05/2025**

# കുട്ടികൾക്കായി അഭിവന്ദ്യ പിതാവിന്റെ കത്ത്

ഏറ്റവും വാത്സല്യമുള്ള കുഞ്ഞുമക്കളേ, ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ.

ഓണാവധിയൊക്കെ കഴിഞ്ഞ് വീണ്ടും സ്കൂൾ ജീവിതത്തിന്റെ തിരക്കിലായിരിക്കുമല്ലോ എല്ലാവരും. ഇനി വിവിധ മത്സരങ്ങളുടെ സമയം കൂടിയാണല്ലോ. കലാകായിക മത്സരങ്ങളിൽ സാധിക്കുന്ന എല്ലാവരും പങ്കുചേരണം, അതൊരു അവസരമായി പ്രയോജന പ്പെടുത്തണം. ജയിച്ചോ തോറ്റോ എന്നത് പരമപ്രധാനമായി കണക്കാക്കരുത്; പങ്കെടുക്കുക എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. മത്സരങ്ങൾ നമ്മിൽ ആത്മവിശ്വാസവും ധൈര്യവും വളരാനും വ്യക്തിത്വം വികാസം പ്രാപിക്കാനും സഹായിക്കും. അതുകൊണ്ട് എല്ലാവരും ഏതെങ്കിലും ഒരു മത്സരത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം.

ഒക്ടോബർ മാസത്തിന്റെ പ്രാധാന്യം നിങ്ങൾക്ക് അറിയാമല്ലോ; മിഷൻ മാസമാണ്. ലോകമെങ്ങും പ്രവർത്തിക്കുന്ന മിഷണറി മാരെ ഓർക്കുകയും പ്രാർഥിക്കുകയും സഹായിക്കുകയും ചെയ്യുന്ന മാസം. ഒക്ടോബർ മാസം നമ്മുടെ രൂപതയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു മാസം കൂടിയാണ്. പഞ്ചാബ് എന്നൊരു സംസ്ഥാനത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ! നമ്മുടെ മനസ്സിലേക്ക് പെട്ടെന്ന് ഓർമ്മ വരുന്നത് സിക്കുകാരും സുവർണ്ണ ക്ഷേത്രവും ഒക്കെ ആയിരിക്കും അല്ലേ? ഒക്ടോബർ മാസം രണ്ടാമത്തെ ആഴ്ച പഞ്ചാബിൽ താമരശ്ശേരി രൂപത ഒരു മിഷൻ കേന്ദ്രം ഔദ്യോഗികമായി ആരംഭിക്കുകയാണ്. നമ്മുടെ രൂപതയിൽ നിന്നുള്ള രണ്ടു വൈദികർ അവിടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ഈ മിഷൻ കേന്ദ്രത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനത്തിന് ഞാൻ പോകുന്നുണ്ട്. അടുത്തമാസത്തെ കത്തിൽ പഞ്ചാബിലെ വിശേഷങ്ങൾ നിങ്ങളെ ഞാൻ അറിയിക്കാം. 'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ'; ഇതാണ് ഈശോ നമുക്ക് നൽകിയ കല്പന. അതുകൊണ്ട് നമുക്കെല്ലാവർക്കും സുവിശേഷം പ്രസംഗിക്കാ നുള്ള കടമയുണ്ട്. അതിന്റെ ഭാഗമായാണല്ലോ ഒക്ടോബർ മാസത്തിൽ മിഷൻ ഞായർ നാം

ആചരിക്കുന്നത്. ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 19-ാം തീയതിയാണ്. പഞ്ചാബ് മിഷനെ ഓർത്തുകൊണ്ട് എല്ലാ മിഷൻ പ്രവർത്തനങ്ങളെയും വിജയിപ്പി ക്കാൻ നിങ്ങളെല്ലാവരും ഒരു ഹൃദയവും ഒരു ആത്മാവുമായി തീക്ഷ്ണതയോടെ പരിശ്രമിക്കണം കേട്ടോ.

മിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥർ ആരൊക്കെയാണെന്ന് നിങ്ങൾക്കറിയാമോ? വി. ഫ്രാൻസിസ്സേവ്യർ, വി. കൊച്ചുത്രേസ്യ. വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ നിങ്ങൾ ആചരിച്ചോ? ആഘോഷിച്ചോ? ഒക്ടോബർ ഒന്നാം തീയതി ആയിരുന്നു തിരുനാൾ. വിശുദ്ധ കൊച്ചുത്രേസ്യായെ എന്നാണ് മിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥയായി പ്രഖ്യാപിച്ചതെന്ന് നിങ്ങൾ ക്കറിയാമോ? 1925 ജൂലൈ 21ന് പതിനൊന്നാം പീയൂസ് മാർപാപ്പയാണ് ഈ വലിയ പ്രഖ്യാപനം നടത്തിയത്. വെറും ഒൻപതു വർഷം മാത്രം ലിസ്യൂവിലെ മിണ്ടാമഠത്തിൽ ജീവിച്ച് 24-ാം വയസ്സിൽ മരിച്ചുപോയ വിശുദ്ധ കൊച്ചുത്രേസ്യയെ അന്താരാഷ്ട്ര പ്രേക്ഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥയായി പ്രഖ്യാപിച്ചത് എന്തുകൊണ്ടാണെന്നറിയാമോ? പതിനാലാം വയസ്സിലാണ് വിശുദ്ധ മഠത്തിൽ ചേരണമെന്ന് തീരുമാന മെടുത്തത്. 20 വയസ്സ് കഴിഞ്ഞവരെ മാത്രമേ മഠത്തിൽ സ്വീകരിച്ചിരുന്നുള്ളൂ. മെത്രാന്റെ പ്രത്യേക അനുവാദത്തോടു കൂടിയാണ് വിശുദ്ധ പതിനഞ്ചാമത്തെ വയസ്സിൽ മഠത്തിൽ ചേരുന്നത്. മഠത്തിൽ ചേരണം എന്ന ആഗ്രഹം വത്സലനിധിയായ പിതാവിനെ അറിയിച്ചു കഴിഞ്ഞപ്പോൾ ഒരു ചിന്ത വിശുദ്ധയിൽ ഉടലെടുത്തു, 'ഞാനെന്തിനാണ് മഠത്തിൽ ചേരുന്നത്?' ഇതിനുള്ള ഉത്തരം ഒരു ദർശനമായിട്ടാണ് ആ കൊച്ചു കുട്ടിക്ക് ഈശോ നൽകുന്നത്.

താൻ വായിച്ചുകൊണ്ടിരുന്ന ആത്മീയ ഗ്രന്ഥത്തിന് അടയാളമായി വിശുദ്ധ വെച്ചിരുന്നത് ക്രൂശിതനായ ഈശോയുടെ ഒരു ചിത്രമായിരുന്നു. പുസ്തകം തുറന്നപ്പോൾ ആ ചിത്രത്തിലെ ക്രൂശിത രൂപത്തിന്റെ രണ്ട് കൈകളിൽ നിന്നും രക്തം ധാരധാരയായി ഒഴുകുന്നു. തെരേസ ഇപ്രകാരം ചോദിച്ചു, 'ഈ രക്തം ശേഖരിക്കാൻ ആരുമില്ലേ?' അപ്പോൾ കുരിശിലെ യേശുവിന്റെ തിരുമുഖത്ത് നിന്ന് ഒരു നിലവിളി അവൾ കേട്ടു; 'എനിക്ക് ദാഹിക്കുന്നു'. വിശുദ്ധയ്ക്ക് തന്റെ ദൗത്യം എന്താണെന്ന് മനസ്സിലായി, ആത്മാക്കളുടെ രക്ഷയ്ക്ക് വേണ്ടിയാണ് താൻ മഠത്തിൽ ചേരേണ്ടതും ഇനി മുതൽ ജീവിക്കേണ്ടതും. തനിക്കു ലഭിച്ച ദർശനം ശരിയാണോ തെറ്റാണോ എന്നറിയാൻ വിശുദ്ധ ഈശോയോട് ഒരു അടയാളം ചോദിച്ചു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട

പ്രിൻസീനി എന്ന കൊലയാളിക്ക് മാനസാന്തരം ഇല്ല എന്ന് പത്രത്തിൽ നിന്ന് കൊച്ചു തെരേസ മനസ്സിലാക്കി. അവൾ ഇപ്രകാരം തീരുമാനിച്ചു: കൊച്ചു കൊച്ചു ത്യാഗങ്ങൾ ചെയ്തു ഞാൻ പ്രിൻസീനിയുടെ മാനസാന്തരത്തിനുവേണ്ടി പ്രാർഥിക്കും. പിന്നീട് എന്താണ് ആ കൊച്ചു കുട്ടി ചെയ്തത് എന്ന് നിങ്ങൾക്കറിയാമോ? രുചികരമായ ഭക്ഷണം ലഭിച്ചപ്പോൾ അതു വേണ്ട എന്ന് വെച്ചു, കസേരയിൽ ചാരാതെ നേരെ ഇരുന്നു, ആരും ആവശ്യപ്പെടാതെ തന്നെ വീടെല്ലാം വൃത്തിയാക്കി, തന്നോട് ദേഷ്യപ്പെട്ടവരോട് തിരികെ ഒന്നും തന്നെ പറയാതെ അവരോട് ക്ഷമിച്ചു. ഇത്തരം കാര്യങ്ങളാണ് നമ്മുടെ കൊച്ചു തെരേസ ചെയ്തത്. അത്ഭുതം! കൊലക്കളത്തിലേക്ക് എത്തുന്നതിനുമുമ്പ് പ്രിൻസീനി മാനസാന്തരപ്പെട്ടു എന്ന വാർത്ത വിശുദ്ധയ്ക്ക് വായിക്കാൻ സാധിച്ചു. ദൈവം തന്റെ പ്രിയപ്പെട്ടവരെ നടത്തുന്ന വഴികൾ എത്ര മനോഹരമാണ്. വിശുദ്ധ തന്റെ ഒമ്പത് വർഷത്തെ ജീവിതം മുഴുവൻ മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രാർഥിക്കുകയും ത്യാഗങ്ങൾ സ്വീകരിക്കുകയും ചെയ്തു. അതുകൊണ്ടാണ് വിശുദ്ധയെ ആഗോള മിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥയായി പ്രഖ്യാപിച്ചത്.

പ്രിയ കൂട്ടുകാരേ, ഈ മിഷൻ മാസം 'ഉണ്ണീശോയുടെ വിശുദ്ധ തെരേസായെ' നമുക്ക് മാതൃകയായി സ്വീകരിക്കാം. വിശുദ്ധയെ പോലെ വിശുദ്ധരായി ജീവിക്കാൻ പ്രതിജ്ഞ എടുക്കാം. ഈശോയോടുള്ള സ്നേഹത്തെ പ്രതി വിശുദ്ധ ഒത്തിരിയേറെ ത്യാഗങ്ങൾ സ്വീകരിച്ചു. നമുക്ക് ആത്മാക്കളെ നേടാനായി പരിശ്രമിക്കാം. എല്ലാവർക്കും മിഷൻ ദിനത്തിന്റെയും തിരുനാളിന്റെയും എല്ലാ മംഗളങ്ങളും സ്നേഹത്തോടെ ആശംസിക്കുന്നു. നിങ്ങൾക്കു വേണ്ടി ഞാൻ പ്രാർഥിക്കുന്നുണ്ട്. നിങ്ങളെനിക്കുവേണ്ടിയും പ്രാർഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,



**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

*ഈ കത്ത് വിശ്വാസ പരിശീലകർ കുട്ടികൾക്ക് അസംബ്ലിയിൽ (5 ഒക്ടോബർ 2025) വായിച്ചു കൊടുക്കേണ്ടതാണ്.*

# കച്ചേരിക്കാര്യം

### 1. അഭിവന്ദ്യ പിതാവിന്റെ നാമഹേതുകത്തിരുനാൾ

ഒക്ടോബർ 1-ാം തീയതി സ്വർഗീയമധ്യസ്ഥന്റെ തിരുനാൾ ആഘോഷിക്കുന്ന രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിനു വേണ്ടി നമുക്ക് പ്രാർഥിക്കാം. തന്റെ ശുശ്രൂഷകളിലൂടെ രൂപതയ്ക്കും ദൈവജനത്തിനും പൊതുസമൂഹത്തിനും നന്മകൾ വർഷിക്കാൻ ആവശ്യമായ ദൈവാനുഗ്രഹം പിതാവിനു ലഭിക്കട്ടെ. നാമഹേതുകതിരുനാളിന്റെ മംഗളങ്ങൾ രൂപതാകുടുംബത്തിന്റെ പേരിൽ ആശംസിക്കുന്നു.

### 2. കൊന്തനമസ്കാരം

ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ വി. കുർബാന എഴുന്നള്ളിച്ചു നടത്തുന്ന പത്തുദിവസത്തെ ആഘോഷമായ ജപമാലയർപ്പണം നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണല്ലോ. ആധുനിക കാലഘട്ടത്തിൽ പരിശുദ്ധ അമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥ്യവും അഭയവും ആശ്രയവും നമുക്ക് തേടാം. ദൈവാലയത്തിൽ കൊന്തനമസ്കാരം നടത്തുന്നതോടൊപ്പം ഇടവക കൂട്ടായ്മകളിലും പത്തുദിവസത്തെ കൊന്തനമസ്കാരം നടത്തുന്നത് ഉചിതമായിരിക്കും.

### 3. അഖണ്ഡജപമാല സമർപ്പണ സമാപനം - ഒക്ടോബർ 25

ബഥാനിയ സെന്ററിൽ ജൂലൈ 17ന് ആരംഭിച്ച 101 ദിവസത്തെ അഖണ്ഡജപമാല സമർപ്പണത്തിന്റെ സമാപനം ഒക്ടോബർ 25നാണ്. അന്നേ ദിവസം രാവിലെ 11 മണിക്ക് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. കുർബാനയിലും മറ്റ് ശുശ്രൂഷുകളിലും സാധിക്കുന്ന എല്ലാ വൈദികരും പങ്കെടുക്കണമെന്നും ദൈവജനത്തെ പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കണമെന്നും ഓർമിപ്പിക്കുന്നു. വെല്ലുവിളികൾ നിറഞ്ഞ ആധുനിക കാലഘട്ടത്തിൽ കുടുംബവിശുദ്ധീകരണത്തിനും ലോകസമാധാനത്തിനും പരിശുദ്ധ അമ്മയുടെ പ്രത്യേക മാധ്യസ്ഥ്യം നമുക്ക് യാചിക്കാം.

### 4. പ്രസ്ബിറ്ററൽ കൗൺസിൽ

12-ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ 7-ാമത് സമ്മേളനം 2025 ഒക്ടോബർ 15-ാം തീയതി ബുധനാഴ്ച രാവിലെ 10.30 ന് താമരശ്ശേരി രൂപതാഭവനിലെ ഓഡിറ്റോറിയത്തിൽ ക്രമീകരിച്ചിരിക്കുന്നു. ബഹു. അംഗങ്ങളെല്ലാവരും യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

### 5. വൈദികസമ്മേളനവും ക്ലർജി സെമിനാറും

പരിശുദ്ധ സഭയുടെ ജൂബിലി വർഷത്തിന്റെ പശ്ചാത്തലത്തിൽ ഈ വർഷത്തെ വൈദികസമ്മേളനവും ക്ലർജി സെമിനാറും നവംബർ 24 മുതൽ 27 വരെ വേളാങ്കണ്ണിയിലാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന സന്യാസവൈദികർ ഉൾപ്പെടെ എല്ലാ വൈദികരും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

### 6. പ്രാർഥനാശംസകൾ

ബൽജിയം, ലുവേൻ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനായി പോയിരിക്കുന്ന **ബഹു. ജോർജ്ജ് പുരയിടത്തിൽ അച്ചനും** റോം - സാന്താക്രോച്ചെ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം ആരംഭിക്കുന്ന **ബഹു. ജോസുകുട്ടി അന്തീനാട്ട് അച്ചനും** ആശംസകളും പ്രാർഥനയും നേരുന്നു.

ജർമ്മനിയിലെ Rottenburg - Stutgart രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന **ബഹു. മാത്യു കോരംകോട്ട് അച്ചനും** പ്രാർഥനാശംസകൾ. പുതിയ ശുശ്രൂഷാമേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹവും നേരുന്നു.

### 7. സ്മരണാഞ്ജലി

| | | |
|---|---|---|
| 01-10-2006 | - | റവ. ഫാ. ബർത്തലോമ്യോ CMI |
| 04-10-1994 | - | റവ. ഫാ. ജേക്കബ് ആലുങ്കൽ |
| **04-10-2014** | **-** | **റവ. ഫാ. ജെയിംസ് മുണ്ടയ്ക്കൽ** |
| 07-10-2001 | - | റവ. ഫാ. ജോസഫ് കച്ചിറമറ്റം |
| 07-10-2006 | - | റവ. ഫാ. എവരിസ്റ്റസ് പാംബ്ലാനി CMI |
| **07-10-2018** | **-** | **റവ. ഫാ. മാണി കണ്ടനാട്ട്** |
| **20-10-2023** | **-** | **റവ. ഫാ. ഫ്രാൻസിസ് കള്ളികാട്ട്** |
| 22-10-2009 | - | റവ. ഫാ. വർഗീസ് ചക്കുങ്കൽ വി.സി. |
| 23-10-1982 | - | റവ. ഫാ. സബാസ് സി.എം.ഐ. |
| **25-10-2023** | **-** | **റവ. ഫാ. മാത്യു തകിടിയേൽ** |
| 26-10-1978 | - | റവ. ഫാ. ആഡ്രിയാൻ സി.എം.ഐ. |
| **29-10-2022** | **-** | **റവ. ഫാ. പോൾ പുത്തൻപുര** |
| 30-10-2002 | - | റവ. ഫാ. ജേക്കബ് കുന്നപ്പള്ളിൽ |

**പ്രോട്ടോസിഞ്ചെല്ലൂസ്**

# പാവനസ്മരണയ്ക്ക്



റവ. ഫാ. ജെയിംസ് മുണ്ടയ്ക്കൽ
04.10.2014
തിരുവമ്പാടി



റവ. ഫാ. മാണി കണ്ടനാട്ട്
07.10.2018
പാലാ



റവ. ഫാ. ഫ്രാൻസിസ് കള്ളികാട്ട്
20.10.2023
തുടങ്ങനാട്, പാലാ



റവ. ഫാ. മാത്യു തകിടിയേൽ
23.10.2023
ചാപ്പന്തോട്ടം



റവ. ഫാ. പോൾ പുത്തൻപുര
29.10.2023
മുത്തോലപുരം, പാലാ



# വിശ്വാസപരിശീലനം

## സെപ്റ്റംബർ മാസത്തിലെ പവർ സെല്ലുകൾ

**പൂവാറൻതോട്:** സെപ്റ്റംബർ 1 ന് പൂവാറൻതോട് ഇടവകയിൽ വച്ച് Power Cell നടന്നു. കൂടരഞ്ഞി, തേക്കുംകുറ്റി, കുളിരാമുട്ടി, പൂവാറൻതോട്, മഞ്ഞക്കടവ് എന്നീ ഇടവകകളിൽ നിന്നും 72 മതാധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

**പരപ്പനങ്ങാടി:** സെപ്റ്റംബർ 9 ചൊവ്വാഴ്ച പരപ്പനങ്ങാടി സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ തേഞ്ഞിപ്പലം, കടലുണ്ടി, കുണ്ടായിത്തോട്, പരപ്പനങ്ങാടി എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. പിതാവിന്റെ സാന്നിധ്യം അനുഗ്രഹപ്രദമായിരുന്നു.

**മാങ്കാവ്:** സെപ്റ്റംബർ 10 ബുധനാഴ്ച മാങ്കാവ് വച്ച് നടന്ന Power Cell പ്രോഗ്രാമിൽ അമലാപുരി, ഈസ്റ്റ് ഹിൽ, അശോകപുരം, പാറോപ്പടി, മാങ്കാവ് എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സഭയുടെ പാരമ്പര്യങ്ങളെ കുറിച്ച് അധ്യാപകർക്ക് ക്ലാസ് എടുത്തു.

**പുല്ലൂരാംപാറ:** സെപ്റ്റംബർ 18 വ്യാഴാഴ്ച പുല്ലൂരാംപാറ സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ പുല്ലൂരാംപാറ, ആനക്കാംപൊയിൽ, മുത്തപ്പൻപുഴ, കരിമ്പ് എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. അഭിവന്ദ്യപിതാവിന്റെ ക്ലാസ്സ് ശ്രദ്ധേയമായി.

**കക്കാടംപൊയിൽ:** സെപ്റ്റംബർ 23 ചൊവ്വാഴ്ച കക്കാടംപൊയിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ കക്കാടംപൊയിൽ, വെണ്ടേക്കുംപൊയിൽ, പീടികപ്പാറ, കോനൂർക്കണ്ടി, പുഷ്പഗിരി എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. പിതാവ് സഭയുടെ പാരമ്പര്യങ്ങളെ കുറിച്ച് അധ്യാപകർക്ക് ക്ലാസ് എടുത്തു.

**കുന്ദമംഗലം:** സെപ്റ്റംബർ 24ന് കുന്ദമംഗലം ഇടവകയിൽ വച്ച് Power Cell നടന്നു. കുന്ദമംഗലം, ചേവായൂർ, മാവൂർ, ദേവഗിരി, കട്ടാങ്ങൽ എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പ്രോഗ്രാമിൽ പങ്കെടുത്തു. ദിവ്യകാരുണ്യ ആരാധനയോടെ Power Cell അവസാ നിച്ചു.

**മുക്കം:** സെപ്റ്റംബർ 29 ന് മുക്കം സെന്ററിൽ വച്ച് നടന്ന Power Cell പ്രോഗ്രാമിൽ തിരുവമ്പാടി, മുക്കം, കല്ലുരുട്ടി, വേനപ്പാറ, വിളക്കാംതോട് എന്നീ ഇടവകകളിൽ നിന്നും എല്ലാ മതാധ്യാപകരും പങ്കെടുത്തു. അഭിവന്ദ്യ പിതാവ് സഭയുടെ പാരമ്പര്യങ്ങളെ കുറിച്ച് അധ്യാപകർക്ക് ക്ലാസ് എടുത്തു.

## സെപ്റ്റംബർ മാസത്തിലെ 'ലൂമിന' പ്രോഗ്രാമുകൾ

### ലൂമിന 12 കരിയാത്തുംപാറ

സെപ്റ്റംബർ 7 ഞായറാഴ്ച കൂരാച്ചുണ്ട് മേഖലയുടെ മൂന്നാമത്തെ ലൂമിന പ്രോഗ്രാം കരിയാത്തുംപാറ ദേവാലയത്തിൽ വച്ച് നടന്നു. 68 യുവജനങ്ങൾ പങ്കെടുത്തു.

### ലൂമിന 13 കോടഞ്ചേരി

സെപ്റ്റംബർ 14 ന് കോടഞ്ചേരി മേഖലയുടെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം കോടഞ്ചേരി ഇടവകയിൽ വച്ച് നടന്നു. 206 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

### ലൂമിന 14 മാലാപറമ്പ്

സെപ്റ്റംബർ 21 ഞായറാഴ്ച്ച പെരിന്തൽമണ്ണ മേഖലയുടെ ഒന്നാമത്തെ ലൂമിന പ്രോഗ്രാം മാലാപറമ്പ ദേവാലയത്തിൽ വച്ച് നടന്നു. 120 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

### DOMUS CAT കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാ പ്രാർഥനയോടൊപ്പം പ്രാർഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാം. ജൂലൈ മാസത്തിൽ നൽകിയത്:

പാഠം 13 – ജീവൻ പകുത്തു നൽകിയ അമ്മ.
പാഠം 14 – ആത്മീയ പാഠങ്ങൾ നൽകുക.
പാഠം 15 – മക്കളെ വിശ്വാസത്തിൽ വളർത്തുക.
പാഠം 16 – മക്കളെ മിഷനറി ചൈതന്യത്തിൽ വളർത്തുക.

### ACC 13,14,15 Online Class

ACC 13 : 'ഏകമധ്യസ്ഥനായ ക്രിസ്തുവും വിശുദ്ധരുടെ മാധ്യസ്ഥ്യവും' എന്ന വിഷയത്തെ കുറിച്ച് ഫാ. മാത്യു തൂമുള്ളിൽ, "ആരാധനക്രമവും വിശ്വാസജീവിതവും" എന്ന വിഷയത്തെകുറിച്ച് ഫാ. അഗസ്റ്റിൻ തുറവക്കൽ ക്ലാസ്സ് എടുത്തു.

ACC 14 : 'വി. കുർബാനയിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ' എന്ന വിഷയത്തെ കുറിച്ച് സി. ജെസ്‌ലിൻ സി.എം.സി "ഉഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യം ഇന്ന് (ഒന്നാം ഭാഗം)" എന്ന വിഷയത്തെകുറിച്ച് ഫാ. ചെറിയാൻ പൊങ്ങൻപാറ ക്ലാസ്സ് എടുത്തു.

ACC 15 : 'അന്യന്റെ ഭാര്യയെയും, വസ്തുക്കളേയും മോഹിക്കരുത്' "വിവാഹമെന്ന കൂദാശ" എന്ന വിഷയങ്ങളെകുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സ് എടുത്തു. "ത്രിത്വൈക ദൈവവിശ്വാസം യുക്തിഭദ്രമാണോ?" എന്ന വിഷയത്തെകുറിച്ച് ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ ക്ലാസ്സ് എടുത്തു.

**Media Catechesis**

ACC 13,14,15 ന്റെ Online ക്ലാസ്സുകൾ, ലൂമിന, Power Cell, എന്നിവയുടെ വീഡിയോകൾ, കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

### ഒക്ടോബർ 2025

| | | |
|---|---|---|
| 01.10.25 | ബുധൻ | ജപമാല മാസാരംഭം,<br>വി. കൊച്ചുത്രേസ്യ അഭിവന്ദ്യ റെമീജിയോസ് പിതാവിന്റെ നാമഹേതുക തിരുനാൾ |
| 02.10.25 | വ്യാഴം | കാവൽ മാലാഖമാർ<br>ലൂമിന 15 : തിരുവമ്പാടി മേഖല - 3 @ തിരുവമ്പാടി (തിരുവമ്പാടി, കല്ലുരുട്ടി, വേനപ്പാറ, വിളക്കാംതോട്, മുക്കം) |
| 04.10.25 | ശനി | വി. ഫ്രാൻസിസ് അസീസി<br>ഫ്രാൻസിസ് മാർപാപ്പയുടെ നാമഹേതുക തിരുനാൾ |
| 05.10.25 | | ഞായർ ഏലിയാ ശ്ലീവാ മൂശ 5-ാം ഞായർ<br>ലഹരിവിരുദ്ധ ദിനം<br>ലൂമിന 16 : പാറോപ്പടി മേഖല - 2 @ ചേവായൂർ (കുന്ദമംഗലം, ചേവായൂർ, മാവൂർ, ദേവഗിരി, കട്ടാങ്ങൽ, പാറോപ്പടി) |
| 11.10.25 | ശനി | മേഖലാതല പ്രതിഭാസംഗമം (HCC II) |
| 12.10.25 | ഞായർ | ഏലിയാ ശ്ലീവാ മൂശ 6-ാം ഞായർ<br>ACC 13, 14, 15 Online Class 9<br>ലൂമിന 17 : മരുതോങ്കര മേഖല - 1 @ ചെമ്പനോട (ചെമ്പനോട, കുണ്ടുതോട്, പടത്തുകടവ്, പശുക്കടവ്, പൂഴിത്തോട്) |
| 15.10.25 | ബുധൻ | ആവിലായിലെ വി. ത്രേസ്യ<br>Power Cell 22 : ചാത്തങ്കോട്ടുനട സെന്റർ (ചാത്തങ്കോട്ടുനട, ചാപ്പൻതോട്ടം, പൊയിലോംചാൽ, പി.ടി ചാക്കോ നഗർ, പൂതംപാറ, കരിങ്ങാട്) |

| | | |
|---|---|---|
| 16.10.25 | വ്യാഴം | വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ<br>Power Cell 23 : പന്തല്ലൂർ സെന്റർ (കൂമംകുളം, മഞ്ചേരി, പന്തല്ലൂർ, പയ്യനാട്) |
| 17.10.25 | വെള്ളി | Power Cell 18 : കൂടത്തായ് സെന്റർ (താമരശ്ശേരി, കൂടത്തായ്, ബാലുശ്ശേരി, ചമൽ, കട്ടിപ്പാറ, ഈങ്ങാപ്പുഴ, കൂമുള്ളി) |
| 18.10.25 | ശനി | വി. ലൂക്കാ സുവിശേഷകൻ<br>അർധവാർഷിക പരീക്ഷയുടെ ചോദ്യപേപ്പറുകൾ മേഖലാ കമ്മറ്റിക്കു നൽകുന്നു. |
| 19.10.25 | ഞായർ | ഏലിയാ ശ്ലീവാ മൂശ 7–ാം ഞായർ<br>മിഷൻ ഞായർ |
| 20.10.25 | തിങ്കൾ | ലൂമിന 18 : മരുതോങ്കര മേഖല – 2 @ മരുതോങ്കര (ചാത്തങ്കോട്ടുനട, ചാപ്പൻതോട്ടം, പൊയിലോംചാൽ, പി.ടി. ചാക്കോ നഗർ, പൂതംപാറ, കരിങ്ങാട്, മരുതോങ്കര) |
| 21.10.25 | ചൊവ്വ | Power Cell 19 : വടകര സെന്റർ<br>(വിലങ്ങാട് മേഖലയിലെ മുഴുവൻ ഇടവകകളും) |
| 22.10.25 | ബുധൻ | വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ<br>Power Cell 21 : നൂറാംതോട് സെന്റർ (മൈലള്ളാംപാറ, ചിപ്പിലിത്തോട്, പുതുപ്പാടി, വള്ളിയാട്, നൂറാംതോട്, കാക്കവയൽ) |
| 26.10.25 | ഞായർ | ഏലിയാ ശ്ലീവാ മൂശ 8–ാം ഞായർ<br>മതബോധന അർധവാർഷിക പരീക്ഷ<br>(11am - 01 pm)<br>ACC 13, 14, 15 Online Class - 10 |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

## മദ്ബഹ ശുശ്രൂഷാസംഘം (SMART)

**ഒപ്പം:** ഞായറാഴ്ചകളിൽ വിവിധ ഇടവകകൾ സന്ദർശിച്ച വി. കുർബാന അർപ്പിക്കുകയും സ്മാർട്ട് അംഗങ്ങളെ പരിചയപ്പെടുകയും ചെയ്തു. സെപ്റ്റംബർ മാസത്തിൽ കുളിരാമുട്ടി, കൂടരഞ്ഞി, കോട്ടക്കൽ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

**മേഖലാ സംഗമം:** മരുതോങ്കര മേഖലയിലെ അൾത്താര ശുശ്രൂഷികളുടെ മേഖലാ സംഗമം സെപ്റ്റംബർ 14-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണി വരെ മരുതോങ്കര സെന്റ് മേരിസ് ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മരുതോങ്കര സെന്റ് മേരീസ് ഫൊറോന പള്ളി അസിസ്റ്റന്റ് വികാരിയും സ്മാർട്ട് മരുതോങ്കര മേഖല ഡയറക്ടറുമായ ഫാ. ഇമ്മാനുവേൽ കുറൂർ സംഗമം ഉദ്ഘാടനം ചെയ്തു. ഫാ. കുര്യാക്കോസ് പാലക്കീൽ, ഫാ. ജോർജ് കുമ്പുക്കൽ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി. പ്രസ്തുത സംഗമത്തിൽ വിവിധ ഇടവകകളിൽ നിന്നായി 94 കുട്ടികളും ഇടവക ആനിമേറ്റർമാരും പങ്കെടുത്തു.

**ഒരുക്കം:** അൾത്താര ശുശ്രൂഷികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആഗ്രഹിക്കുന്നെങ്കിൽ 9747036300 എന്ന നമ്പറിൽ വികാരിയച്ചന്മാർക്ക് ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോർുജ്ജ് കുമ്പുക്കൽ**
ഡയറക്ടർ, SMART

# സെമിനാരി വാർത്തകൾ

### അവധിക്കാലം

ഒന്നാം സെമസ്റ്ററിലെ പരീക്ഷകളും സെമിനാരിയിലെ ഓണാഘോഷ ങ്ങളും കഴിഞ്ഞ് വിദ്യാർഥികൾ സെപ്റ്റംബർ രണ്ടിന് ഓണാവധിക്കായി ഭവനങ്ങളിലേക്ക് മടങ്ങി. 10 ദിവസത്തെ അവധിക്ക് ശേഷം സെപ്റ്റംബർ 12 ന് വിദ്യാർഥികൾ സെമിനാരിയിലേക്ക് തിരിച്ചെത്തി.

### താമരശ്ശേരി രൂപതാ വൈദികരുടെ മാതാപിതാക്കളുടെ സംഗമം

താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോടനുബന്ധിച്ച് സെപ്റ്റംബർ ആറാം തീയതി രൂപതയിലെ വൈദികരുടെ മാതാപിതാക്കളുടെ ഒരു സ്നേഹസംഗമം രൂപതാ ഭവനിൽ വച്ചു നടന്നു. സംഗമത്തിനുശേഷം ബഹുമാനപ്പെട്ട വൈദികരുടെ മാതാപിതാക്കളും ബന്ധുക്കളും രൂപത മൈനർ സെമിനാരി സന്ദർശിച്ചു മടങ്ങി.

### അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് ആദരാഞ്ജലികൾ അർപ്പിച്ചു.

സെപ്റ്റംബർ 17 നു ദിവംഗതനായ താമരശ്ശേരി രൂപതയുടെ ദ്വിതീയ മെത്രാനും, തൃശ്ശൂർ അതിരൂപതയുടെ മുൻ മെത്രാപോലീത്തയുമായിരുന്ന അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് സെമിനാരി കുടുംബം മുഴുവൻ ദേവഗിരി സെന്റ് ജോസഫ് പള്ളിയിൽ എത്തി ആദരാഞ്ജലികൾ അർപ്പിച്ചു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ, അൽഫോൻസ സെമിനാരി

# ചെറുപുഷ്പ മിഷൻലീഗ് തിരുബാലസഖ്യം

## വിവിധ തിരുനാളുകൾ

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ, വിശുദ്ധ മദർ തെരേസ ദിവസങ്ങളിൽ ചെറുപുഷ്പ മിഷൻലീഗ് - തിരുബാലസഖ്യം സംഘടനകളുടെ നേതൃത്വത്തിൽ വീഡിയോ തയ്യാറാക്കി നൽകി.

ജീവധാര രക്തദാന ക്യാമ്പ് ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷിത്വ അനുസ്മരണദിനത്തോടനുബന്ധിച്ച് ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതി സംഘടിപ്പിച്ച ജീവധാര 2K25 രക്തദാന ക്യാമ്പിൽ താമരശ്ശേരി ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലെ പ്രതിനിധി കളും പങ്കുചേർന്നു. പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന കട്ടിപ്പാറ ശാഖയും രൂപത സമിതി അംഗങ്ങളും ചേർന്ന് 2025 സെപ്റ്റംബർ 7 ഞായറാഴ്ച രാവിലെ 9 മണി മുതൽ കട്ടിപ്പാറ സ്കൂളിൽ വച്ചാണ് ക്യാമ്പ് നടത്തിയത്.

## പ്രേഷിത കൂടാരം

സെപ്റ്റംബർ മാസത്തിൽ കോട്ടക്കൽ ശാഖയിൽ പ്രേഷിത കൂടാരം പരിപാടി സംഘടിപ്പിച്ചു.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണദിനം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ ഇരുപത്തിയേഴാം ചരമവാർഷിക അനുസ്മരണം- 2025 സെപ്റ്റംബർ 13ന് ആർപ്പൂക്കര ചെറുപുഷ്പ ദേവാലയത്തിൽ നടന്ന വിശുദ്ധ കുർബാനയിലും അനുസ്മരണയോഗത്തിലും രൂപതാ സമിതി പങ്കെടുത്തു. ഡയറക്ടേഴ്സ് ദിനത്തോട് അനുബന്ധിച്ച് എല്ലാ ഡയറക്ടറച്ചന്മാരെയും ആദരിച്ചു. സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമ രജത ജൂബിലി സ്മാരക ക്വിസ് മത്സരത്തിൽ സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ താമരശ്ശേരി രൂപത കണ്ണോത്ത് ശാഖയിലെ ആൻലിയ തെരേസ് സജി മെഴുകനാലിന് അഭിനന്ദനങ്ങളും പ്രാർഥനാശംസകളും നേരുന്നു.

## തിരിനാളം സ്കിറ്റ് മത്സരം വിജയികൾ

1st കൂരാച്ചുണ്ട്

2nd കുപ്പായക്കോട് പാറോപ്പടി, കണ്ണോത്ത്

3rd മാങ്കാവ്, കോട്ടക്കൽ, വാളുക്ക്, കൂടരഞ്ഞി, പൊന്നിയാംകുരിശി

## സ്പെഷ്യൽ ജൂറി പുരസ്കാരം

മാലാപറമ്പ്, തേഞ്ഞിപ്പാലം, മഞ്ചേരി, വലിയ കൊല്ലി, പയ്യനാട് മത്സരത്തിൽ വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങളും പങ്കെടുത്ത എല്ലാവർക്കും നന്ദിയും നേരുന്നു.

## ചെറുപുഷ്പ മിഷൻ ലീഗ് സംസ്ഥാന സാഹിത്യ മത്സരങ്ങൾ

ചെറുപുഷ്പമിഷൻ ലീഗ് സംസ്ഥാന സാഹിത്യ മത്സരം സെപ്റ്റംബർ 21 ഞായറാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ താമരശ്ശേരി മേരി മാതാ കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. അന്തർദേശീയ എക്സിക്യൂട്ടീവ് അംഗം ഷിനോ തോമസ് നേതൃത്വം നൽകി.

## അറിയിപ്പ്

ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം സംഘടനകളുടെ രൂപത കലോത്സവം പ്രേഷിതം 2k25 2025 ഒക്ടോബർ 11 ശനിയാഴ്ച രാവിലെ തിരുവമ്പാടി അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെടുന്നതാണ്.

2024-25 പ്രവർത്തന വർഷത്തെ പ്രവർത്തനങ്ങളുടെ അടിസ്ഥാന ത്തിൽ മികച്ച ശാഖ, മേഖല രൂപത തിരഞ്ഞെടുപ്പിനായി സംസ്ഥാന സമിതി അംഗങ്ങൾ സെപ്റ്റംബർ ഒന്നിന് രൂപത ഓഫീസും, വിവിധ ശാഖകളും, മേഖലകളും സന്ദർശിച്ചു.

## താമരശ്ശേരി രൂപത റൂബി ജൂബിലി - മിഷൻ മാസാചരണം
## ഒക്ടോബർ മാസം കുട്ടികളോടൊപ്പം

**4-10-2025:** **റൂബി ജൂബിലി മെഗാ ഗൂഗിൾ മീറ്റ്** (നാഴികക്കല്ല്): ഒക്ടോബർ മാസത്തിലെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം, 40 വർഷത്തെ ചരിത്രം ചുരുക്കി വിവരിക്കുന്നു.

**5-10-2025:** **റൂബി ജൂബിലി മിഷൻ ചെയിൻ റോസറി:** താമരശ്ശേരി രൂപതയ്ക്ക് വേണ്ടിയും, മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടിയും ജപമാല ചൊല്ലി ഒരു മാസം പ്രാർഥിക്കുന്നു. ഇടവകയുടെ വലിപ്പം അനുസരിച്ച് ആവശ്യമായ ജപമാലകൾ വികാരിയച്ചൻ ഞായറാഴ്ച വെഞ്ചിരിച്ച് കുട്ടികൾക്ക് നൽകുന്നു.

**11-10-2025 : റൂബി ജൂബിലി ക്വിസ് മത്സരം & പ്രസംഗ മത്സരം:** (വിഷയം - റൂബി ജൂബിലി നിറവിൽ താമരശ്ശേരി രൂപത)

**12-10-2025: കാഴ്ചവെപ്പ് :** ഒക്ടോബർ മാസത്തിലെ ഏതെങ്കിലും ഒരു നേരം ഭക്ഷണം മാറ്റിവെച്ച്, ആ തുക ഞായറാഴ്ച വിശുദ്ധ കുർബാന മധ്യേ കാഴ്ച സമർപ്പണമായി നൽകുന്നു.

**നന്ദിയോടെ ബഥാനിയ തിരുസന്നിധിയിൽ:** വികാരിയച്ചന്മാരുമായി കൂടിയാലോചിച്ചു ഒക്ടോബർ മാസത്തിൽ ഏതെങ്കിലും ഒരു സമയം ബഥാനിയായിൽ നടക്കുന്ന അഖണ്ഡ ജപമാലയിൽ മിഷൻ ലീഗ് അംഗങ്ങൾ പങ്കെടുത്ത പ്രാർഥിക്കുന്നു.

**19-10-2025 : മിഷൻ ഞായർ:** ശാഖാതലത്തിൽ വ്യത്യസ്ഥമായ പ്രോഗ്രാമുകളിലൂടെ മിഷൻ ഞായർ ആചരിക്കുന്നു.

**26-10-2025 : റൂബി ജൂബിലി സ്നേഹാദരവ്:** മേഖല തലത്തിൽ ചെറുപുഷ്പ മിഷൻലീഗ് സംഘടനയുടെ പഴയകാല പ്രസിഡന്റ്മാരെ ആദരിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളാരംകാലായിൽ**
ഡയറക്ടർ,
ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

## കെ.സി.വൈ.എം - എസ്.എം.വൈ.എം

**ആഗസ്റ്റ് 29,30,31 - ഫോളിയ 3.0**

കക്കാടംപൊയിലിന്റെ സൗന്ദര്യം ആവോളം ആസ്വദിച്ച്, ഒരുകൂട്ടം നല്ല സൗഹൃദങ്ങളെയും ഒരായിരം ഓർമകളെയും സമ്മാനിച്ചു കൊണ്ട്, പ്രാർഥനയിലും, കളിചിരികളിലും, ചിരിപ്പിച്ചും, ചിന്തിപ്പിച്ചും, മലയോര പ്രകൃതി പഠന ക്യാമ്പ്, ഫോളിയ 3.0 കക്കാടംപൊയിലിൽ വെച്ച് ആഗസ്റ്റ് 29, 30, 31 തീയതികളിലായി നടത്തപ്പെട്ടു. രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നുമായി അൻപതോളം യുവജനങ്ങൾ ഇതിൽ പങ്കെടുത്തു. പ്രകൃതിയെ അടുത്തറിയുവാനും അതിനോടുള്ള ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും ക്യാമ്പ് ഏറെ സഹായകരമായി. കെ.സി.വൈ.എം- എസ്.എം.വൈ.എം. താമരശ്ശേരി രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് റിച്ചാൾഡ്

ജോൺ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ആൽബിൻ ജോസ് സ്വാഗതം ആശംസിച്ചു. സെക്രട്ടറി ബിൽഹ, അമൽ മൈക്കിൾ, വൈസ് പ്രസിഡന്റ് ട്രീസ, അബിൻ ആൻഡ്രൂസ്, ഡെൽബിൻ സെബാസ്റ്റ്യൻ, അലൻ ബിജു, ആഗ്നസ്, സാന്ദ്ര ബെന്നി, സാന്ദ്ര റെന്നിച്ചൻ എന്നിവർ പ്രകൃതി പഠന ക്യാമ്പിന് നേതൃത്വം നൽകി. കുരിശുമല ട്രക്കിങ്, വില്ലേജ് സന്ദർശനം, ആക്ടിവിറ്റി ഓറിയന്റഡ് പ്രോഗ്രാംസ് എന്നിവ നടത്തപ്പെടുകയുണ്ടായി.

### ആഗസ്റ്റ് 30 – കേരള നവീകരണ യാത്ര

" യുവത്വത്തിന്റെ കണ്ണിലൂടെ, കേരള സമൂഹത്തിന്റെ വികസനം" എന്ന ആപ്തവാക്യവുമായി കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് എബിൻ കണിവയലിൽ നേതൃത്വം നൽകുന്ന കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ കേരള നവീകരണ യാത്രയുടെ രണ്ടാം ദിനം താമരശ്ശേരി രൂപത കക്കാടംപൊയിലിൽ സ്വീകരണം നൽകി. രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ജനറൽ സെക്രട്ടറി ആൽബിൻ ജോസ്, വൈസ് പ്രസിഡന്റ് ട്രീസ എന്നിവർ സംസാരിച്ചു. രൂപതയിലെ വിവിധ യൂണിറ്റുകളിൽ നിന്നുള്ള അൻപതോളം യുവജങ്ങളും കക്കാടംപൊയിൽ നിവാസികളും പങ്കെടുത്തു.

### സെപ്റ്റംബർ 11 – ഹെയർ ഹാൻഡ് ഔട്ട് – വിഗ്ഗ് ഫിയസ്റ്റ

താമരശ്ശേരി രൂപത കെ.സി.വൈ.എം.-എസ്.എം.വൈ.എം, മാതൃവേദി സംഘടനകൾ സംയുക്തമായി തൃശ്ശൂർ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസുമായി സഹകരിച്ച് ഹെയർ ഹാൻഡ് ഔട്ട്– വിഗ്ഗ് ഫിയസ്റ്റ എന്ന പേരിൽ സെപ്റ്റംബർ 11 രാവിലെ 11 മണിക്ക് അമല ഓഡിറ്റോറിയത്തിൽ വെച്ച് ക്യാൻസർ രോഗികൾക്കായി കേശദാനം ചെയ്ത സുമനസ്സുകളെ ആദരിക്കലും സൗജന്യ വിഗ്ഗ് വിതരണവും നടത്തപ്പെട്ടു. താമരശ്ശേരി രൂപതയിൽ നിന്നും 139 മുടികൾ അമല ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുകയും, 4 നിറ്റഡ് നോക്കേർസും 6 വിഗ്ഗും കൈപ്പറ്റി മാതൃവേദിക്ക് വിതരണവും നടത്തപ്പെട്ടു. താമരശ്ശേരി രൂപതാ ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ നേരിട്ട് പോയി മുടികൾ ഏൽപ്പിക്കുകയും KCYM, മാതൃവേദി സംഘടനകൾക്കുള്ള സ്നേഹോപഹാരവും കേശ ദാതാക്കൾക്കുള്ള സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങുകയും ചെയ്തു.

### സെപ്റ്റംബർ 13 രൂപതാ രചനാ മത്സരങ്ങൾ

സർഗാത്മകതയുടെ പുതുവഴികൾ രചിച്ചുകൊണ്ട്, യുവചിന്തകൾക്ക് ചിറകു നൽകി, 11 മേഖലകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന്, രൂപതാ രചനാ മത്സരവും ഒപ്പം മത്സരാർഥികൾക്കായി, ആർട്ട്, സാഹിത്യ പഠനശിബിരവും 2025 സെപ്റ്റംബർ 13, ശനിയാഴ്ച, കുന്ദമംഗലം, ആൽഫാ മരിയ അക്കാദമി, ഓാക

്സിലിയം നവജ്യോതി സ്കൂൾ എന്നിവിടങ്ങളിലായി നടത്തപ്പെട്ടു. ദേവഗിരി കോളേജ് മലയാള വിഭാഗം ഡോ. സുനിൽ CMI, അൽഫോൻസാ കോളേജ് മലയാള അധ്യാപകൻ ഫാ. കുര്യൻ താന്നിക്കൽ, രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ എന്നിവർ പഠന ശിബിരത്തിനു നേതൃത്വം നൽകി.

ഓക്സിലിയം നവജ്യോതി ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിക്കപ്പെട്ട രൂപതാ രചന മത്സരത്തിൽ വിവിധ മേഖലകളിൽ നിന്നുമായി ഇരുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു. രൂപതാ സമിതി അംഗങ്ങൾ മത്സരങ്ങൾക്ക് നേതൃത്വം നൽകി.

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ,
കെ.സി.വൈ.എം - എസ്.എം.വൈ.എം

## എയ്ഡർ എഡ്യൂകെയർ

### 1. റൈസ് ടു ഐഎഎസ് രജിസ്ട്രേഷൻ പൂർത്തിയായി

രൂപതയിലെ ആറാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള സിവിൽ സർവീസ് താല്പര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന റൈസ് ടു ഐഎഎസ് പദ്ധതിയുടെ 2025 ബാച്ച് രജിസ്ട്രേഷൻ പൂർത്തിയായി. 130 കുട്ടികൾ ആറു മാസത്തോളം നീണ്ടുനിൽക്കുന്ന ഫൗണ്ടേഷൻ കോഴ്സിലും പരീക്ഷകളിലും പങ്കെടുക്കുന്നു. സെപ്റ്റംബർ 15 ന് ക്ലാസുകൾ ആരംഭിച്ചു. സി. റീന FCC, സി. ക്രിസ്ന MSMI എന്നിവരെ കോഡിനേറ്റർമാരായി തിരഞ്ഞെടുത്തു.

### 2. റൈസ് ടു ഐ എ എസ് ഓറിയന്റേഷൻ വെബിനാർ

സെപ്റ്റംബർ 20ന് 2025 റൈസ് ടു ഐഎഎസ് ബാച്ചിലെ കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടി ഓറിയന്റേഷൻ വെബി നാർ സംഘടിപ്പിച്ചു. 2025 സിവിൽ സർവീസ് പരീക്ഷയിൽ 54-ാമത്തെ റാങ്ക് കരസ്ഥമാക്കിയ സോണറ്റ് ജോസ് മുഖ്യ അതിഥിയായി സംസാരിക്കുകയും കുട്ടികൾക്ക് മികച്ച പ്രോത്സാഹനം നൽകുകയും ചെയ്തു. റൈസ് ടു ഐഎഎസ്സി ന്റെ പരിശീലന ക്രമത്തെക്കുറിച്ച് അൽഫോൻസ ജോസ് പ്രസന്റേഷൻ നടത്തി. റൈസ് റൈസ് ടു ഐഎഎസ് ഓൺലൈൻ വെബ് പോർട്ടലിനെ സംബന്ധിച്ച വിശദീകരണവും സംശയനിവാരണങ്ങളും നടത്തി.

### 3. ലൈഫ് ലോഞ്ച്-എൻഎൽപി ക്യാമ്പ് ഫോളോ അപ്പ് സെഷൻസ്

ലൈഫ് ലോഞ്ച് എൻ എൽ പി ക്യാമ്പിന്റെ ആദ്യ ബാച്ചിന്റെ ഫോളോ അപ്പ് സെഷൻസ് ആരംഭിച്ചു. നാലുമാസം നീണ്ടുനിൽക്കുന്ന ഫോളോ അപ്പ് പ്രോഗ്രാമിൽ ഓൺലൈൻ മീറ്റിങ്ങുകൾ, വർക്കൗട്ടുകൾ, പേഴ്സണൽ കൗൺസിലിംഗ് എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

കൗൺസിലിംഗ് സെഷന് സി. സോന FCC, സി. ഡോണ FCC, സി. സജിനി DPMT, ഫാ. മെൽവിൻ എന്നിവരുടെ ടീം നേതൃത്വം നൽകുന്നു.

### അറിയിപ്പുകൾ

1. ഒക്ടോബർ 20 ദീപാവലി ദിനത്തിൽ പ്രൈമറി ടെസ്റ്റിൽ വിജയം നേടിയ കുട്ടികളെയും ഗവൺമെന്റ് സർവീസ്, സിവിൽ സർവീസ് സ്വപ്നം കാണുന്ന കുട്ടികളെയും മാതാപിതാക്കളെയും ഉൾപ്പെടുത്തി ക്കൊണ്ട് 'ഗ്രാൻഡ് മീറ്റ്' സംഘടിപ്പിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാംകുടിയിൽ**
ഡയറക്ടർ, എയ്ഡർ എഡ്യൂകെയർ

## ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് (JPI)

കോഴിക്കോട് മേരിക്കുന്നിലുള്ള പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് ആൻഡ് സൈക്കോതെറാപ്പി, ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈൻ ആയും, ഓൺലൈൻ ആയും, നടക്കുന്നു. വർധിച്ചുവരുന്ന മാനസിക സംഘർഷങ്ങളെ ക്രിയാത്മകമായി സമീപിക്കുവാനും മാനസിക പിരിമുറുക്കത്തിൽ നിന്നും ആനന്ദകരമായ ഒരു ജീവിതത്തിലേക്ക് നടന്നടുക്കുവാനും വളരെ സഹായകമാകുന്ന ഈ കൗൺസിലിംഗ് സേവനം ജാതിമതഭേദമന്യേ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് ഇവിടെ ലഭ്യമാണ്. സൗജന്യ കൗൺസിലിംഗ് സേവനവും ഇവിടെ നല്കപ്പെടുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗമായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവും ജെപിഐയിൽ ലഭ്യമാണ്.

**കോഴ്സുകൾ**

1. എം എസ്സി ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം എസ് സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ(ഓൺ ലൈൻ)

**അറിയിപ്പ്**

1. ആത്മഹത്യയും ഡിപ്രെഷനും വർധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാനും അവരെ സഹായിക്കുവാനും 24 മണിക്കൂർ പ്രവർത്തനസജ്ജമായ ഒരു ഹെൽപ് ലൈൻ അടുത്ത മാസം മുതൽ ആരംഭിക്കുന്നു.
2. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ അവസാനിച്ചു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ,
പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

# സ്റ്റാർട്ട്

**യൂറേക്കാ മോമെന്റ് മിനി മാസ്റ്റർ ക്യാമ്പ് 2025**

ഓണാവധിക്കാലം വിജ്ഞാനപ്രദമാക്കുക എന്ന ലക്ഷ്യത്തോടെ താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിൽ (സെന്റ് തോമസ് അക്കാദമി ഫോർ റിസർച്ച് ആൻഡ് ട്രെയിനിങ്) സെപ്റ്റംബർ 1 മുതൽ 3 വരെ "യൂറേക്കാ മോമെന്റ് മിനി മാസ്റ്റർ ക്യാമ്പ് 2025" സംഘടിപ്പിച്ചു. ക്യാമ്പിന്റെ സമാപന ദിവസം താമരശ്ശേരി രൂപതാ അധ്യക്ഷൻ ബിഷപ്പ് റെമീജിയോസ് ഇഞ്ചനാനിയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

80-ലധികം വിദ്യാർഥികൾ ക്യാമ്പിൽ പങ്കെടുത്തു. ഫാ. ഡോ. സുബിൻ കിഴക്കേവീട്ടിൽ, ഫാ. സിബി കുഴിവേലിൽ, ഫാ. ഡോ. സെബാസ്റ്റ്യൻ കാവളകാട്ട്, സി. ജെനിഫർ, അമൽ ജോയ്, എബ്രഹാം പി. ടി., പി. ജെ. ലാൽ, സി. ഹെൽന, സി. നിനു എന്നിവർ ഫലപ്രദമായ പഠനരീതികൾ, സൈബർ സുരക്ഷ ബോധവൽക്കരണം, ലഹരി വിരുദ്ധ ബോധവൽക്കരണം, ആത്മവിശ്വാസവും സ്വയം തിരിച്ചറി യലും, നേതൃത്വപരിശീലനം, ആശയവിനിമയ നൈപുണ്യം, വ്യക്തിത്വവികസനം, കരിയർ അവബോധം, സൗഹൃദം, കൂട്ടുപ്രവർത്തനം

തുടങ്ങിയ വിഷയങ്ങളിൽ സെഷനുകൾ നയിച്ചു. സ്റ്റാർട്ടിലെ അധ്യാപകരും, വിദ്യാർഥികളും ക്യാമ്പിൽ സഹായിച്ചു.

**സ്റ്റാർട്ട് AI & Python കോഴ്സ് നാലാം പതിപ്പ്**

സ്റ്റാർട്ട് അക്കാദമിയുടെ AI & Python കോഴ്സിന്റെ നാലാം പതിപ്പ് ആരംഭിച്ചിരിക്കുന്നു. ഓരോ മാസവും ആദ്യ ശനിയാഴ്ച പുതിയ അഡ്മിഷനുകൾ സ്വീകരിക്കുന്നതാണ്. രജിസ്റ്റർ ചെയ്യാനുമുള്ള ലിങ്ക് www.startindia.org/online, കൂടുതൽ വിവരങ്ങൾക്ക്: 0495-2357843, 9037107843, 9744458111

**ഫാ . ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

# വിദ്യാഭ്യാസരംഗം

## ഇന്റർ സ്കൂൾ മെഗാ ക്വിസ് (TALENTIA 2.O)

താമരശ്ശേരി രൂപത കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി കഴിഞ്ഞ വർഷം മുതൽ ആരംഭിച്ച ഇന്റർ സ്കൂൾ മെഗാ ക്വിസ്സിന്റെ ഈ വർഷത്തെ മത്സര പരമ്പരകൾ പൂർത്തിയായി. സ്കൂൾ തല മത്സരങ്ങൾക്കുശേഷം വിജയികൾക്കായി മേഖല അടിസ്ഥാനത്തിൽ നടത്തിയ മത്സരങ്ങളിൽ മികവു തെളിയിച്ചവർ സെപ്റ്റംബർ 16, 17 തീയതികളിൽ തിരുവമ്പാടി അൽഫോൻസ കോളേജിൽവെച്ച് നടന്ന ഗ്രാന്റ് ഫിനാലെയിൽ മാറ്റുരച്ചു. എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ നാലു വിഭാഗങ്ങളിലായി 16 സ്കൂൾ ടീമുകളാണ് ഫൈനൽ റൗണ്ടിൽ മത്സരിക്കാൻ എത്തിയത്. 16.09.2025 ചൊവ്വാഴ്ച നടന്ന ഉദ്ഘാടന സമ്മേളനത്തിൽ അൽഫോൻസ കോളേജ് മാനേജർ ഫാ. സ്കറിയ മങ്കരയിൽ അദ്ധ്യക്ഷനായിരുന്നു. അൽഫോൻസ കോളേജ് പ്രിൻസിപ്പാൾ ഡോ. ഷൈജു ഏലിയാസ് മത്സര പരിപാടി ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. ജോസഫ് വർഗ്ഗീസ്, ശ്രീ. ഷിബു മാത്യു എന്നിവർ സംസാരിച്ചു.

17.09.2025 ന് നടന്ന സമാപന സമ്മേളനം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിനിമാതാരവും കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർമാനുമായ ശ്രീ. പ്രേംകുമാർ മുഖ്യാതിഥിയായിരുന്നു.

അക്കാദമി കോ-ഓർഡിനേറ്റർ ശ്രീമതി നവീന വിജയൻ ആശംസകളർപ്പിച്ചു. ഗ്രാന്റ് ഫിനാലെ മത്സരത്തിലെ വിജയികൾക്ക് അഭിവന്ദ്യ റെമീജിയോസ് പിതാവും മുഖ്യാതിഥി ശ്രീ. പ്രേംകുമാറും ചേർന്ന് റോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റുകളും മെമോന്റോയും സമ്മാനിച്ചു. ഓരോ വിഭാഗത്തിലും ആദ്യ മൂന്നു സ്ഥാനക്കാർക്ക് യഥാക്രമം 10000/-, 7000/-, 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുകയുണ്ടായി. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി 12 വ്യത്യസ്ത റൗണ്ടുകളായി ഗംഭീരമായി നടത്തിയ ഗ്രാന്റ് ഫിനാലെ മത്സരങ്ങൾക്ക് നേതൃത്വം നൽകിയത് ക്വിസ് മാസ്റ്ററായ ഫാ. മാത്യു കൊല്ലംപറമ്പിലാണ്. ഗ്രാന്റ് ഫിനാലെ മത്സരങ്ങൾക്ക് സാക്ഷ്യംവഹിക്കാൻ ഒട്ടേറെ പ്രധാനധ്യാപകരും അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും എത്തിയിരുന്നു. പ്രധാനധ്യാപകരും അധ്യാപകരും ഉൾപ്പെട്ട 20 അംഗ കോർടീമാണ് ടാലൻഷിയ മെഗാ ക്വിസ് മത്സരങ്ങൾക്ക് ചുക്കാൻ പിടിച്ചത്.

**എൽ.പി. വിഭാഗം**

I Prize - സേക്രഡ് ഹാർട്ട് യു.പി. സ്കൂൾ തിരുവമ്പാടി
II Prize - നസ്രത്ത് എൽ.പി. സ്കൂൾ, മുത്തോറ്റിക്കൽ
III Prize - സെന്റ് ജോസഫ്സ് യൂ.പി. സ്കൂൾ, പുല്ലുരാംപാറ
IV Prize - സെന്റ് ജോസഫ്സ് യു.പി. സ്കൂൾ, ചെമ്പനോട

**യു.പി. വിഭാഗം**

I Prize - സെന്റ് മേരീസ് എച്ച്.എസ്, കല്ലാനോട്
II Prize - വിമല യു.പി. സ്കൂൾ, മഞ്ഞുവയൽ
III Prize - നിർമ്മല യൂ.പി. സ്കൂൾ, ചമൽ
IV Prize - സെന്റ് ജോർജ്ജസ് എച്ച്.എസ്. കുളത്തുവയൽ

**ഹൈസ്കൂൾ വിഭാഗം**

I Prize - സെന്റ് ജോർജ്ജസ് ഹൈസ്കൂൾ, കുളത്തുവയൽ
II Prize - സെന്റ് ജോൺസ് ഹൈസ്കൂൾ, നെല്ലിപ്പൊയിൽ
III Prize - സെന്റ് ജോസഫ്സ് ഹൈസ്കൂൾ, കോടഞ്ചേരി
IV Prize - സെന്റ് മേരീസ് ഹൈസ്കൂൾ, കല്ലാനോട്

**ഹയർ സെക്കണ്ടറി വിഭാഗം**

I Prize - ഹോളി ഫാമിലി എച്ച്.എസ്.എസ്. പടത്തുകടവ്
II Prize - സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. പുല്ലുരാംപാറ

III Prize - സെന്റ് തോമസ് എച്ച്.എസ്.എസ്., കൂരാച്ചുണ്ട്
IV Prize - സെന്റ് ജോർജ്ജസ് എച്ച്.എസ്.എസ്., കുളത്തുവയൽ

**ആദരാഞ്ജലികൾ**

കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള തിരുവമ്പാടി ഹൈസ്കൂളിൽ ദീർഘകാലം അധ്യാപകനായും പുന്നക്കൽ ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചശേഷം വിശ്രമജീവിതം നയിച്ചിരുന്ന ശ്രീ. ടി.എം. ജോസഫ് സാർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രിയപ്പെട്ട ജോസഫ് സാറിനെ പ്രാർത്ഥനാപൂർവ്വം സ്മരിക്കുകയും ആത്മാവിന്റെ നിത്യശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ജോസഫ് വർഗ്ഗീസ്**
കോർപ്പറേറ്റ് മാനേജർ

# മരിയൻ പ്രോലൈഫ് മൂവ്മെന്റ്

**പെരിന്തൽമണ്ണ ഫൊറോനാ സംഗമം നടത്തി**

താമരശ്ശേരി രൂപത മരിയൻ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യ ത്തിൽ പെരിന്തൽമണ്ണ ഫൊറോനയിലെ വലിയ കുടുംബങ്ങളുടെ സംഗമം നടത്തി. രൂപത പ്രസിഡന്റ് സജീവ് പുരയിടത്തിൽ അധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. പെരിന്തൽമണ്ണ ഫൊറോന വികാരി ഫാ. ജിൽസ് കാരികുന്നേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ രൂപത ആനിമേറ്റർ സിസ്റ്റർ മെറിൻ SH, പ്രോലൈഫ് സമിതി സംസ്ഥാന ട്രഷറർ ടോമി പ്ലാത്തോട്ടത്തിൽ, രൂപത സെക്രട്ടറി ജോൺസൺ തെങ്ങുംതോട്ടത്തിൽ, പെരിന്തൽമണ്ണ ഫൊറോനാ പ്രസിഡന്റ് ജോൺ നസ്രത്ത്, ഫൊറോന സെക്രട്ടറി സിൽജോ കണ്ടങ്കേരി എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിൽ 12 കുടുംബങ്ങൾ പങ്കെടുത്തു. ഏവർക്കും രൂപതാ ഡയറക്ടർ സമ്മാനങ്ങൾ നൽകി.

**പെരിന്തൽമണ്ണ ഫൊറോന പ്രോലൈഫിന് പുതിയ നേതൃത്വം:**

| | |
|---|---|
| പ്രസിഡന്റ് | : ജോൺ നസ്രത്ത് |
| വൈസ് പ്രസിഡന്റ് | : ബിജു ചാണ്ടി, |
| സെക്രട്ടറി | : സിൽജോ കണ്ടങ്കേരി |
| ജോയിന്റ് സെക്രട്ടറി | : ഷിജ ബിനോയ് |
| ട്രഷറർ | : ലിജോ മുട്ടത്ത് |

# യൂദിത്ത് ഫോറം

## യൂദിത്ത് ഫോറം പെരിന്തൽമണ്ണ ഫൊറോന സംഗമം നടത്തി

താമരശ്ശേരി രൂപത യൂദിത്ത് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പെരിന്തൽമണ്ണ മേഖല സംഗമം സെപ്റ്റംബർ 20ന് പരിയാപുരം ഇടവകയിൽ വച്ച് നടത്തി. രൂപത ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ അധ്യക്ഷത വഹിച്ച സമ്മേളനം പരിയാപുരം എപ്പിസ്കോപ്പിൽ വികാരി ഫാ. സണ്ണി കളപ്പുരക്കൽ ഉദ്ഘാടനം ചെയ്തു. പരിയാപുരം അസിസ്റ്റന്റ് വികാരി ഫാ. ജെറിൻ MSFS, രൂപതാ പ്രസിഡന്റ് മേരി പൗലോസ്, സി. മെൽബിൻ SABS എന്നിവർ ആശംസകൾ അർപ്പിച്ചു. പരിയാപുരം ഇടവകാംഗം അന്നമ്മ മുട്ടത്ത് പ്രാർഥനാ ഗാനം ആലപിച്ചു. മേരിക്കുട്ടി കളപ്പുരക്കൽ ഏവരെയും സ്വാഗതം ചെയ്തു. സമ്മേളനത്തിനുശേഷം സി. റെനി ജോസ് CMC അമ്മമാർക്ക് ക്ലാസ്സെടുത്തു. വിശുദ്ധ കുമ്പസാരത്തിനുള്ള അവസരം ഒരുക്കിയിരുന്നു. തുടർന്ന് ബൈബിൾ ക്വിസ് മത്സരവും നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി. മാലാപറമ്പ്, താഴെക്കോട്, പരിയാപുരം എന്ന ഇടവകകളിൽ നിന്നായി 51 അമ്മമാർ പങ്കെടുത്തു. സി. പ്രേമ, സി. ധന്യ CMC എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ,
മരിയൻ പ്രോലൈഫ് മൂവ്മെന്റ്, യൂദിത്ത് ഫോറം

# മാതൃവേദി

## വടംവലി മത്സരം

താമരശ്ശേരി രൂപതാ റൂബി ജൂബിലിയോടനുബന്ധിച്ച്, രൂപതാ മാതൃവേദി സെപ്റ്റംബർ 13ന് തിരുവമ്പാടി അൽഫോൻസാ കോളേജിൽ വെച്ച് നടത്തപ്പെട്ട വടംവലി മത്സരം താമരശ്ശേരി രൂപതാ മേലധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയൽ ഉദ്ഘാടനം ചെയ്തു. 14 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

ഒന്നാം സ്ഥാനം - നൂറാംതോട് ഇടവകയും (10001 രൂപയും ട്രോഫിയും), രണ്ടാം സ്ഥാനം-കോടഞ്ചേരി ഇടവകയും(50001 രൂപയും ട്രോഫിയും), മൂന്നാം സ്ഥാനം - വെറ്റിലപ്പാറ ഇടവകയും, നാലാം സ്ഥാനം - ദേവഗിരി ഇടവകയും കരസ്ഥമാക്കി.

**ഫാ. വർഗ്ഗീസ് പനയ്ക്കൽ**
**ഡയറക്ടർ, മാതൃവേദി**

# കരുണാഭവൻ

വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ നടത്തുകയും ഓണ സദ്യ നൽകുകയും ചെയ്തു. എട്ടുനോമ്പാചരണം നടത്തി മാതാവിന്റെ ജനനതിരുനാളിനൊരുങ്ങി. മുൻ മെത്രാൻ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ വേർപാടിൽ അനുശോചനം അറിയിക്കുകയും പ്രാർഥിക്കുകയും ചെയ്തു.

# ജീസസ് ഫ്രട്ടേണിറ്റി

കോഴിക്കോട് ജില്ലാ ജയിൽ, തവന്നൂർ സെൻട്രൽ ജയിൽ, മഞ്ചേരി, പെരുന്തൽമണ്ണ ജയിലുകളിൽ ഡയറക്ടറച്ചൻ സന്ദർശനം നടത്തി. ജയിൽ അധികൃതരുമായി തുടർ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. ഡയറക്ടറച്ചനും പ്രതിനിധികളും വയനാട് യൂണിറ്റ് മീറ്റിംഗിൽ സംബന്ധിച്ച് മാനന്തവാടി, വൈത്തിരി ജയിലുകളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി.

തടവറ മധ്യസ്ഥനായ വി. മാക്സ്മില്യൻ കോൾബേയുടെ തിരുനാളിനോടൊനുബന്ധിച്ച് പാറോപ്പടി പള്ളിയിൽവെച്ച് ആരാധനയും നൊവേന പ്രാർഥനയും നടത്തി.

തവന്നൂർ സെൻട്രൽ ജയിലിലും കോഴിക്കോട് ജില്ലാ ജയിലിലും ഓണത്തോടനുബന്ധിച്ച് പാറോപ്പടി ഇടവകയിലെ മാതൃവേദി അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് തിരുവാതിര, വഞ്ചിപ്പാട്ട് തുടങ്ങിയ കലാപരിപാടികൾ നടത്തി മധുര പലഹാരങ്ങളും വിതരണം ചെയ്തു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ: കരുണാഭവൻ, ജീസസ് ഫ്രട്ടേണിറ്റി

# കത്തോലിക്ക കോൺഗ്രസ്

## 1. രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്

2025 സെപ്റ്റംബർ 1 ന് കത്തോലിക്ക കോൺഗ്രസ് താമരശ്ശേരി രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് പ്രസിഡണ്ട് ഡോ. ചാക്കോ കാളംപറമ്പിന്റെ അധ്യക്ഷതയിൽ മാർ മങ്കുഴിക്കരി മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ സ്വാഗതം പറഞ്ഞ യോഗം ഡയറക്ടർ ഫാ. സബിൻ

തൂമുള്ളിലിന്റെ പ്രാർഥനയോടെ ആരംഭിച്ചു. കഴിഞ്ഞ മാസങ്ങളിലെ കണക്കും റിപ്പോർട്ടും അവതരിപ്പിച്ച് പാസാക്കി.

മോസസ് 2k25, യൂണിറ്റ് ജനറൽ ബോഡി സമ്മേളനങ്ങൾ, ഛത്തീസ്ഗഢ്, നൈജീരിയ തുടങ്ങിയ വിഷയങ്ങളിലെ പ്രതിഷേധ ങ്ങൾ, പാലക്കാട് സമ്മേളനം, സാരിവേലി സമരം, യൂത്ത് വാക്ക് തുടങ്ങി കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ വിവിധ പരിപാടികളെക്കുറിച്ച് യോഗം വിലയിരുത്തി. ജൂബിലിയോട് അനുബന്ധിച്ച് 2026 ജനുവരിയിൽ സമുദായ മാസാചരണത്തിൽ നടപ്പിൽ വരുത്താനുള്ള വിവിധ കർമപദ്ധതികൾ ചർച്ചചെയ്തു. കർമപദ്ധതികൾ അവതരിപ്പിച്ചവർക്കും സുദീർഘമായ ചർച്ചയിൽ പങ്കെടുത്തവർക്കും രൂപത ട്രഷറർ സജി കരോട്ട് നന്ദി പറഞ്ഞുകൊണ്ട് യോഗം അവസാനിച്ചു.

### 2. ആദരവോടെ നന്ദി

താമരശ്ശേരി രൂപതയിലെ കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ 2025 സെപ്റ്റംബർ 11ന് താമരശ്ശേരി ജോൺ പോൾ II ഓഡിറ്റോറിയത്തിൽ വച്ച് ത്രിതല പഞ്ചായത്തിലെ സമുദായ അംഗങ്ങളായ ജനപ്രതിനിധികൾ ഒത്തുചേർന്നു. അഞ്ച് വർഷങ്ങൾക്ക് മുമ്പ് ജനങ്ങളുടെ വിശ്വാസം നേടി ത്രിതല പഞ്ചായത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട സമുദായ അംഗങ്ങളോട് അവരുടെ നിസ്വാർത്ഥ സേവനങ്ങൾക്ക് നന്ദി പറയുവാനും പ്രവർത്തന മികവിന് അഭിനന്ദനങ്ങൾ അർപ്പിക്കു വാനാണ് ഈ സംഗമം സംഘടിപ്പിച്ചത്. 'ആദരവോടെ നന്ദി' എന്ന പേരിൽ സംഘടിപ്പിച്ച ഈ പ്രോഗ്രാമിന്റെ ഉദ്ഘാടനം താമരശ്ശേരി രൂപത വികാരി ജനറാൾ മോൺ. അബ്രഹാം വയലിൽ നിർവഹിച്ചു. കത്തോലിക്കാ കോൺഗ്രസ് രൂപത പ്രസിഡന്റ് ഡോ. ചാക്കോ കാളംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. ക്ലാസ്സുകൾക്ക് ഫാ. മാത്യു തൂമുള്ളിൽ, ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

തുടർന്ന് നടന്ന ചർച്ചയിൽ പഞ്ചായത്ത് പ്രസിഡന്റുമാരായ ദിവ്യ ഷിബു, ബിന്ദു ജോൺസൺ, പ്രേംജി, ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധി ബോസ് ജേക്കബ് തുട ങ്ങിയവർ തങ്ങളുടെ അനുഭവങ്ങളും ചിന്തകളും പങ്കുവച്ചു. രൂപതാ ട്രഷറർ സജി കരോട്ട് ഏവർക്കും നന്ദി ആശംസിച്ചു.

### 3. താമരശ്ശേരി ഫൊറോന നേതൃത്വ പരിശീലന ക്യാമ്പ്

കത്തോലിക്ക കോൺഗ്രസിന്റെ പ്രവർത്തന ലക്ഷ്യങ്ങളും ആവശ്യകതയേയും ഉത്തരവാദിത്വങ്ങളേയും കുറിച്ച് കൃത്യമായ ബോധവൽക്കരണം നൽകുക എന്ന

ലക്ഷ്യത്തോടെ സെപ്റ്റംബർ 14ന് ഞായറാഴ്ച താമരശ്ശേരി കത്തീഡ്രൽ പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നേതൃത്വ സംഗമം സംഘടിപ്പിച്ചു. താമരശ്ശേരി ഫൊറോനയിലെ മുഴുവൻ ഇടവകകളിൽ നിന്നുമായി 82 പേർ പങ്കെടുത്തു. ആൻസി ഇലഞ്ഞിക്കൽ, ബീന കൊച്ചുതൊട്ടിയിൽ എന്നിവരുടെ പ്രാർഥനയോടെ യോഗം ആരംഭിച്ചു. പ്രസിഡണ്ട് രാജു മംഗലശ്ശേരി അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി ജോബിഷ് തുണ്ടത്തിൽ സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. തോമസ് ചിലമ്പിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ ടോമി ചക്കിട്ടമുറിയിൽ, രൂപത ജനറൽ സെക്രട്ടറി ഷാജി കണ്ടത്തിൽ, ട്രഷറർ സജി കരോട്ട്, വൈസ് പ്രസിഡണ്ട് പ്രിൻസ് തിനംപറമ്പിൽ, ജോസഫ് ആലവേലിൽ എന്നിവർ ആശംസകൾ അറിയിച്ചു. കേരളം മുഴുവൻ നടക്കുന്ന സമുദായ ശാക്തീകരണ പ്രവർത്തനങ്ങൾക്ക് സമഗ്രമായ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന രൂപത ഡയറക്ടർ സബിൻ അച്ചനെയും, പ്രസിഡണ്ട് ചാക്കോ സാറിനെയും ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. ക്ലാസ്സുകൾക്ക് ഫാ. മാത്യു തൂമുള്ളിൽ, ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ നേതൃത്വം നൽകി. സ്നേഹ ടോമി ആളുകൾക്ക് കാതുകൾക്ക് ഇമ്പം ഏകുന്ന മനോഹരമായ ഗാനം ആലപിച്ചു. ട്രഷറർ ജോഷി മണിമല അന്നേ ദിവസം എത്തിയ വിശിഷ്ടാതിഥികൾക്കും മറ്റെല്ലാ പ്രവർത്തകർക്കും നന്ദി അർപ്പിച്ചു.

### 4. Youth Walk സമാപിച്ചു.

കത്തോലിക്കാ കോൺഗ്രസ് താമരശ്ശേരി രൂപതയുടെ യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ മദർ തെരേസയോടൊപ്പം Youth walk എന്ന പേരിൽ സംഘടിപ്പിച്ച ദശ ദിന കാരുണ്യോത്സവം സമാപിച്ചു. സമാപന സമ്മേളനം താമരശ്ശേരി യേശുഭവനിൽ വെച്ച് ചേർന്ന യോഗത്തിൽ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം ചെയ്തു. ഡോ. ചാക്കോ കാളംപറമ്പിൽ, ഫാ. സബിൻ തുമുള്ളിൽ, ഫാ. തോമസ് ചിലമ്പിക്കുന്നേൽ, ഷാന്റോ തകിടിയേൽ, ഷാജി കണ്ടത്തിൽ, സിജി കരോട്ട്, രാജു മംഗലശേരി, സിസ്റ്റർ ബിൻസി ജോസഫ് ആലവേലിൽ, പ്രിൻസ് തിനംപറമ്പിൽ  എന്നിവർ പ്രസംഗിച്ചു. അഗതികളുടെ അമ്മയായ വി. മദർ തെരേസയുടെ നിസ്വാർഥ സേവനത്തിന്റെ മാതൃക ഉൾക്കൊണ്ടു കൊണ്ട് കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിന്റെയും രൂപത സമിതിയുടേയും നേതൃത്വത്തിൽ വി. മദർ തെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 26 മുതൽ തിരുനാൾ ദിനമായ സെപ്റ്റംബർ 5 വരെ ക്രൈസ്തവ സമുദായം നടത്തുന്ന കോഴിക്കോട് മലപ്പുറം ജില്ലകളിലെ വിവിധ ജീവകാരുണ്യ സ്ഥാപനങ്ങൾ  സന്ദർശിച്ചു.

മദർ തെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 26ന് കോഴിക്കോട് ഹോം ഓഫ് ലൗവിൽ വെച്ച് ദശദിന കാരുണ്യ ഉത്സവയാത്രയുടെ ഉദ്ഘാടനം ജോസി ചെറിയാൻ നിർവഹിച്ചു.

ആകാശ പറവകൾ വെട്ടത്തൂർ, കാരുണ്യസദൻ മാലാപറമ്പ്, ശാലോം മാതാ മഞ്ചേരി, കരുണാഭവൻ കോഴിക്കോട്, യേശുഭവൻ താമരശ്ശേരി, സെന്റ് തോമസ് ഓൾഡേജ് ഹോം കൂരാച്ചുണ്ട്, സ്നേഹാലയം തിരുവമ്പാടി, ആശാഭവൻ കോടഞ്ചേരി, സിയോൺ കണ്ണോത്ത്, ഹോം ഓഫ് ലവ് കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കു കയും അധികാരികളെ ആദരിക്കുകയും ചെയ്തു. യൂത്ത് കൗൺസിൽ രൂപത ജനറൽ കോഡിനേറ്റർ ഷാന്റോ തകിടിയേൽ, മാത്യൂസ് പൈനാപ്പിള്ളിൽ, തേജസ് കറുകയിൽ, സുബിൻ തയ്യിൽ, സോനാ ഡോണി, ജോസഫ് പുലക്കുടിയിൽ, വർഗീസ് കാണ്ണാത്ത്, വിൻസന്റ് പൊട്ടനാനിക്കൽ എന്നിവർ നേതൃത്വം നൽകി.

### 5. അവകാശ സംരക്ഷണ യാത്ര

കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ ജനകീയ ആവശ്യങ്ങൾ ഉന്നയിച്ച് ഒക്ടോബർ 13 മുതൽ 24 വരെ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ അവകാശ സംരക്ഷണ യാത്രയ്ക്ക് നമ്മുടെ രൂപതയിൽ വിവിധ സ്ഥലങ്ങ ളിൽ സ്വീകരണം നൽകുന്നു. എ.കെ.സി.സി അംഗങ്ങളുടെയും ഭാരവാഹികളു ടെയും നിസ്തുലമായ സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. മാത്യു തൂമുള്ളിൽ**
ഡയറക്ടർ, എ.കെ.സി.സി

## കരിസ്മാറ്റിക് മൂവ്മെന്റ്

### വിമല ഹൃദയ പ്രതിഷ്ഠ

ജൂലൈ 13 ന് ആരംഭിച്ച 33 ദിവസത്തെ ഒരുക്കത്തിന് ശേഷം ആഗസ്റ്റ് 15ന് കോഴിക്കോട് സോണിനെ പരിശുദ്ധ അമ്മയുടെ വിമല ഹൃദയത്തിന് പ്രതിഷ്ഠിച്ചു. കോഴിക്കോട് സോൺ സർവീസ് ടീം അംഗങ്ങളും സബ്സോൺ കോഡിനേറ്റർമാരുമാണ് ഇതിന് നേതൃത്വം നൽകിയത്.

### ജൂബിലേവൂസ് – 2026

ആഗസ്റ്റ് മാസത്തിലെ സുവർണ്ണ ജൂബിലി സഹസ്രദിന ഉപവാസ പ്രാർഥന, ആഗസ്റ്റ് 20 ന് തോട്ടുമുക്കം സബ്സോണിലെ വാലില്ലാപ്പുഴ ഇടവകയിൽ വച്ച്

നടത്തി. സബ്സോൺ ആനിമേറ്റർ ഫാ. മാത്യു കോട്ടക്കൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സോണൽ സെക്രട്ടറി ബെന്നിച്ചൻ കറുകമാലിൽ മുഖ്യപ്രഭാഷണം നടത്തി. സോണൽ കോഡിനേറ്റർ ഷാജു കാഞ്ഞിരത്തിങ്കൽ, മധ്യസ്ഥ പ്രാർഥന കോഡിനേറ്റർ ജോസ് കിഴക്കയിൽ, ജോർജ്ജ് സാർ എന്നിവർ മധ്യസ്ഥ പ്രാർഥനയ്ക്ക് നേതൃത്വം നൽകി.

സെപ്റ്റംബർ മാസത്തിലെ ജൂബിലേവൂസ് മലപ്പുറം സബ് സോണിലെ പന്തല്ലൂർ ഇടവകയിൽ വച്ച് നടത്തി. സബ്സോൺ ആനിമേറ്റർ ഫാ. അഗസ്റ്റിൻ (സുദീപ്) കിഴക്കരക്കാട്ട് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. ഡോ. ഫ്രാൻസിസ് ആറാടൻ ക്ലാസുകൾ നയിച്ചു ബേബി പഴംപ്ലാക്കൽ, ആൻറണി മൈക്കിൾ എന്നിവർ മധ്യസ്ഥ പ്രാർഥനയ്ക്ക് നേതൃത്വം നൽകി.

**കെരിഗ്മ കോഴ്സ്**

കോഴിക്കോട് സോണിലെ മിനിസ്ട്രി ഓഗസ്റ്റ് 11 മുതൽ ഓഗസ്റ്റ് 15 വരെ താമരശ്ശേരി MST സെമിനാരിയിൽ വച്ച് കോഴ്സ് നടത്തി. സെൻറർ ടീം അംഗങ്ങളായ മേരി കാസർഗോഡ്, രാജീവൻ പുനലൂർ, ആൻറണി തിരുവനന്തപുരം, ഫ്രാൻസിസ് തൃശ്ശൂർ എന്നിവരാണ് ക്ലാസുകൾ നയിച്ചത്. ഫാ. സെബാസ്റ്റ്യൻ കിഴക്കയിൽ MST വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സോണൽ കോഡിനേറ്റർ ഷാജി കാഞ്ഞിരത്തിങ്കൽ, കെരിഗ്മ മിനിസ്ട്രി കോഡിനേറ്റർ ഷാജി അരീക്കതിൽ എന്നിവർ ഈ കോഴ്സിന് നേതൃത്വം നൽകി.

**തിരുസന്നിധിയിൽ:** കരിസ്മാറ്റിക് നവീകരണത്തിന്റെ സുവർണ്ണ ജൂബിലിയോടും താമരശ്ശേരി രൂപതയുടെ റൂബി ജൂബിലിയോടും അനുബന്ധിച്ച് താമരശ്ശേരി MST സെമിനാരിയിൽ വച്ച് '101 മണിക്കൂർ' ആരാധന നടത്തി. സെപ്റ്റംബർ 9 ന് രാവിലെ 9 മണിക്ക് ഫാ. ഡോമിനിക് കുഴിവേലിൽ അർപ്പിച്ച വിശുദ്ധ കുർബാനയോടെ ആരംഭിച്ച, സെപ്റ്റംബർ 13ന് 2 മണിക്ക് വിശുദ്ധ കുർബാനയോടെ സമാപിച്ചു.

**'ആത്മനിറവ്':** ആത്മനിറവ് എന്ന പേരിൽ സംഗമങ്ങൾ എല്ലാ സബ്സോണുകളിലും നടന്നുകൊണ്ടിരിക്കുന്നു. സെപ്റ്റംബർ 20ന് മലപ്പുറം സബ് സോണിലെ പന്തല്ലൂർ ഇടവകയിൽ വച്ച് നടന്ന സബ് സംഗമത്തിന് ഡോ. ഫ്രാൻസീസ് ആറാടൻ, ഫാ. അഗസ്റ്റിൻ (സുദീപ്) കിഴക്കരക്കാട്ട് എന്നിവർ നേതൃത്വം നൽകി. സി. എൽസിസ് മാത്യു, ഷാജു കാഞ്ഞിരത്തിങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സെപ്റ്റംബർ 22ന് രാവിലെ കരുവാരക്കുണ്ട് സബ്സോണിലെ കാളികാവ് ഇടവകയിൽ വച്ച് ആത്മനിറവ് എന്ന പോഗ്രാം നടത്തി. ഫാ. ജോയിസ് പീടികയിൽ, സിത്താമ്മ വാണിയമ്പലം എന്നിവർ നേതൃത്വം നൽകി. ഷാജു കാത്തിരത്തിങ്കൽ, മത്തായി സി.സി, ബെന്നിച്ചൻ കറുകമാലിൽ എന്നിവർ

ക്ലാസ്സുകൾ നയിച്ചു. സെപ്റ്റംബർ 22ന് ഉച്ചകഴിഞ്ഞ് പെരിന്തൽമണ്ണ സബ്സോണിൽ വച്ച് നടന്ന സബ് സോൺ സംഗമത്തിൽ ഷാജു കാത്തിരത്തിങ്കൽ, ബെന്നിച്ചൻ കറുകമാലിൽ, സി.സി മത്തായി എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സെപ്റ്റംബർ 23ന് തിരുവമ്പാടി സബ്സോണിലെ വിളക്കാം തോട് ഇടവകയിൽ വച്ച് നടന്നു. ഫാ. മാത്യു പെരുവേലിൽ, സണ്ണി കോക്കപ്പിള്ളിൽ എന്നിവർ നേതൃതം നൽകി. ഷാജു കാത്തിരത്തിങ്കൽ, സി.സി മത്തായി, ബെന്നിച്ചൻ കുറുകമാലിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സെപ്റ്റംബർ 24ന് മരുതോങ്കര ഇടവകയിൽ വച്ച് നടന്ന സബ് സോൺ സംഗമത്തിൽ ഫാ. ഇമ്മാനുവൽ കുറൂര്, ഷാജൂ അമ്പാട്ടുപറമ്പിൽ, ബെന്നി പൈകയിൽ എന്നിവർ നേതൃത്വം നൽകി. ഫാ. ഡോമിനിക് കുഴിവേലിൽ, വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. ഫാ. ഡോമി നിക് കുഴിവേലിൽ, സി.സി മത്തായി, ഷാജു കാഞ്ഞിരത്തിങ്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ഫാ. ഡൊമിനിക് കുഴിവേലിൽ**
കരിസ്മാറ്റിക് മൂവ്മെന്റ്

# ബഥാനിയ ധ്യാനകേന്ദ്രം

**'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു' (1 പത്രോ 2, 24).**

### അഖണ്ഡ ജപമാല സമർപ്പണം

ബഥാനിയായിലെ അഖണ്ഡ ജപമാല സമർപ്പണം ഏറ്റവും അനുഗ്രഹീതമായി നടക്കുന്നു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി ഇരുപത്തിനാലു മണിക്കൂറും വിശ്വാസികൾ ബഥാനിയാ യിൽ എത്തുകയും പ്രാർഥിച്ചു മടങ്ങുകയും ചെയ്യുന്നു. ഈ ദിവസങ്ങളിലായി അഖണ്ഡജപമാല സമർപ്പണത്തിന് വിവിധ ഇടവകകളിൽ നിന്നും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ സംഘടനാംഗങ്ങളും കുടുംബകൂട്ടായ്മകളും വേദപാഠ വിദ്യാർഥികളും ബഥാനിയായിൽ എത്തി പ്രാർഥിക്കുന്നുണ്ട്. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഇടവകാംഗങ്ങളെ ഒരുമിച്ച് ചേർത്ത് ജപമാല റാലിയായി ബഥാനിയായിലേക്ക് എത്തിച്ചേരുന്നുണ്ട്. അഖണ്ഡ ജപമാല സമർപ്പണത്തിന്റെ ഇരുപത്തിയഞ്ചാം വർഷമാണ് എന്ന പ്രത്യേകതയും ഇത്തവണയുണ്ട്.

### ധ്യാനങ്ങൾ

സെപ്റ്റംബർ മാസം 12 മുതൽ 15 വരെയും, 26 മുതൽ 29 വരെയും തീയതികളിലായി ബഥാനിയായിൽ രണ്ട് ജീവിത നവീകരണ ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനത്തിൽ അനേകം ആളുകൾ പങ്കെടുക്കുകയും ദൈവാനുഭവത്തോടെ മടങ്ങുകയും ചെയ്തു.

അടുത്ത മാസം അഖണ്ഡ ജപമാല സമർപ്പണത്തിന്റെ സമാപനമായതിനാൽ ഒക്ടോബർ മാസത്തിൽ ഒരു ധ്യാനം മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ. ഒക്ടോബർ 10 മുതൽ 13 വരെ ആണ് ധ്യാനം നടക്കുന്നത്.

### ഏകദിന കൺവെൻഷൻ

സെപ്റ്റംബർ മാസത്തിലെ എല്ലാ വെള്ളിയാഴ്ചകളിലും ഏകദിന കൺവെൻഷനുകൾ നടന്നു. ഒട്ടനവധി ആളുകൾ പങ്കെടുത്തു. പങ്കെടുത്തവർക്ക് എല്ലാം പുത്തൻ ഉണർവ് നൽകാൻ ബഥാനിയാ യിലെ ശുശ്രൂഷകൾക്ക് സാധിച്ചു. കുമ്പസാരിക്കാനും കൗൺ സലിംഗിനുമുള്ള ഉള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജനപ്പെടുത്തി. സെപ്റ്റംബർ മാസം അഞ്ചാം തീയതി ആദ്യ വെള്ളിയാഴ്ച ആവേ മരിയ ഹാളിൽ നടന്ന ഏകദിന ശുശ്രൂഷയിൽ അനേകമാളുകൾ പങ്കെടുത്തു.

രാവിലെ 9 മണിക്ക് ആരംഭിച്ച കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യപ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചന സന്ദേശം, സ്പിരിച്വൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

### വിശുദ്ധ കുർബാനയും കുമ്പസാരവും

അഖണ്ഡ ജപമാല സമർപ്പണ ദിവസങ്ങളിൽ വിശുദ്ധ കുമ്പസാര ത്തിനും കൗൺസലിങ്ങിനുമുള്ള അവസരങ്ങൾ അനേകമാളുകൾ പ്രയോജന പ്പെടുത്തുന്നുണ്ട്. ഞായറാഴ്ച ഒഴികെ എല്ലാദിവസവും മൂന്ന് വിശുദ്ധ കുർബാനകൾ, രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും അർപ്പിക്കപ്പെടുന്നു. കുമ്പസാര ത്തിനുള്ള അവസരം എല്ലാ ദിവസവും ഉണ്ട്.

### സ്പിരിച്വൽ ഷെയറിങ്ങും മധ്യസ്ഥ പ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥ പ്രാർഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിച്വൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

## ഒക്ടോബർ മാസത്തിലെ ശുശ്രൂഷകൾ

03. ആദ്യവെള്ളി - ഏകദിന കൺവെൻഷൻ
04. ശനി - അഖണ്ഡ ജപമാല സമർപ്പണം എൺപതാം ദിവസം
10. വെള്ളി - ഏകദിന കൺവെൻഷൻ
ജീവിത വിശുദ്ധീകരണ ധ്യാനം (10-13)
14. ചൊവ്വ - അഖണ്ഡ ജപമാല സമർപ്പണം തൊണ്ണൂറാം ദിവസം
17. വെള്ളി - ഏകദിന കൺവെൻഷൻ
24. വെള്ളി - ഏകദിന കൺവെൻഷൻ
അഖണ്ഡ ജപമാല സമർപ്പണം
നൂറാം ദിവസം
25. ശനി - അഖണ്ഡ ജപമാല സമർപ്പണം സമാപനം
31. വെള്ളി - ഏകദിന കൺവൻഷൻ

## 24-10-2025 വെള്ളിയാഴ്ച അഖണ്ഡ ജപമാല സമർപ്പണം നൂറാം ദിന ശുശ്രൂഷകൾ

11.00 am : ദിവ്യകാരുണ്യ ആരാധന
12.30 pm : വിശുദ്ധ കുർബാന
റവ. ഫാ. കുര്യാക്കോസ് മുഖാലയിൽ
(വികാരി, സെന്റ് ജോസഫ്സ് ചർച്ച്, പുല്ലൂരാംപാറ )
6.30 pm : മെഴുകുതിരിയേന്തി ജപമാല റാലി
7.15 pm: വി. കുർബാന
മോൺ. അബ്രഹാം വയലിൽ
(വികാരി ജനറാൾ, താമരശ്ശേരി രൂപത)

## 25-10-2025 ശനി, അഖണ്ഡ ജപമാല സമർപ്പണ സമാപന ശുശ്രൂഷകൾ

10.30 am : സമാപന ജപമാല
11.00 am : ആഘോഷമായ വി. കുർബാന
അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ
(താമരശ്ശേരി രൂപതാ മെത്രാൻ )
12.30 pm : ദിവ്യകാരുണ്യ ആരാധന
ദിവ്യകാരുണ്യ പ്രദക്ഷിണം
സമാപനാശീർവ്വാദം
1.30 pm : നേർച്ച ഭക്ഷണം

അഖണ്ഡ ജപമാല സമർപ്പണ സമാപനശുശ്രൂഷയിലേക്ക് എല്ലാ സഹോദരവൈദികരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഇടവകാ ജനത്തെ അന്നേ ദിവസത്തിലെ ശുശ്രൂഷകളിലേക്ക് പറഞ്ഞയക്കുമല്ലോ.

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# വികസന വേദി

## വിലങ്ങാട് പുനരധിവാസ ഭവന നിർമ്മാണ പദ്ധതി

വിലങ്ങാട് പ്രദേശത്ത് ഉണ്ടായ പ്രകൃതിദുരന്തത്തിന് ശേഷം, ദുരിതബാധിതർക്ക് സ്ഥിരതയും സുരക്ഷയും നൽകുന്നതിനായി കേരള കത്തോലിക്ക സഭയുടെ നേതൃത്വത്തിൽ വിലങ്ങാട് പുനരധിവാസ പദ്ധതി ആരംഭിച്ചു. സഭ ദുരിതബാധിതരുടെ ജീവിതത്തിൽ പ്രത്യാശയുടെ ഒരു പുതിയ അധ്യായം തുറക്കുകയാണ്.

### പദ്ധതി ലക്ഷ്യങ്ങൾ

- ദുരിതബാധിതർക്ക് സുരക്ഷിതവും സുഖപ്രദവുമായ താമസസൗകര്യം ഒരുക്കുക.
- സമൂഹത്തിന്റെ ആത്മവിശ്വാസവും സാമൂഹിക ഐക്യവും പുനസ്ഥാപിക്കുക.

### നിർമ്മാണ പ്രവർത്തനങ്ങൾ

- ആകെ 65 വീടുകൾ നിർമ്മിക്കുകയാണ് പദ്ധതിയുടെ ഭാഗമായി.
- ഇതിൽ 41 വീടുകൾ KCBC (കേരള ക[illegible] സഭാ കൗൺസിൽ) നേരിട്ട് നിർമാണച്ചെലവിന് 10 ലക്ഷം നൽ[illegible]ക്കുന്നു.
- ശേഷിക്കുന്ന 24 വീടുകൾ [illegible]ന്യാസ സഭകളുടെയും സംഘടനകളുടെയും നേതൃത്വത്തി[illegible]മിക്കുന്നത്.
- പ്രത്യേകിച്ചും CMI സഭയു[illegible] എറണാകുളം-അങ്കമാലി അതിരൂപതയുടെയും ജീസസ് യൂത്ത് സംഘടനയുടെയും സേവനം പ്രശംസനീയമാണ്.

### നിലവിലെ പുരോഗതി

- പദ്ധതിയിലെ 59-ാമത്തെ വീടിന്റെ തറക്കല്ലിടൽ കർമ്മം പൂർത്തിയാക്കി.
- വീടുകൾ ഡിസംബർ മാസത്തോടെ മുഴുവനും പൂർത്തിയാക്കാൻ ശ്രമങ്ങൾ പുരോഗമിക്കുന്നു.
- ഇതുവരെ 15 വീടുകളുടെ നിർമ്മാണം പൂർത്തിയായി.

### നേതൃത്വവും ഏകോപനവും

- താമരശ്ശേരി രൂപതയുടെ സാമൂഹിക സേവന വിഭാഗം നേതൃത്വം നൽകുന്ന ഭവന നിർമാണ പദ്ധതികൾ
- വിലങ്ങാട് ഫൊറോന വികാരി ഫാ. വിൽസൺ മുട്ടത്ത്കുന്നേൽ, മഞ്ഞക്കുന്ന് ഇടവക വികാരി, ഫാ. ബോബി പൂവത്തിങ്കൽ എന്നിവർ ഏകോപിപ്പിച്ചു.

## ഓണാഘോഷം

ഈ വർഷത്തെ ഓണാഘോഷം ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര ഉദ്ഘാടനം നിർവഹിച്ചു. പ്രോഗ്രാം കോർഡിനേറ്റർ ജോയ് കെ.സി സ്വാഗതം പറഞ്ഞു. സ്റ്റാഫ് അംഗങ്ങൾ ഓണപ്പാട്ട് പാടി. മത്സരങ്ങൾക്ക് മാത്യു മേൽവെട്ടം നേതൃത്വം നൽകി. ഓണസമ്മാനവും വിഭവസമൃദ്ധമായ സദ്യയും ഉണ്ടായിരുന്നു.

തിരുവമ്പാടി ജിവിഎസ്, ആനക്കാംപൊയിൽ സെന്റ് മേരീസ് പള്ളി: ദേവസ്യ മടിക്കങ്കൽ ഉദ്ഘാടനം ചെയ്തു. മത്സരങ്ങൾ നടത്തി. ജിവിഎസ് പ്രസിഡന്റ് മേരിക്കുട്ടി ദേവസ്യ, ഏരിയ കോർഡിനേറ്റർ റെനി സാബു, അസിസ്റ്റന്റ് കോർഡിനേറ്റർ ബീന ബോബി എന്നിവർ നേതൃത്വം നൽകി.

പുതുപ്പാടി ഏരിയ: മദർ തെരേസ ട്രെയിനിങ്ങ് സെന്ററിൽ സന്ദീപ് കളപ്പുരക്കൽ ഉദ്ഘാടനം നിർവഹിച്ചു. 45 സംഘങ്ങളിൽ നിന്നായി 150 പേർ പങ്കെടുത്തു. വിവിധ മത്സരങ്ങളും ഓണസദ്യയും നടത്തി.

കോടഞ്ചേരി ഏരിയ: സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജർ രശ്മി ഉദ്ഘാടനം നിർവഹിച്ചു. 23 സംഘങ്ങളിൽ നിന്നായി 75 പേർ പങ്കെടുത്തു. ജിവിഎസ് പ്രസിഡണ്ട് സമ്മാനങ്ങൾ വിതരണം ചെയ്തു. പായസ വിതരണം നടത്തി.

## കാർഷിക വായ്പ വിതരണം

കനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കായി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. പുതുപ്പാടി, കൂടരഞ്ഞി, പുല്ലൂരാംപാറ എന്നീ ഗ്രാമവികസന സമിതികളുടെ കീഴിലുള്ള ഗ്രൂപ്പുകൾക്കാണ് വായ്പ വിതരണം ചെയ്തത്. ബാങ്ക് സ്റ്റാഫും സിഡി കോർഡിനേറ്ററും നേതൃത്വം നൽകി.

## കാവൽ

ഓണത്തോട് അനുബന്ധിച്ച് കാവൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കാവൽ പദ്ധതിയിലെ കുട്ടികൾക്കും കുടുംബത്തിനുമായി കാവൽ മുഖാന്തരം പത്തോളം ഭക്ഷണ കിറ്റുകൾ വിതരണം ചെയ്തു.

# ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

## 1. ലീഡർഷിപ്പ് ക്യാമ്പ്

ദീപിക ബാലസഖ്യം (DCL) കോഴിക്കോട് പ്രവിശ്യ സംഘടിപ്പിച്ച ഇൻസ്പയർ 2K25 ലീഡർഷിപ്പ് ക്യാമ്പ് ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 3 വരെ പുതുപ്പാടി മദർ തെരേസ ട്രെയിനിങ്ങ് സെന്ററിൽ നടന്നു. മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. പ്രവിശ്യ കോർഡിനേറ്റർ ഫാ. തോമസ് പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർമാരായ സന്ദീപ് കളപ്പുരക്കൽ, മാത്യു മേൽവെട്ടം, പ്രിൻസ് തോമസ്, ആൽബിൻ സഖറിയാസ്, സിദ്ധാർഥ് എസ് നാഥ്, ഷിൽന ദേവസ്യ എന്നിവർ നേതൃത്വം നൽകി.

## 2. ക്ലാസുകളും സെമിനാറുകളും

കട്ടിപ്പാറ ഹോളി ഫാമിലി ഇടവകയിലെ അമ്മമാർക്കായി ഫാ. തോമസ് പാറൻകുളങ്ങരയും, മാത്യു ഇമ്മാനുവൽ മേൽവെട്ടവും ക്ലാസുകൾ നയിച്ചു. - കല്ലാനോട് സെന്റ് മേരീസ് ഹൈസ്കൂളിൽ: സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾക്കായി സംഘടിപ്പിച്ച ഓണക്കാല ക്യാമ്പിൽ സന്ദീപ് കളപ്പുരക്കൽ ക്ലാസെടുത്തു. പെരുവണ്ണാമൂഴി ഫാത്തിമ ഇടവകയിൽ: യുവജന സെമിനാറിൽ സന്ദീപ് കളപ്പുരക്കൽ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

## 3. ഓണാഘോഷവും അധ്യാപകദിനാചരണവും

ദീപിക ബാലസഖ്യം കോഴിക്കോട് പ്രവിശ്യയുടെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ ഓണാഘോഷവും അധ്യാപകദിനാചരണവും ജില്ലാ പഞ്ചായത്ത് മെമ്പർ റംസീന നരിക്കുനി ഉദ്ഘാടനം ചെയ്തു. പരിപാടികൾക്ക് ഫാ. തോമസ് പാറൻകുളങ്ങര, സന്ദീപ് കളപ്പുരക്കൽ, മാത്യു ഇമ്മാനുവൽ മേൽവെട്ടം, സിദ്ധാർഥ് എസ് നാഥ്, പ്രിൻസ് തോമസ്, ആൽബിൻ സഖറിയാസ്, ഷിൽന ദേവസ്യ എന്നിവർ നേതൃത്വം നൽകി.

## 4. കോളേജ് വിസിറ്റ്

കർണാടകത്തിലെ വിവിധ കോളേജുകളിൽ അഡ്മിഷൻ നേടിയ വിദ്യാർഥികളെയും അവരുടെ രക്ഷകർത്താക്കളെയും LDS ടീമിന്റെ നേതൃത്വത്തിൽ കോളേജുകളിൽ എത്തിച്ചു. വിദ്യാർഥികൾ മംഗള, RK, ഫാ. മുള്ളർ, NITTE, അഥേന കോളേജുകളിലാണ് അഡ്മിഷൻ എടുത്തത്.

# താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ. ഡി. 3378 (TAFCOS)

(താമരശ്ശേരി രൂപതയുടെ മേൽനോട്ടത്തിൽ സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനം)

## സൊസൈറ്റി സേവനങ്ങൾ

- കുറഞ്ഞ പലിശ നിരക്കിൽ ലളിത വ്യസ്ഥകളോടെ ഗ്രൂപ്പ് വായ്പകൾ
- മറ്റു ചാർജുകൾ ഒന്നും ഈടാക്കാതെ 100 രൂപക്ക് .80 പൈസ നിരക്കിൽ ഗ്രാമിന് 8000 രൂപ വരെ സ്വർണ്ണപ്പണയ വായ്പ)
- ചിട്ടിക്ക് സമാനമായ വിവിധ സലകളുടെ പ്രതിമാസ സമ്പാദ്യ പദ്ധതി
- ആധുനിക സുരക്ഷാ ക്രമീകരണങ്ങളോടെ ലോക്കർ സൗകര്യം
- സ്ഥിര നിക്ഷേപങ്ങൾക്ക് 8.5% ശതമാനം വരെ പലിശ.
- സേവിങ്സ് നിക്ഷേപങ്ങൾക്ക് 4% പലിശ
- ആധുനിക സുരക്ഷാ ക്രമീകരണങ്ങളോടെ ലോക്കർ സൗകര്യം.
- മൊബൈൽ ബാങ്കിങ് RTGS , NEFT സേവനങ്ങൾ
- വാഹന ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ് എന്നിവയുടെ കോ ഓപ്പറേറ്റീവ് ഏജൻസി
- കളക്ഷൻ ഏജന്റ് മുഖേന നിത്യ നിധി നിക്ഷേപ പദ്ധതികൾ

**2025 ഒക്ടോബർ മാസം തുടങ്ങുന്ന MSS (ചിട്ടി)**

| സല | തവണ | മാസ അടവ് |
|---|---|---|
| 3 ലക്ഷം | 30 മാസം | 10000 |

ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 8075061960, 6282914112

ഭക്ഷ്യ-കാർഷിക ധാർമികതാ പഠനവും ഗവേഷണവും നടത്തുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനം. താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. Ph: 9946646205

**1. ബയോഡൈവേഴ്സിറ്റി:**

- അഗ്രികൾച്ചറൽ നഴ്സറി മികച്ചതും വിശ്വസ്തവുമായ ഫലവൃക്ഷങ്ങൾ, നാണ്യവിള തൈകൾ, അലങ്കാര ചെടികൾ എന്നിവ ലഭ്യമാക്കി.
- വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളം, ജൈവകീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തു.

**2. ബയോഡൈവേഴ്സിറ്റി അഗ്രി ഫാം**

ഇഫയുടെ നേതൃത്വത്തിൽ തെയ്യപ്പാറ എസ്റ്റേറ്റിൽ കാർഷിക ഫാമിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

വിവിധ വിളകളുടെ പരീക്ഷണ കൃഷിയും ജൈവ കാർഷിക രീതികളുടെ പ്രയോഗവും തുടരുന്നു.

**3. കിസാൻഭാരത് വെബ് പോർട്ടൽ**

ഇടനിലക്കാരില്ലാതെ കർഷകർക്ക് സൗജന്യ ഓൺലൈൻ കാർഷിക മാർക്കറ്റിംഗ് പ്ലാറ്റ്ഫോം. കൂടുതൽ കർഷകർ www.kisanbharath.com വഴി അവരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നു.

**4. കിസാൻ ലൈൻ  സൗജന്യ കാർഷിക ഹെൽപ്പ് ലൈൻ**

ടോൾഫ്രീ നമ്പർ 1800425377 വഴി കർഷകർക്ക് സൗജന്യ കാർഷിക സഹായം. www.kisanline.com മുഖേനയും സേവനങ്ങൾ ലഭ്യമാക്കി. വിള സംരക്ഷണം, ജൈവകൃഷി, വിപണന മാർഗങ്ങൾ എന്നിവയിൽ ഉപദേശങ്ങൾ നൽകി.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

# യേശുനിധി

2025 ആഗസ്റ്റ് മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

## Education

| | | |
|---|---|---|
| 1 | Koorachundu | 8,000.00 |
| 2 | Thazhekode | 8,000.00 |
| 3 | Mailellampara | 8,000.00 |
| 4 | Thekkumkutty | 8,000.00 |
| 5 | Pushpagiri | 15,000.00 |
| 6 | Nenmeni | 15,000.00 |

## Medical

| | | |
|---|---|---|
| 7 | Koorachundu | 15,000.00 |
| 8 | Perinthalmanna | 12,000.00 |
| 9 | Kuppayakode | 8,000.00 |
| 10 | Thazhekode | 12,000.00 |
| 11 | Mariapuram | 12,000.00 |
| 12 | Thottumukkam | 12,000.00 |
| 13 | Chempanoda | 10,000.00 |
| 14 | Peruvannamuzhi | 12,000.00 |
| 15 | Malaparamba | 12,000.00 |
| 16 | Vilangad | 10,000.00 |
| 17 | Vilangad | 12,000.00 |
| 18 | Theyyappara | 10,000.00 |
| 19 | Kodanchery | 10,000.00 |
| 20 | Pushpagiri | 12,000.00 |
| 21 | Malaparamba | 10,000.00 |

## Marriage

| | | |
|---|---|---|
| 22 | Adackakundu | 20,000.00 |
| 23 | Chamal | 10,000.00 |
| | **Total** | **2,61,000.00** |

**ഫാ. ജോർജ്ജ് മുണ്ടനാട്ട്**

ഫിനാൻസ് ഓഫീസർ



# അജപാലനക്കുറിപ്പുകൾ

## ആഗസ്റ്റ്

30 രാവിലെ, കോഴിക്കോട് പി.എം.ഒ.സി.യിൽ മതബോധന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം മുഴുവൻ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളുടെ കൂട്ടായ്മയായ 'എവുക്കരിസ്റ്റിക് ആർമി' സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

മലാപ്പറമ്പ്, പരേതനായ ഫാ. ജോസഫ് പൊടിമറ്റത്തിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ക്രൈസ്റ്റ് ഹാൾ കപ്പേളയിൽ വി. കുർബാന അർപ്പിക്കുകയും അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

31 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ വി. അഗസ്റ്റീനോസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ദൈവാലയത്തിന്റെ പ്രഥമ സംഭാവന സ്വീകരിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, ആനിക്കാംപൊയിലിൽ, ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ആനക്കാംപൊ യിൽ - കള്ളാടി - മേപ്പാടി തുരങ്കപാതയുടെ ഉദ്ഘാടന സമ്മേ ളനത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ച് സംസാരിച്ചു.

വൈകുന്നേരം, പുതുപ്പാടി മദർ തെരേസ സെന്ററിൽ ഡി.സി.എൽ. നേതൃത്വം നൽകുന്ന കുട്ടികളുടെ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

പാലക്കാട് രൂപതയുടെ മെത്രാൻ അഭിവന്ദ്യ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിനെ രൂപതാഭവനിൽ സ്വീകരിച്ചു.

## സെപ്റ്റംബർ

1 രാവിലെ, രൂപതാഭവനിൽ, പാലക്കാട് രൂപതയുടെ മെത്രാൻ അഭിവന്ദ്യ പീറ്റർ കൊച്ചുപുരയ്ക്കലിനൊപ്പം വി. കുർബാന അർപ്പിച്ചു.

താമരശ്ശേരി, ആരാധന സന്യാസിനിസമൂഹ പ്രവിശ്യാഭവനിൽ സിസ്റ്റേഴ്സിന് ക്ലാസ്സെടുത്തു.

വൈകുന്നേരം, പൂവാറൻതോട് ഇടവകയിൽ മതാധ്യാപകരുടെ

തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

2 രാവിലെ, രൂപതയിലെ വിവിധ സംഘടന ഡയറക്ടർമാരെ വ്യക്തിപരമായി രൂപതാഭവനിൽ കാണുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

വൈകുന്നേരം, രൂപതാഭവനിൽ പഠനത്തിനും അജപാലന സേവനത്തിനുമായി പോകുന്ന താമരശ്ശേരി രൂപതാ വൈദികരായ ബഹു. മാത്യു കോരംകോട്ട്, ജോസഫ് അന്തീനാട്ട്, ജോർജ്ജ് പുരയിടത്തിൽ എന്നിവർക്ക് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

3 ഉച്ചയ്ക്ക്, രൂപതാഭവനിലെ ബഹു. വൈദികരോടും ജീവനക്കാ രോടുമൊപ്പം ഓണാഘോഷങ്ങളിൽ പങ്കെടുത്തു.

3-4 രൂപതാഭവനിൽ, ഉത്തര മലബാർ മെത്രാന്മാരുടെ സമ്മേളനത്തിൽ പങ്കെടുക്കുന്ന അഭിവന്ദ്യ പിതാക്കന്മാരെ സ്വീകരിക്കുകയും സമ്മേളനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

4 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ, ഉത്തര മലബാർ മെത്രാൻ സമിതിയ യോഗത്തിൽ പങ്കെടുത്ത അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം വി. കുർബാന അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, പുല്ലാഞ്ഞിമേട് യേശുഭവനിൽ, എ.കെ.സി.സി. യൂത്ത് വിംഗ് സംഘടിപ്പിച്ച 'യൂത്ത് വാക്ക്' എന്ന ദശദിന കാരുണ്യോത്സവം ഉദ്ഘാടനം ചെയ്തു.

5 രാവിലെ, പുതുപ്പാടി സെന്റ് ഫിലിപ്പ് നേരി ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു.

6 രാവിലെ, താമരശ്ശേരി മേരി മാതാ കത്തീഡ്രൽ പാരീഷ് ഹാളിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

താമരശ്ശേരി മേരി മാതാ കത്തീഡ്രലിൽ, മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ 5-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന അനുസ്മരണ കർമങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

7 പന്തല്ലൂർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

8 രാവിലെ, പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനു ബന്ധിച്ച് തിരുവമ്പാടി ഫൊറോന ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും പുതുതായി പണികഴിപ്പിച്ച വൈദിക മന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

9 രാവിലെ, റൂബി ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച വൈദികരുടെ മാതാപിതാക്കന്മാരുടെ സംഗമത്തോടനുബന്ധിച്ച് മേരി മാതാ കത്തീഡ്രലിൽ വി. കുർബാന അർപ്പിക്കുകയും തുടർന്ന് രൂപതാഭവനിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

വൈകുന്നേരം, പരപ്പനങ്ങാടി ഇടവകയിൽ മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

10 ഉച്ചയ്ക്ക്, ചാത്തൻകോട്ടുനട ഇടവകയിൽ ഇടവകയുടെ നേതൃത്വത്തിൽ പണികഴിപ്പിച്ച ഒരു ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, മാങ്കാവ് ഇടവകയിൽ മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ച വർക്ക് വേണ്ടി ക്ലാസ്സെടുത്തു.

11 രാവിലെ, മരഞ്ചാട്ടി ഇടവകയിലെ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

പൂവാറംതോട് ഇടവകയിൽ, ബഹു. വർഗീസ് മൂലേച്ചാലിൽ അച്ചന്റെ പരേതയായ മാതാവിന്റെ ചരമവാർഷികത്തോടനു ബന്ധിച്ച് വി.കുർബാന അർപ്പിക്കുകയും തുടർന്ന് സെമിത്തേരി യിൽ ഒപ്പീസ് ചൊല്ലി പ്രാർഥിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്, കോരങ്ങാട് സെന്റ് അൽഫോൻസ സ്കൂളിൽ മലബാർ സാഹോദയ ഹാൻഡ് ബോൾ മത്സരത്തിൽ വിജയിച്ച വർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

12 രാവിലെ, പി.എം.ഒ.സിയിൽ പ്രീകാന കോഴ്സിൽ സംബന്ധി ക്കുന്നവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

എസ്.ആർ.എ. സന്യാസിനി സമൂഹത്തിന്റെ സുപ്പീരിയർ ജനറാൾ ബഹു. സി. സീന ഡി. സോസുവിനെയും സംഘത്തേയും രൂപതാഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, കുപ്പായക്കോട് ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപനത്തോടനുബന്ധിച്ച് സന്ദേശം നൽകി.

ബഥാനിയ നവീകരണ കേന്ദ്രത്തിൽ ധ്യാനത്തിൽ സംബന്ധി ക്കുന്നവർക്കായി വി. കുർബാന അർപ്പിച്ചു.

13 രാവിലെ, വെറ്റിലപ്പാറ ഇടവക പള്ളിയിൽ, ഹോളി ക്രോസ് സന്യാസ സമൂഹത്തിന്റെ സ്ഥാപക വാഴ്ത്തപ്പെട്ട കാതറിൻ ഷെരറുടെ ഇരുന്നൂറാം ജന്മദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

തിരുവമ്പാടി അൽഫോൻസ കോളേജിൽ താമരശ്ശേരി രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ വടംവലി മത്സരം ഉദ്ഘാടനം ചെയ്തു.

മഞ്ഞുവയൽ ഇടവകയിലെ ഒരു കുടുംബത്തിലെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ഉച്ചകഴിഞ്ഞ്, കോടഞ്ചേരി സെന്റ് ജോസഫ്സ് ക്ലോയിസ്റ്റേർഡ് സന്യാസിനി സമൂഹത്തിലെ സുപ്പീരിയർ ബഹു. സി. ജോൺസിയുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

14 നൂറാംതോട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

ഉച്ചകഴിഞ്ഞ്, വയനാട് പാർലമെന്റ് മണ്ഡലം മെമ്പർ ശ്രീമതി പ്രിയങ്ക ഗാന്ധി രൂപതാഭവൻ സന്ദർശിച്ചു.

15 രാവിലെ, പാറോപ്പടി ഇടവകയിലെ ഒരു കുടുംബത്തിലെ മൂന്നാമത്തെയും നാലാമത്തെയും കുഞ്ഞുങ്ങൾക്ക് പ്രാരംഭ കൂദാശകൾ നല്കി.

ചേവായൂർ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

താമരശ്ശേരി രൂപതാഭവനിൽ കൈക്കാരന്മാരുടെ സമ്മേളനത്തിൽ സംബന്ധിച്ചു.

16 താമരശ്ശേരി രൂപതയിലെ ദൈവാലയ ശുശ്രൂഷികൾക്കുവേണ്ടി പയ്യോളി അകലാപ്പുഴയിൽ സംഘടിപ്പിച്ച കൂട്ടായ്മയിൽ അവരോടൊപ്പം പങ്കെടുത്തു.

17 രാവിലെ, രൂപതാഭവനിൽ കൂടിയ താമരശ്ശേരി രൂപതയിലെ അക്കൗണ്ടന്റുമാരുടെ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി അൽഫോൻസ കോളേജിൽ, കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകൾക്കായി നടത്തിയ 'ടാലൻഷ്യ' ക്വിസ് ഉദ്ഘാടനം ചെയ്യുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

കോഴിക്കോട് കിഡ്സൺ കോർണറിൽ നടത്തിയ നിർദ്ദിഷ്ട ചിപ്പിലിത്തോട് - മരുതിലാവ് - തളിപ്പുഴ ബൈപ്പാസ് റോഡ് യാഥാർത്ഥ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചുരം ബൈപ്പാസ് ആക്ഷൻ കമ്മറ്റിയും കേരള വ്യാപാരി വ്യവസായി ഏകോപനസമിതിയും വിവിധ സംഘടനകളും ചേർന്ന് നടത്തിയ ജനകീയ സമരജാഥയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, തൃശ്ശൂർ അതിരൂപത മുൻ അദ്ധ്യക്ഷൻ മാർ ജേക്കബ് തൂങ്കുഴി പിതാവ് കാലം ചെയ്തു.

18 രാവിലെ, രൂപതാഭവനിൽ 2022 - 24 വർഷത്തിൽ വൈദി കരായവരുടെ കൂട്ടായ്മയിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവകയിൽ പരേതയായ കൈതമറ്റത്തിൽ റോസമ്മയുടെ സംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, പുല്ലൂരാംപാറ ഇടവകയിൽ മതാദ്ധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

19 രാവിലെ, താമരശ്ശേരി രൂപത പെയിൻ ആന്റ് പാലിയേറ്റീവ് ജെറിയാട്രിക് കെയറിന്റെ രൂപത സമിതിയുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് ആശംസകളർപ്പിച്ചു.

ഉച്ചകഴിഞ്ഞ്, രൂപതാഭവനിൽ താമരശ്ശേരി രൂപത ആലോചനാ സമിതി യോഗത്തിൽ ആധ്യക്ഷം വഹിച്ചു.

വൈകുന്നേരം, ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓൺലൈൻ പാസ്റ്ററൽ കൗൺസിലിംഗ് ട്രെയിനിംഗ് സെഷൻ ഉദ്ഘാടനം ചെയ്തു.

20 രാവിലെ, കരുവാരക്കുണ്ട് ഇടവകയിൽ വി. കുർബാന അർപ്പിച്ചു. ഇടവകയുടെ നേതൃത്വത്തിൽ പുതുതായി നിർമ്മിച്ച ഒരു ഭവനം വെഞ്ചരിച്ചു. ഇടവകയുടെ നേതൃത്വത്തിൽ പുതുതായി നിർമ്മിച്ചുനൽകുന്ന ഭവനത്തിന് തറക്കല്ലിട്ടു.

കരുവാരക്കുണ്ട് ഫൊറോനയിലെ വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചവരെ അഭിസംബോധന ചെയ്തു.

കാളികാവ് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

വൈകുന്നേരം, പുതുപ്പാടി ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും

ഇടവകയെ സമ്പൂർണ്ണ മാതൃവേദി ഇടവകയായി പ്രഖ്യാപിക്കുകയും ചെയ്തു.

21 കാട്ടാങ്ങൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

22 രാവിലെ, തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ, അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്, അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ ഭൗതിക ദേഹം ദേവഗിരി പള്ളിയങ്കണത്തിലേക്ക് സ്വീകരിക്കുകയും പൊതു ദർശനത്തിനായി സ്ഥാപിക്കുകയും ചെയ്തു.


വൈകുന്നേരം, ക്രിസ്തുദാസി ജനറലേറ്റിൽ അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ സമാപന ഭാഗത്തിന് നേതൃത്വം നൽകി.

23 രാവിലെ, കല്ലാനോട് ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കുകയും ചെയ്തു. കല്ലാനോട് ഇടവകയിൽ പുതുതായി നിർമ്മിക്കുന്ന എൽ.പി. സ്കൂൾ കെട്ടിടത്തിന് തറക്കല്ലിട്ടു.

വൈകുന്നേരം, ഇടിവണ്ണ ഇടവകയിൽ പരേതയായ ഏലിക്കുട്ടി മുല്ലൂരിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു.

കക്കാടംപൊയിൽ ഇടവകയിൽ മതാധ്യാപകരുടെ തുടർ പരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

24 രാവിലെ, തലശ്ശേരി അതിരൂപതയിലെ കോടോപ്പള്ളി ഇടവകയിൽ പരേതനായ താമരശ്ശേരി രൂപതാ വൈദികൻ ജോസഫ് കാപ്പിലിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.



# POPE LEO XIV

## ANGELUS

## ON 21 SEPTEMBER 2025



The parable that we hear in today's Gospel (Lk 16:1-13) makes us reflect on our use of material goods and, in general, how we administer the most precious good of all, our very life.

In the story we see a steward summoned by the rich man for "an accounting" of his management. Here we are presented with an image that conveys something important: we are not the masters of our lives or of the goods we enjoy; everything has been given to us as a gift by the Lord, who has entrusted this to our care, our freedom, and our responsibility. One day we will be called to give an account of how we have managed ourselves, our possessions and the earth's resources – before both God and humankind, before society, and especially before those who will come after us.

Indeed, the steward in the parable, even while managing the dishonest wealth of this world, succeeds in finding a way to make friends, leaving behind the solitude of his own selfishness. How much more, then, must we, who are disciples living in the light of the Gospel, use the goods of this world and our very lives with a view to the true wealth, which is friendship with the Lord and with our brothers and sisters.

Dear friends, the parable invites us to ask ourselves: how are we managing the material goods, the resources of the earth and our very lives that God has entrusted to us? We can follow the way of selfishness, placing wealth above all else and thinking only of ourselves. But this isolates us from others and spreads the poison of competition, which often fuels conflict. Instead, we can recognize everything we have as a gift from God, to be managed and used as an instrument for sharing – to create networks of friendship and solidarity, to work for the common good, and to build a world that is more just, equitable and fraternal.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 30-09-2025 |



Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, issue 10, October 2025, Pages 80.